# അസ്വസ്ഥത

എം. പ്രസന്ന, I P. D. C.

രോഗിയുടെ അരികിൽനിന്നും പിന്തിരിഞ്ഞു വരുമ്പോൾ ഡോക്ടർ മനസ്സിൽ ഓർത്തു: ''ആറു മണിക്കൂറിനുള്ളിൽ മരണം സംഭവിച്ചേക്കാം.'' —ആ മരണത്തിൽ ഡോക്ടർക്കു പുതുമതോന്നിയില്ല. തിരക്കുപിടിച്ച ജീവിതത്തിലെ മനംമടുപ്പിക്കുന്ന സംഭവങ്ങൾ. സാരിത്തലപ്പുകൊണ്ടു് മുഖം തുടച്ചു മുറിയിൽവന്നു കിടന്നു. അപ്പോൾ മനസ്സിൽ കരുതി—''ഇനി വയ്യ. ആവുംവിധം ചെയ്തു. ഇനി മരിക്കട്ടെ. മുപ്പത്തഞ്ചു വർഷം പിന്നിട്ട ജീവിതത്തിനു് മരണം അവസാനബിന്ദുവായി കിടക്കട്ടെ.'' ബെഡ്ഡിലെ പൊടികൾ തട്ടിക്കളയുന്നതിന്നിടയിൽ ചുമരിലെ കണ്ണാടിയിലേക്കു നോക്കി. വാടിത്തളർന്ന മുഖവും, കുഴിഞ്ഞ കണ്ണുകളും, യൌവനം പിന്നിട്ട തലമുടിയും കണ്ടപ്പോൾ മനസ്സിൽ നേരിയ ഞെട്ടൽ അനുഭവപ്പെട്ടു—അതോടൊപ്പംതന്നെ മനസ്സിൽ ദുഃഖത്തിന്റെ നേരിയ അലയടിയും. വർഷങ്ങളോളം സന്തോഷത്തിന്റെ മൂടുപടങ്ങൾകൊണ്ടു അണിയിച്ചൊരുക്കിയ സംഭവങ്ങൾക്കുമുമ്പിൽ വർഷങ്ങൾക്കു ശേഷം തലകുനിക്കേണ്ടിവന്നു. അസ്വസ്ഥതയോടെ കിടക്കയിലേക്കു ചെരിഞ്ഞപ്പോൾ വാതിലിൽ മുട്ടുകേട്ടു—നേഴ്സായിരിക്കും. പതിനൊന്നാം വാർഡിലെ അഞ്ചാംനമ്പർ ബെഡ്ഡിലെ രോഗിക്കു കൂടുതലായിരിക്കും. വാതിൽ തുറന്നില്ല. അനങ്ങാതെ കിടന്നു. ''നാശം, എത്രവണ പറഞ്ഞു ഇനി യാതൊരു വഴിയുമില്ലെന്നു്.''

പുറത്തേക്കു കണ്ണുനട്ടു കിടന്നു. പ്രകൃതി സുന്ദരമാണു്. പക്ഷെ, ഹൃദയം അസ്വസ്ഥമാണു്. പുറത്തു നിലത്തു് ചെരിപ്പമർത്തിച്ചവിട്ടുന്ന ശബ്ദംകേട്ടു. നേഴ്സ് ദ്വേഷ്യംവന്നു തിരിച്ചുപോവുകയായിരിക്കും. തനിക്കെന്തേ സംഭവിച്ചതു്? ഈ അസ്വസ്ഥതയ്ക്കു് കാരണമെന്താണു്? ഓർമ്മകൾ ഇരച്ചുകയറി. തുടുത്ത മുഖവും വിടർന്ന കണ്ണുകളും നീണ്ട നാസികയുമുള്ള, അപരിഷ്കൃതമായ നാട്ടിൻപുറത്തെ പാമ്പിൻകാവിലും അരയാൽത്തറയിലും ഓടിനടന്ന സുമക്കുട്ടി! നാട്ടിൻപുറത്തെ സാമൂഹ്യാചാരങ്ങളിലും മതിൽക്കെട്ടുകളിലും ഒതുങ്ങിനിന്ന പെൺകുട്ടി. ഏകാദശിനോമ്പെടുത്തു് നിവേദ്യച്ചോറെടുത്തു് അമ്പലത്തിൽ പോകാറുള്ള സുമക്കുട്ടി! മുത്തശ്ശി സന്ധ്യാനാമം ചൊല്ലാൻപോകുന്ന തക്കംനോക്കി പാമ്പിൻകാവിന്റെ മറുവശത്തുപോയി നിൽക്കാറുള്ള സുമക്കുട്ടി! അമ്പലക്കുളത്തിൽനിന്നും കുളിച്ചുവരുന്ന ജയേട്ടന്റെ വരവുംകാത്തുനിൽക്കാറുള്ള സുമക്കുട്ടി. ബന്ധങ്ങളിൽനിന്നു ഉടലെടുത്ത പ്രേമം. തികച്ചും അനാസ്ഥയുടെ മൂടുപടമണിഞ്ഞു് തകർന്നുവീണ പ്രേമം.

''സുമക്കുവേണ്ടി ഞാൻ എത്രകാലം വേണമെങ്കിലും കാത്തിരിക്കാം.''

പിന്നൊരിക്കൽ—''ഈ ഹൃദയംമാത്രം മതി സുമേ എനിക്കു്. പറയൂ . . . . ഞാനെന്റേതുമാത്രമെന്നാശ്വസിക്കട്ടെ.''

മറ്റൊരിക്കൽ—''എന്താ കുട്ടീ, ഇത്ര ഭയം. എല്ലാംകൊണ്ടും അനുഗൃഹീതരാണു് സുമേ നമ്മൾ. വീട്ടുകാർക്കും സമ്മതം . . . .''

ജയേട്ടന്റെ കോപം കാണാൻ മൌനംനടിച്ചിരിക്കും. അപ്പോൾ — ''എന്താ സുമക്കുട്ടി

ഒന്നും മിണ്ടാത്തെ, നാക്കെറങ്ങിപ്പോയോ" കണ്ണുകളിൽ കുസൃതി നടിച്ചുകൊണ്ട് പറയും: "ഞാൻ സുമക്കുട്ടിയല്ല."

"എന്നാൽ ചുണക്കുട്ടീന്നു വിളിക്കാം."

കാലം കൊഴിഞ്ഞപ്പോൾ, മുത്തശ്ശി പറഞ്ഞു: "എന്തിനാ സുമക്കുട്ടീ എപ്പോഴും ജയനുമായി നടക്കുന്നെ—വഴിതെറ്റുന്ന പ്രായാണ്." ഒന്നും മിണ്ടാതെ തലകുനിച്ചിരിക്കുമ്പോൾ ജയേട്ടൻ പറയും: "അതിനു മുത്തശ്ശിക്കെന്താ—ഞങ്ങൾ ...."

മുഴമിക്കുന്നതിനുമുമ്പുതന്നെ മുത്തശ്ശി പറയും: "മതി മതി. അധികായിപ്പോകരുതെന്നേ ഞാൻ പറയുന്നുള്ളു."

സന്ധ്യയിലെ ഇളംകാറ്റിൽ അലിഞ്ഞുചേർന്ന് ഭാവികാര്യങ്ങൾ ചർച്ചചെയ്യുമ്പോൾ മുത്തശ്ശി വിളിച്ചുപറയും—

"സുമക്കുട്ട്യേ സന്ധ്യായ്. ഇങ്ങോട്ടു പോരൂ. വല്ല ജന്തുക്കളുംവന്ന് കിടക്ക്ന്നുണ്ടാവും."

ഉത്സവകാലത്ത് അമ്പലമുറ്റത്തിൽ പോയിരുന്ന് മഞ്ഞുകൊള്ളുമ്പോൾ മുത്തശ്ശി അമ്മയോടായ് പറയും—

"ആ കുട്ടിക്ക് മഞ്ഞുകൊണ്ട് വല്ല സുഖക്കേടും പിടിക്കും. ദൈവത്തെ പ്രാർത്ഥിച്ച് ഇങ്ങട്ട് പോന്നാപ്പോരെ."

എഴുന്നള്ളത്ത് കാണാൻ രാത്രിയിൽ ഉറക്കിളച്ചുകൂടി. സന്ധ്യക്ക് ഒരുങ്ങുമ്പോൾ മുത്തശ്ശി പറയും —"സുമക്കുട്ട്യേ, മതിട്ടൊ ചമഞ്ഞതൊക്കെ. സന്ധ്യനേരാണ്." മഞ്ഞുകൊള്ളാതിരിക്കാൻ അച്ഛന്റെ ടർക്കിടവ്വലെടുത്തിറങ്ങുമ്പോൾ മുത്തശ്ശി വീണ്ടും പറയും. അമ്മയോടായിരിക്കും —"സുമക്കുട്ട്യേ നോക്കിക്കോണേ. സന്ധ്യാസമയാണ്." അമ്പലത്തിലെത്തിക്കഴിഞ്ഞാൽ, കണ്ണുകൾ ആൾക്കൂട്ടത്തിന്നിടയിൽ സഞ്ചരിക്കും. മരംകോച്ചുന്ന തണുപ്പിലെ ചെണ്ടമേളങ്ങൾക്കിടയിൽ ശ്രദ്ധ ഒതുക്കാൻ കഴിയില്ല. പെട്ടെന്നായിരിക്കും പിന്നിൽനിന്നും വിളി. "സുമേ"

വാതിലിൽ വീണ്ടും മുട്ടുകേട്ടു. നേഴ്സായിരിക്കും. മെല്ലെയെഴുന്നേറ്റു വാതിൽ തുറന്നു. ചോദ്യഭാവത്തിൽ മുഖമുയർത്തിയപ്പോൾ—

"ഡോക്ടർ, ആ പേഷ്യൻറിന്നൽപ്പം സീരിയസ്സാണ്."

ഹൃദയത്തിൽ സഹതാപം പൊങ്ങിയില്ല. മനസ്സ് ശൂന്യമാണ്. മരവിച്ചിരിക്കുന്നു. പന്ത്രണ്ട് വർഷത്തെ സേവനത്തിനുശേഷം ക്രൂരത സദാ ഹൃദയത്തിൽ സ്ഥാനംപിടിച്ചിരിക്കുന്നു. നൈരാശ്യംബാധിച്ച ജീവിതം നിർവ്വികാരത നിറഞ്ഞതാണ്. ഒന്നും മിണ്ടാതെ തിരിഞ്ഞുനടക്കുന്നതിന്നിടയിൽ പറഞ്ഞു — "പോകൂ, ഞാൻ പറഞ്ഞില്ലേ, ആറ് മണിക്കൂറിന്നുള്ളിൽ അയാൾ മരിക്കുമെന്ന്." നേഴ്സ് മിഴിച്ചുനോക്കി. ഡോക്ടർക്കെവിടന്നേ ഈ തത്വജ്ഞാനം ലഭിച്ചു? നിരാശയോടെ തിരിച്ചുനടക്കുന്നതിന്നിടയിൽ കേട്ടു.—"ഈ ഡോക്ടർക്കെന്തുപറ്റി?" രോഗിയുടെ ഞരക്കം ഉയർന്നു കേട്ടു. മരണത്തിന്റെ വെപ്രാളം. ചെവി കൊട്ടിയടക്കാൻ തോന്നി. ഒരിക്കലും അനുഭവപ്പെടാത്ത അസ്വസ്ഥത. വീണ്ടും ഹൃദയത്തിൽ തേട്ടിവന്നു—"തനിക്കെന്തുപറ്റി. ഈ അസ്വസ്ഥതക്കെന്തേ കാരണം?" ഉത്തരം ലഭിക്കാത്ത ചോദ്യം. പഴകിയ ഡെറ്റോളിന്റെയും ടിഞ്ചറിന്റെയും മണം പൊങ്ങിവന്നു. വല്ലാത്ത ദുർഗ്ഗന്ധം. ഹൃദയം നിറയെ മുറിവുകളാണ്. ഉണങ്ങാത്ത മുറിവുകൾ. ഭാവിയിലെ സ്വപ്നങ്ങൾ ഇന്നു ഭൂതകാലത്തിലേക്കുമടങ്ങുന്നു. അന്ത്യമില്ലാത്ത യാത്ര.

ഒരിക്കൽ—ഏപ്രിൽ മാസത്തെ ഉച്ചവെയിലിൽ ജയേട്ടനുമൊത്തു മാളികമുറിയിലെ മുറിയിൽ തനിയെ ഇരുന്നപ്പോൾ .... "കുട്ടീ, നീ എന്തു സുന്ദരിയാണ്. നിന്റെ കണ്ണുകൾക്കെന്തഴകാണ്."

"വേണ്ടാട്ടോ ജയേട്ടാ. കളിയാക്കാതെ."

പിന്നൊരിക്കൽ—"സുമേ, ഇനി ഞാനെത്തുനാൾ കാത്തിരിക്കണം."

"ഞാനൊരു ഡോക്ടറാവുന്നതുവരെ."

"ഡോക്ടറായാൽ എൻെറ രോഗം മാററാൻ കഴിയില്ലെ?"

"തീർച്ചയായും."

പിന്നൊരിക്കൽ വിടർന്ന കണ്ണുകളോടെ ചുംബിക്കാനടുത്തപ്പോൾ — "വേണ്ടാട്ടൊ–ജയേട്ടാ—ഞാൻ മുത്തശ്ശിയോടു പറഞ്ഞുകൊടുക്കും. ഇതിനുവേണ്ടിയാണോ ജയേട്ടനെന്നെ സ്നേഹിക്കുന്നതു്?" മിഴികളിൽ കണ്ണുനീർ നിറഞ്ഞുനിന്നപ്പോൾ.... ജയേട്ടൻെറ കൈകൾകൊണ്ടു കണ്ണുനീർ തുടച്ചുനീക്കിയപ്പോൾ– "ഇനി ഞാനെൻെറ സുമക്കുട്ട്യേ ഒന്നും ചെയ്യില്ല. അറിയാതെ തെററുപററിയതാണു്."

ആശ്വാസവാക്കുകൾ കേട്ടു പൊട്ടിച്ചിരിച്ചപ്പോൾ—"സുമ ഒരു മണ്ടിപ്പെണ്ണാണു്."

മകരത്തിലെ മരംകോച്ചുന്ന തണുപ്പുകൾ കടന്നുപോയി. പടിക്കലെ മൂവാണ്ടൻമാവു് പല പ്രാവശ്യം പൂത്തുതളിർത്തു. ജൂൺ മാസത്തിലെ മിഴിവുററ സുപ്രഭാതത്തിൽ ട്രെയിനിലെ ആൾത്തിരക്കുകുറഞ്ഞ കംപാർട്ടുമെൻറിൽ ചാരിയിരുന്നു് ജയേട്ടനോടു യാത്രചോദിച്ചു. അന്നു്—സുമേ സൂക്ഷിക്കണം—മദ്രാസ് സിററിയാണു്. ആഴ്ചയിലൊരെഴുത്തുവീതമെങ്കിലും അയക്കണം."

വിരഹത്തിൻെറ കയ്പുള്ള ഹൃദയത്തിൽ മറുപടിയുണ്ടായില്ല. നിറഞ്ഞ കണ്ണുകളോടെ കൈവീശിയപ്പോൾ ഹൃദയത്തിൽ തേങ്ങൽ അനുഭവപ്പെട്ടു. മദ്രാസ്സിററിയിലെ തിരക്കിൽ സൂക്ഷിച്ചു ജീവിച്ചു. ഫ്രാങ്കിൻെറയും ജോണിൻെറയും കുസൃതി നിറഞ്ഞ നോട്ടങ്ങളിൽനിന്നൊഴിഞ്ഞുമാറി. "മലയാളത്തിൻെറ കന്യക"യെന്നു് പേരിട്ടപ്പോൾ ഹൃദയം പുഞ്ചിരിച്ചു. കൂട്ടുകാരികളുടെ മിനിസ്കർട്ടിലും പാശ്ചാത്യവസ്ത്രങ്ങളിലും ശ്രദ്ധിക്കാതെ നാടൻ വോയൽസാരിയിൽ ഒതുങ്ങിക്കൂടി. അമ്മയുടെ എഴുത്തു് ശ്രദ്ധയോടെ വായിച്ചു. "മോളെ, സൂക്ഷിക്കണം — പട്ടണമാണു്." ജയേട്ടൻെറ എഴുത്തു് വികാരം നിറഞ്ഞ ഹൃദയത്തോടെ വായിച്ചു. "ശ്രദ്ധിക്കണം—വഴിതെററരുതു്. വിരഹത്തിൻെറ നിറഞ്ഞ ഏകാന്തതയിൽ ഹൃദയത്തിൽ നീ മാത്രം തങ്ങിനില്ക്കുന്നു. ഭാവിയെക്കുറിച്ചു മധുരസ്വപ്നങ്ങൾകൊണ്ടു മണിക്കൂറുകൾ തള്ളിവിടുന്നു."

എങ്ങും ശ്രദ്ധിച്ചില്ല. കാലിടറിയില്ല. മനസ്സു പതറിയില്ല. അർദ്ധരാത്രിയിലെ മനംമടുപ്പിക്കുന്ന മണിക്കൂറുകൾ നൈററ്ക്ലബ്ബിലും സർക്കസ്ക്യാമ്പിലും ചെലവഴിച്ചില്ല. വെക്കേഷനു് കൃത്യമായി വീട്ടിൽപോയി.

"മോളെ, ഇനി നിൻെറയും ജയൻെറയും കല്യാണം അങ്ങു നടത്തിത്തരാം. എന്നിട്ടു മതി പഠിപ്പൊക്കെ."

"ഈ മുത്തശ്ശിക്കെന്താ—ഇനിയും രണ്ടുവർഷം കൂടിയല്ലെ ഉള്ളു." "രണ്ടു വർഷത്തിനുശേഷം സുമ ഒരു ഡോക്ടറാവും. ആ മിഴിവുററ ദിനങ്ങളിൽ നമ്മുടെ വിവാഹം...." ജയേട്ടൻ വീണ്ടും വീണ്ടും ഓർമ്മിപ്പിച്ചു. മെയ്മാസത്തിലെ സുപ്രഭാതത്തിൽ നിർവ്വികാരതയോടെ മദ്രാസ്സിററിയോടു് യാത്രചോദിച്ചപ്പോൾ ഫ്രാങ്കും ജോണും പറഞ്ഞു. "ഞങ്ങളുടെ മലയാളത്തിൻെറ കുട്ടി പോവാണു്"—വെറുതെ പുഞ്ചിരിച്ചു. ഗ്രാമപ്രദേശത്തെ ഒഴിഞ്ഞ കോണിൽനിന്നും പട്ടണത്തിലെ തിരക്കുപിടിച്ച കോണിൽ സ്വന്തമായ് നേഴ്സിംഗ് ഹോം ആരംഭിച്ചപ്പോൾ അഭിമാനംതോന്നി. ഗ്രാമത്തിലെ കേൾവികേട്ട വീട്ടിലെ പാമ്പിൻകാവിൽനിന്നും അമ്പലമുററത്തുനിന്നും ഒഴിഞ്ഞുമാറി പുതിയ ജീവിതം ആരംഭിച്ചപ്പോൾ വിവാഹം പുതുമയുള്ളതായി തോന്നിയില്ല. തിരക്കുപിടിച്ച ജീവിതത്തിൽ പണത്തിനു കൂടുതൽ സ്ഥാനം കൊടുത്തു. പണസമ്പാദനം ഹോബിയായി തോന്നി. മുത്തശ്ശിയുടെ ഉപദേശങ്ങളും, അമ്മയുടെ എഴുത്തുകളും പഴങ്കഥകളായി തോന്നി. ജയേട്ടൻെറ വികാരമുററുന്ന എഴുത്തുകൾ നിർവ്വികാരതയോടെ വായിച്ചു. കടമ നിർവ്വഹിക്കാൻ വല്ലപ്പോഴും നാട്ടിൽ പോയി.

"സുമേ—ഇനിയെന്തിനാ കല്യാണം നീട്ടുന്നേ—അതുടനെയങ്ങു നടത്താം" — മുത്തശ്ശിയുടെ ഒടുങ്ങാത്ത ആഗ്രഹം.

''കുറച്ചുകൂടി കഴിയട്ടെ. ജയേട്ടാ—അതുവരെ കാത്തിരിക്കണം.''

''നീയിനി കിഴവിയായിട്ടാണോടി കല്ല്യാണം കഴിക്കുന്നത്''' — അമ്മയുടെ വാക്കുകൾ കേട്ടില്ലെന്നു നടിച്ചു.

നേഴ്സിംഗ് ഹോമിലെ ബഹളംനിറഞ്ഞ അന്തരീക്ഷത്തിൽ പലതും മറന്നു . . . . പക്ഷെ, മനസ്സുപതറിയില്ല. വായിക്കാൻ മറന്നുപോയ എഴുത്തുകൾ രാത്രിയുടെ ഏകാന്തതയിൽ മടുപ്പോടെ വായിച്ചു. ''സുമേ—ഇതു വയ്യ. ഈ ജീവിതം മടുത്തു.''

പിന്നൊരിക്കൽ— ''സുമേ — ഈ ഏകാന്ത ജീവിതത്തിന്നെന്നാണൊരന്ത്യം.''

പിന്നൊരിക്കൽ — '' സുമേ — നീയൊരു ഡോക്ടറായപ്പോൾ നിന്നിലെ ചുണക്കുട്ടി പോയി മറഞ്ഞോ. നിൻെറ വാഗ്ദാനങ്ങളും, മധുരസ്വപ്നങ്ങളും, എൻെറ ഏകാന്തജീവിതവും എവിടെ?''

മററൊരിക്കൽ — ''സുമേ — മതി നിൻെറ ഈ സേവനം. പണത്തിനുവേണ്ടിയാണോ? ആർക്കുവേണ്ടി? ഇതാണോ സ്നേഹം?''

മററൊരിക്കൽ—''സുമേ —ജീവിതത്തിലെ കുറഞ്ഞ സമയങ്ങൾ കടന്നുപോകുന്നു. കിഴവനായിക്കഴിഞ്ഞു് വിവാഹിതനാവാൻ ഞാനാഗ്രഹിക്കുന്നില്ല സുമേ. ഇതിന്നൊരവസാനമില്ലേ.''

മററൊരിക്കൽ — ''നിന്നെ സ്നേഹിച്ചതിനുള്ള ശിക്ഷയോ ഇതു്?''

പിന്നൊരിക്കൽ—മറുപടിയില്ലാത്ത നീണ്ടുപോയ എഴുത്തുകൾക്കുശേഷം . . . . ''ഇനി വയ്യ സുമേ. ഏതൊരു ഹൃദയത്തിന്നും താങ്ങാൻ വയ്യാത്തതാണിതു്. ഹൃദയം നിറഞ്ഞുനിന്നിട്ടും നിന്നെ ഞാനൊരിക്കലും നശിപ്പിച്ചില്ല. കാത്തിരിക്കുകമാത്രം ചെയ്തു. എന്നിട്ടും . . . . സുമേ നിൻെറ തീരുമാനം എനിക്കറിയണം.''

പിന്നൊരിക്കൽ . . . ''സുമേ, അവസാനം ഞാൻ തീരുമാനിച്ചിരിക്കുന്നു. വിവാഹിതനാവാൻ നീ അനുഗ്രഹിക്കുമല്ലോ.''

അവസാനം . . . സ്വർണ്ണലിപികളിൽ അച്ചടിച്ച ഇൻവിറേറഷൻ കാഡ് . . . മി. ജയൻ വിത്ത് മിസ്സ് രമണി.''

''രമണി''—ഹൃദയത്തിൽ വേദന അനുഭവപ്പെട്ടു. കറുത്തുമെലിഞ്ഞ വിരൂപിയായ പെൺകുട്ടി. സ്ത്രീഹൃദയം പിടഞ്ഞു. പൊട്ടിക്കരഞ്ഞു.

ഏകാന്തതനിറഞ്ഞ ദിവസങ്ങൾ . . .അസ്വസ്ഥതനിറഞ്ഞ ഹൃദയം. വർഷങ്ങൾക്കുശേഷം ജയേട്ടന്നെഴുതി . . . . ''തെററ് ഞാൻ മനസ്സിലാക്കുന്നു. മാപ്പപേക്ഷിക്കുന്നു. ഒരിക്കലും മാപ്പ് തരുമെന്നു് പ്രതീക്ഷിക്കുന്നില്ല. കറുത്തു് മെലിഞ്ഞ ആ പെൺകുട്ടി—ജയേട്ടൻെറ ഭാര്യയായതിൽ ഞാനാണുത്തരവാദി'' . . . മറുപടി വന്നു . . . ''സുമേ, നീ വഞ്ചകിയാണു്. ഇന്നു് ഞാൻ സന്തുഷ്ടനാണു്. കറുത്ത ശരീരത്തിലെ വെണ്മയേറിയ ഹൃദയത്തെ ഞാൻ സ്നേഹിക്കുന്നു. ഇനിയെങ്കിലും നീ ഞങ്ങളുടെ ജീവിതത്തിൽ ശ്രദ്ധിക്കരുതു്.''

ഒന്നും ശ്രദ്ധിച്ചില്ല. ജീവിച്ചു . . . ഏകാന്തതയിൽ. മനസ്സുപതറാതെ . . . കാലിടറാതെ. രാത്രിയിലെ ഏകാന്തതയിൽ ബെഡ്ഡിൽ കമിഴ്ന്നുകിടന്നു കരഞ്ഞു. ആകാശത്തിലെ നക്ഷത്രങ്ങളെ എണ്ണി. കടലിലെ ഓളങ്ങൾനോക്കി ചിരിച്ചു.

വാതിലിൽ വീണ്ടും മുട്ടുകേട്ടു. വല്ലാത്ത ദാഹം. കൂജയിൽനിന്നും വെള്ളമെടുത്തു കുടിക്കുമ്പോൾ കൈ വിറച്ചു. തിരിച്ചുവന്നു വാതിൽ തുറന്നപ്പോൾ— ''ഡോക്ടർ— ആ പേഷ്യൻറ് മരിച്ചു'' — നിരാശതോന്നിയില്ല. പക്ഷെ നേഴ്സിൻെറകൂടെ നടന്നകന്നപ്പോൾ ഹൃദയത്തിൽ അസ്വസ്ഥത തങ്ങിനിന്നു.

# ഏഴാമത്തെ രാത്രി

**കെ. ടി. അബ്ദുറഹ്മാൻ തങ്ങൾ, II ബി. കോം.**

ബെഡ്ഡിൽ എഴുന്നേററിരുന്നു ജാലകത്തിലൂടെ പുറത്തേക്കു് നോക്കി. മിന്നുന്ന നക്ഷത്രങ്ങൾ നിറഞ്ഞ ആകാശം. നോക്കരുതായിരുന്നു. അതു് കാണുമ്പോൾ വേദനനിറഞ്ഞ ഓർമ്മകൾ മനസ്സിലേക്കൊഴുകിവരികയാണു്.

മിസ്. വാജിദാ അക്തർ.

—അവരെക്കുറിച്ചുള്ള ദുഃഖസമ്പൂർണ്ണമായ സ്മരണകൾ. ഓർക്കുമ്പോൾ വിവരണാതീതമായ വേദനയുണ്ടു്; ഹൃദയത്തിൽ ആരോ കൊളുത്തിട്ടു് വലിക്കുന്നതുപോലെ.

ആറു ദിവസങ്ങൾക്കുമുമ്പ്—അന്നത്തെ ദിവസം തുടങ്ങിയതു തന്നെ ഹൃദയത്തെ നടുക്കുന്ന ആ വാർത്തയറിയിച്ചുകൊണ്ടായിരുന്നു. സിസ്റ്റർ വാജിദ യുദ്ധമുന്നണിയിൽവെച്ചു മരണമടഞ്ഞിരിക്കുന്നു. മുന്നണിപ്രദേശങ്ങളിലേക്കു് പോയ നഴ്സുമാരുടെ സ്ക്വോഡ് ലീഡറായിരുന്നു അവർ. തലേന്നുരാത്രി ഭാരതത്തിനു സിദ്ധിച്ച വമ്പിച്ച വിജയത്തിൽ—ജസ്സോർ പിടിച്ചടക്കിയതിൽ—എല്ലാവരും ആഹ്ലാദിച്ചു. ഒരു ഹോസ്പിററലാണിതെന്നു് ആർക്കും തോന്നുമായിരുന്നില്ല. എങ്ങും സന്തോഷത്തിൻെറ അലകളായിരുന്നു. പിറേറന്നു് ആ ദുഃഖവാർത്ത കേൾക്കേണ്ടിവരുമെന്നു് ആരും പ്രതീക്ഷിച്ചില്ല. കേട്ടവരുടെയെല്ലാം മുഖമിരുണ്ടു. എല്ലാവർക്കും പ്രിയങ്കരിയായിരുന്ന സിസ്റ്റർ വാജിദ മുന്നണിയിൽവെച്ചു വീരമൃത്യുവരിച്ചിരിക്കുന്നു.

പ്രിയപ്പെട്ട വാജിദാ നിങ്ങളുടെ വാക്കുകൾ ഞാനിപ്പോഴും ഓർക്കുന്നു: "വിധിയോടു് പൊരുതുന്ന ആൾക്കേ ജീവിതത്തിൽ വിജയം വരിക്കാനൊക്കൂ!"

എത്രയോ പട്ടാളക്കാരുടെ തളന്ന മനസ്സുകൾക്കു് അതാശ്വാസം നല്കിയിട്ടുണ്ടു്. പക്ഷെ . . . .

സ്വന്തം വിധിയോടു് പൊരുതിജയിക്കാൻ നിങ്ങൾക്കു് കഴിഞ്ഞില്ല.

വാജിദയെ ആദ്യം കണ്ടതു് ഇപ്പോഴും ഓർമ്മയുണ്ടു്.

അതൊരു ബുധനാഴ്ചയായിരുന്നു. യുദ്ധം അതിൻെറ പ്രാരംഭദശയിൽനിന്നു വിട്ടിരുന്നില്ല. അമൃതസാരിനടുത്തുള്ള 'ഗോബിന്ദ്പൂർ' ലക്ഷ്യമാക്കി നീങ്ങാൻ പെട്ടെന്നു കല്പനകിട്ടി. ഗണ്ണും, കിററ്ബാഗും, വാട്ടർബോട്ടിലുമെടുത്തു് കൂട്ടുകാരോടൊപ്പം "മൂവ്" ചെയ്യുകയായിരുന്നു. ഒരു നാഴികയിലധികം പിന്നിട്ടുകാണും. ഒരു കുററിക്കാടിനടുത്തു് ട്രക്ക് നിറുത്തി അല്പം വിശ്രമിക്കുകയായിരുന്നു. വാട്ടർബോട്ടിലുകൾ തുറന്നു ദാഹം ശമിപ്പിച്ചു.

പെട്ടെന്നാണതു് സംഭവിച്ചതു്. ആദ്യം തലക്കുമുകളിൽ ഒരിരുട്ടു് പ്രത്യക്ഷപ്പെട്ടു. പിന്നെ ഒരു ഭയങ്കരൻ ശബ്ദവും കേട്ടു.

പിന്നെ നടന്നതൊന്നും ഓർമ്മയുണ്ടായിരുന്നില്ല.

കണ്ണുതുറന്നപ്പോൾ അമൃതസാരിലെ മിലിററി ഹോസ്പിററലിലെ വെള്ളച്ചായമിട്ട സീലിങ്ങാണു് കണ്ടതു്. ചുററും കുറച്ചുപേർ നിൽക്കുന്നുണ്ടായിരുന്നു. ആകാംക്ഷാഭരിതമായ

മുഖങ്ങളോടെ. അക്കൂട്ടത്തിൽ ഒരു നഴ്സിനെ പ്രത്യേകം ശ്രദ്ധിച്ചു. മെലിഞ്ഞുനീണ്ട ശരീരം —പറയത്തക്ക സൌന്ദര്യമൊന്നുമില്ലെങ്കിലും; ആ മുഖത്തൊരു ദിവ്യപ്രകാശമുണ്ടായിരുന്നു.

മെല്ലെ ചുണ്ടുകൾ തുറന്നു മന്ത്രിച്ചു: 'വെള്ളം'

കേട്ട ഉടനെ ഓടിയതു് ആ നഴ്സായിരുന്നു. അതുകൊണ്ടുതന്നെ അവരോടു് പ്രത്യേകതാല്പര്യം തോന്നി.

കൊണ്ടുവന്ന വെള്ളം മുഴുവനും കുടിച്ചു തീർത്തു.

ശരീരം മുഴുവനും ഭയങ്കരവേദന തോന്നുന്നുണ്ടായിരുന്നു. കഴുത്തുവരെ മൂടിയിട്ടിരുന്ന നീല പുതപ്പു് മെല്ലെ കൈകൊണ്ടു് പൊക്കിനോക്കി.

അതു് കണ്ടപ്പോൾ ഉറക്കെ പൊട്ടിക്കരഞ്ഞു പോയി.

വലത്തേ കാൽമുട്ടിനുതാഴെവെച്ചു അവസാനിക്കുന്നു!

പാക്ക്സേനയുടെ അപ്രതീക്ഷിതമായ ആ ബോംബാക്രമണം തന്റെ വലതു്കാൽ നഷ്ടപ്പെടുത്തിയിരിക്കുന്നു.

അന്നു് രാത്രി പാലുംകൊണ്ടു് വന്നപ്പോഴാണു് വാജിദയെ പരിചയപ്പെട്ടതു്. സ്വദേശം: ലക്നോ. മതത്തിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ടുമാത്രം കാര്യങ്ങളെ വീക്ഷിക്കുന്ന ലക്നോയിലെ ഒരു പുരാതനമുസ്ലിംകുടുംബത്തിലെ അനേകമംഗങ്ങളിലൊരുവൾ—പഴയ പ്രതാപത്തിന്റെ സ്മരണകൾമാത്രം അയവിറക്കിക്കഴിയുന്ന പിതാവു്. കുടുംബകാര്യങ്ങളോർത്തു് തീ തിന്നുന്ന മാതാവു്. സ്ത്രീകൾക്കു് സ്വാതന്ത്ര്യത്തിന്റെ എല്ലാ വാതിലുകളും കൊട്ടിയടക്കാൻ വെമ്പൽക്കൊള്ളുന്നവരുള്ള ആ തറവാട്ടിൽനിന്നും അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും മുള്ളുവേലിക്കു് പുറത്തു് ചാടി, എല്ലാവരും അകാരണമായി വെറുത്തിരുന്ന നേഴ്സിങ്ങ് എന്ന ജോലിയിലെത്തിച്ചേർന്ന നിങ്ങളുടെ മനോധൈര്യം ഞാനൊരിക്കലും വിസ്മരിക്കയില്ല—നഴ്സിങ്ങ് നിങ്ങളുടെ പ്രിയപ്പെട്ട ജോലിയായിരുന്നു. വേദനയുടെ സമുദ്രത്തിൽ നീന്തുന്ന മനുഷ്യാത്മാവുകൾക്കു് ആശ്വാസം പകരുക; നിങ്ങളുടെ സന്തോഷം, രോഗിയുടെ ചിരിക്കുന്ന മുഖമായിരുന്നു.

പ്രിയപ്പെട്ട വാജിദാ—നിങ്ങളെന്നെ സാന്ത്വനപ്പെടുത്തിയതു്, എനിക്കാത്മധൈര്യം പകന്നുതന്നതു്, എനിക്കു് പുനർജ്ജന്മം നല്കിയതു് ഞാനെങ്ങിനെ വിസ്മരിക്കും?

ഹോസ്പിററലിലുള്ള ഓരോ ജവാന്മാർക്കും നിങ്ങളെ വലിയ കാര്യമായിരുന്നു. മററു നഴ്സുമാരുടെ സാമീപ്യത്തേക്കാൾ വാജിദയുടെ സാമീപ്യം എല്ലാവരും ഇഷ്ടപ്പെട്ടു. നിങ്ങളുടെ സമയം നിങ്ങളെല്ലാവർക്കുമായി വീതിച്ചു. പുഞ്ചിരിക്കുന്ന മുഖത്തോടെ സിസ്റ്റർ നടന്നടുക്കുമ്പോൾ ഓരോരുത്തരും സന്തോഷിക്കുന്നു. മരുന്നു പകർന്നുകൊടുത്തു്, ചാർട്ടെഴുതി, അല്പനേരത്തെ കുശലപ്രശ്നത്തിനുശേഷം യാത്രപറയുമ്പോൾ മുഖം കറുക്കുന്നു—പിന്നെ ചെറിയൊരു പരാതിയും:

''സിസ്റ്റർക്കു് എന്റെയടുത്തുനിന്നും പോകാനെന്താണിത്ര തിടുക്കം?''

സ്വതഃസിദ്ധമായ പുഞ്ചിരിയോടെ സിസ്ററർ പറയും; ''എന്തുചെയ്യും സാബ്, എനിക്കു് നിങ്ങളെ വലിയകാര്യമാണു്. പക്ഷെ നിങ്ങളെപ്പോലെതന്നെ നോക്കേണ്ട മററനേകംപേരുണ്ടല്ലോ!''

ആ ഉത്തരം എല്ലാവരെയും സംതൃപ്തരാക്കിയിരുന്നുവോ?

പക്ഷെ ഒരു കാര്യം തീർച്ചയായിരുന്നു. സിസ്റ്റർക്കെന്നോടു് വലിയ കാര്യമായിരുന്നു. കൂട്ടത്തിൽവെച്ചു ഏററവും നല്ല ഓറഞ്ചും, ആപ്പിളും നിങ്ങളെനിക്കു് പ്രത്യേകം എടുത്തുവച്ചിരുന്നു. കോർട്ടേഴ്സിലുണ്ടാക്കുന്ന പലഹാരങ്ങൾ നിങ്ങളെനിക്കു് ആരും കാണാതെ കൊണ്ടുവന്നുതന്നിരുന്നു. പലപ്പോഴും ഇതുകാരണം നിങ്ങൾ സ്നേഹിതകളുടെ പരിഹാസത്തിനു പാത്രമായിരുന്നിട്ടുകൂടി.

രണ്ടു ദിവസങ്ങൾക്കുശേഷം വീട്ടിൽനിന്നും പെങ്ങളുടെ കത്തു് വന്നപ്പോൾ, അതു് വായിക്കുവാൻ തിടുക്കമെനിക്കായിരുന്നുവെങ്കിലും, കാര്യങ്ങളറിയാൻ എന്നെക്കാളേറെ തിടുക്കം നിങ്ങൾക്കായിരുന്നു. കത്തു് വായിച്ചപ്പോൾ പൊട്ടിക്കരഞ്ഞുപോയി. അനുജത്തിക്കു് കോളേജിലടക്കാൻ എക്സ്ക്കർഷൻ ഫീസ് വേണം, അനുജനു ഷർട്ടിങ്ങ് വേണം, അമ്മക്കു് മരുന്നിനു പണം വേണം അങ്ങനെ നൂറുകൂട്ടം ആവശ്യങ്ങളും പരാതികളും! അവസാനം പതിവുപോലെ ഒരു വാക്യം; ''എല്ലാം സുഖമെന്നു് കരുതുന്നു.'' സാധാരണ അതു് വായിക്കുമ്പോൾ ഒന്നും തോന്നാറില്ല, എന്നാലന്നു കണ്ണുകൾ നിറഞ്ഞു. അതെ സുഖംതന്നെ—വലതുകാൽ നഷ്ടപ്പെട്ടു് ആത്മാവിലും ശരീരത്തിലും വേദനയുമായി അമൃതസാർ മിലിററിഹോസ്പിററലിലെ ബെഡു് നമ്പർ 51-ൽ കഴിയുന്നതിലധികം സുഖം മറെറന്തുണ്ടു്? വീട്ടിലാരും ആ വിവരം അറിഞ്ഞിരുന്നില്ല. അമ്മയുടെ പ്രിയപ്പെട്ട മകന്റെ, സഹോദരിമാരുടെയും അനുജന്റെയും പ്രിയപ്പെട്ട ചേട്ടന്റെ, ഒരു കാൽ നഷ്ടപ്പെട്ട വിവരം.

അന്നു്, വാജിദാ, നിങ്ങളില്ലായിരുന്നുവെങ്കിൽ, നിങ്ങളെന്നെ സാന്ത്വനപ്പെടുത്തിയിരുന്നില്ലെങ്കിൽ, ഞാൻ ആ രാത്രിതന്നെ ഹൃദയം പൊട്ടി മരിക്കുമായിരുന്നു. വീട്ടിലുള്ളവരെ എങ്ങിനെ ഇക്കാര്യം അറിയിക്കുമെന്നാലോചിച്ചു് ഞാൻ ദുഃഖിച്ചപ്പോൾ, നിങ്ങൾ പറഞ്ഞ വാക്കുകൾ എനിക്കു് പുതുജീവൻ തന്നു:

''സഹോദരാ, ഇനി എങ്ങനെ ജീവിക്കുമെന്നു് ഭയന്നാണോ, നിങ്ങൾ സങ്കടപ്പെടുന്നതു്? ഒരു വാതിലടയുമ്പോൾ ദൈവം നിങ്ങൾക്കുവേണ്ടി മറെറാരു വാതിൽ തുറക്കും. എന്റെ ജീവിതം നിങ്ങളുടേതിനേക്കാൾ എത്രയോ മുള്ളുകൾ നിറഞ്ഞതായിരുന്നിട്ടുകൂടി ഞാൻ മുന്നോട്ടുനീങ്ങി ഇവിടെയെത്തിയല്ലോ.''

അതെ അതു് ശരിയായിരുന്നു. നിങ്ങളുടെ ജീവിതകഥ കേട്ട എതൊരാൾക്കും അതു് തോന്നും. സമുദായത്തിലെ അന്ധമായ വിശ്വാസാചാരങ്ങളിൽനിന്നും, സമൂഹത്തിന്റെ ക്രൂരമായ പേപ്പട്ടികളിൽനിന്നും, വാജിദാഅക്തർ എന്ന പെൺകുട്ടി രക്ഷപ്പെട്ട കഥ, ഒരിക്കൽ കേട്ടവരാരും മറക്കുകയില്ല. സ്ത്രീകൾ വിദ്യാഭ്യാസം തേടുന്നതല്ല. വീട്ടിനുപുറത്തിറങ്ങുന്നതുപോലും നിഷിദ്ധമാണെന്നു് കരുതിയിരുന്ന, ഇരുണ്ടമുറികളിൽ അതിനേക്കാളിരുണ്ട മനസ്സുമായി ജീവിക്കുന്ന മനുഷ്യരുള്ള ഒരു വീട്ടിൽനിന്നു് പാരതന്ത്ര്യത്തിന്റെ അദൃശ്യമായ ചങ്ങല പൊട്ടിച്ചു്, സേവനത്തിന്റെ പുതിയ ലോകത്തിലേക്കെടുത്തുചാടിയ നിങ്ങളുടെ—ഒരു സ്ത്രീയുടെ—മനക്കരുത്തിനെ ആരാണഭിനന്ദിക്കാതിരിക്കുക!

സമൂഹം വാജിദയെ തോല്പിച്ചോ, അതോ വാജിദ സമൂഹത്തെ തോല്പിച്ചോ? നടന്നതു് അവസാനം പറഞ്ഞതായിരുന്നു.

പക്ഷെ . . . .

വിധിയോടേററുമുട്ടാൻ അനേകം ജവാന്മാർക്കു് ആത്മധൈര്യം പകർന്നുകൊടുത്ത നിങ്ങൾക്കു് സ്വന്തം വിധിയോടേററുമുട്ടി പരാജയപ്പെടേണ്ടിവന്നു. മുന്നണിയിൽ സേവനനിരതയായിരിക്കെ പെട്ടെന്നുണ്ടായ ഒരു പാക്കു് ബോംബാക്രമണം നിങ്ങളുടെ ആത്മാവിനെ അപഹരിച്ചു.

യുദ്ധത്തിൽ ഭാരതം പരിപൂർണ്ണമായും വിജയിച്ചു. നമ്മുടെ ജവാന്മാർ പാക്കു്പട്ടാളമേധാവിത്വത്തിന്റെ പത്തി അരിഞ്ഞുവീഴ്ത്തി. ആ ഐതിഹാസികവിജയത്തിൽ എല്ലാവരോടുമൊപ്പം ഞാനും സന്തോഷിക്കുന്നു. പക്ഷെ ആ സന്തോഷത്തിനുചുററും നിങ്ങളുടെ അകാലമരണം സൃഷ്ടിച്ച അഗാധദുഃഖത്തിന്റെ ഒരു കറുത്ത ആവരണമുണ്ടു്. ഒരിക്കലും നീക്കിയാൽ നീങ്ങാത്ത ഒരാവരണം. രാഷ്ട്രത്തിനുവേണ്ടി സ്വജീവിതം ബലിയർപ്പിച്ചവരുടെ കൂട്ടത്തിൽ നിങ്ങളുടെ പേരും വല്ല പത്രങ്ങളിലും പ്രത്യക്ഷപ്പെട്ടേക്കാം. നിങ്ങളുടെ സേവനത്തെ പലരും പുകഴ്ത്തും; പക്ഷെ അതൊന്നും എന്റെ ഹൃദയവ്യഥയെ ഒരണുപോലും കുറക്കുകയില്ല.

അമൃതസാറിലെ ഈ മിലിററി ഹോസ്പിററലിലെ ഓരോ കണികക്കും മിസ് വാജിദാ

അക്കരെ മറക്കാനൊക്കില്ല. ഇന്നുള്ള രോഗികളെല്ലാം കുറച്ചുദിവസങ്ങൾക്കുശേഷം ഈ ഹോസ്പിററൽ വിടും. പുതുതായി വരുന്നവരോട് ഇവിടത്തെ ഓരോ സാധനങ്ങൾക്കും ഓരോന്നു പറയാനുണ്ടാവും. അവയ്ക്കു സംസാരിക്കാൻ സാധിച്ചെങ്കിൽ അവ ഇങ്ങിനെ പറയുമായിരുന്നു:—

''ഇവിടെ, സേവനത്തിന്റെ പ്രതീകമായ ഒരു സഹോദരി ജീവിച്ചിരുന്നു. തകർന്നുപോകുമായിരുന്ന അനേകം ജീവിതങ്ങൾ അവർ രക്ഷപ്പെടുത്തി. അവരുടെ മരണാനന്തരം പലരും അവരെപുകഴ്ത്തി. എന്നാൽ അവക്കൊരു നിത്യസ്മാരകമായി ഞങ്ങൾ മാത്രമേയുള്ളൂ. അതിൽ ഞങ്ങളഭിമാനിക്കുന്നു.''

പ്രിയപ്പെട്ട വാജിദാ, നിങ്ങളുടെ മരണത്തിനു പ്രതികാരം ചെയ്യാൻ എനിക്കതിയായ ആഗ്രഹമുണ്ടു്. പക്ഷേ ഒരു കാൽ നഷ്ടപ്പെട്ട ഒരാൾക്കെന്തുചെയ്യാൻ കഴിയും?

പരാജയത്തിന്റെ പടുകുഴിയിൽനിന്നു ഞാൻ കഷ്ടിച്ചു രക്ഷപ്പെട്ടതായിരുന്നു. അപ്പോഴേക്കും നിങ്ങളുടെ മരണം എന്നെ വീണ്ടുമതിലേക്കു് വീഴ്ത്തി. ഇനി ഞാനൊരിക്കലും രക്ഷപ്പെടുകയില്ല.

ജീവിതത്തിന്റെ അന്ധകാരം നിറഞ്ഞ പാതയിൽ ഒരു വെള്ളിവെളിച്ചം കണ്ടെത്തിയെന്നു കരുതി ഞാനാശ്വസിച്ചു. പക്ഷെ ആ വെളിച്ചം അപ്രതീക്ഷിതമായി പെട്ടെന്നണഞ്ഞു. ഞാനിപ്പോഴന്ധകാരത്തിലാണു്.

ചിറകൊടിഞ്ഞ ഒരു പക്ഷിയാണു് ഞാൻ. എന്റെ വാസസ്ഥലത്തേക്കുള്ള യാത്രാമദ്ധ്യേ നിരാലംബനായി വഴിയിൽ ഞാൻ വീണുപോയി. ഇനി മരണം മാത്രമാണെനിക്കൊരു ശരണം.

വാജിദാ, എന്നെവിട്ടു നിങ്ങളെവിടേക്കു് പോയോ, അവിടേക്കു് ഞാനുമിതാ വരുന്നു.

നിങ്ങളെന്നെ വിട്ടുപിരിഞ്ഞിട്ടു് ആറു ദിനരാത്രങ്ങൾ കഴിഞ്ഞിരിക്കുന്നു, ഇതു് ഏഴാമത്തെ രാത്രിയാണു്.

അതെ ഏഴാമത്തെ രാത്രി.

വർഷങ്ങൾക്കുമുമ്പു് അറേബ്യൻ മണലാരണ്യങ്ങളിൽ മജ്നുവിനെപോലെ അലഞ്ഞു നടന്നു്, തന്റെ നഷ്ടപ്പെട്ടുപോയ ജീവൽപ്രകാശത്തെ ഓർത്തു് വിലപിച്ചിരുന്ന ഇംഗ്ലീഷുകാരനായ ഡേവിഡ് ലിവൻ, തന്റെ ജീവിതമവസാനിപ്പിച്ചതു് ഏഴാമത്തെ രാത്രിയിലായിരുന്നു. നിഷാമി എന്ന അറേബ്യൻസുന്ദരി അയാളെ വിട്ടുപിരിഞ്ഞതിന്റെ ഏഴാമത്തെ രാത്രി.

ഈ ഏഴാമത്തെ രാത്രി ഞാനും എന്റെ ജീവിതമവസാനിപ്പിക്കാനിഷ്ടപ്പെടുന്നു.

ജീവിതത്തിന്റെ അന്തമററ കടലിൽ നിസ്സഹായനായി ഞാനെത്ര നീന്തും? എനിക്കൊരിക്കലും കരയിൽപ്പററുവാൻ സാധിക്കയില്ല. മരണത്തിന്റെ ദ്വീപിൽ എത്തിച്ചേരാൻ ഞാനിഷ്ടപ്പെടുന്നു.

കാലത്തിന്റെ കൊടുങ്കാററു് എന്റെ ജീവിതയാനത്തെ ആ ദ്വീപിൽ ഉടനെ എത്തിച്ചെങ്കിൽ!

മരണത്തിന്റെ കറുത്ത രൂപം ഞാനിഷ്ടപ്പെടുന്നു. അതു് തന്റെ ഹസ്തങ്ങൾ എന്റെ ഗളത്തിലമർത്തിയെങ്കിൽ എന്നു ഞാൻ ആശിക്കുന്നു.

ഏകനായി ഇനി മുന്നോട്ടുനീങ്ങാൻ ഞാനശക്തനാണു്. ഈ ഏഴാമത്തെ രാത്രി എന്റെ അവസാനത്തെ രാത്രിയാക്കിമാററാൻ മൃത്യുദേവൻ സഹായിച്ചെങ്കിൽ!

എങ്കിൽ ഞാൻ കൃതാർത്ഥനായിരുന്നു . . . .

ഓ, അതാ ഒരു കാലൊച്ച കേൾക്കുന്നു; അപരിചിതമായ താളാത്മകമായ, ഞെട്ടിപ്പിക്കുന്ന ശബ്ദം.

അതെ അതു് മൃത്യുവിന്റെ ദേവനാണു്

ഞാനെന്റെ കണ്ണുകളിറുകെയടക്കട്ടെ!

# മിന്നാമിനുങ്ങ്

എം. എ. റഹ്മാൻ, III B. A.

കറുത്തിരുണ്ട ആകാശം കരയാറായ ഒരു കൊച്ചുകുഞ്ഞിനെപ്പോലെ വിതുമ്പി. പരന്നുകിടന്ന ഇരുട്ടിൽ പിളർപ്പുണ്ടാകുന്നോ എന്നയാൾ ജിജ്ഞാസയോടെ നോക്കി. പിളർപ്പിലൂടെ വെളിച്ചം അരിച്ചെത്തുന്നുണ്ടോ? ചക്രവാളത്തിന്റെ വിരിമാറിൽ അദൃശ്യമേഖലയുടെ ഗുഹാമുഖത്ത് ഒരു ബിന്ദുവിൽ വെളിച്ചം മരണവേദനയനുഭവിക്കുന്നുണ്ടെന്ന് അയാൾക്ക് തോന്നി. സെക്കൻറുകൾക്കുള്ളിൽ ജനിക്കുകയും മരിച്ചുവീഴുകയും ചെയ്തുകൊണ്ടിരുന്ന വെളിച്ചത്തോടൊപ്പം ഭൂമി വിറപ്പിക്കുന്ന ആർത്തനാദങ്ങളും അലച്ചുകളും ഉയരുന്നു. മേഘങ്ങൾക്കപ്പുറത്ത്, ഇടിനാദങ്ങളിൽ പൊറുവീഴുന്ന വെളിച്ചം, മുതുകിൽ പ്രഹരമേററ ഒരു പട്ടിയുടെ ദീനരോദനമാണെന്ന് തോന്നി. തെങ്ങിൻതോപ്പുകളെ കിടിലംകൊള്ളിച്ചുകൊണ്ട് ശരംപോലെ പായുന്ന കാററിന്റെ മുഴക്കം മാത്രം കേട്ടു. കാററിന്റെ ശക്തിക്ഷയത്തിന്റെ ആരംഭത്തിൽ ആകാശം നനഞ്ഞൊലിച്ചു. ഉമ്മറത്തിരുന്ന്, തകർത്തുപെയ്യുന്ന മഴയോടെന്നപോലെ അച്ഛൻ പറയുന്നതുകേട്ടു ‘മലവെള്ളം കേറുംന്നാ തോന്ന്ണ്.’’

വന്നിരുന്നെങ്കിൽ.... പൊളിഞ്ഞുവീഴാറായ തറവാട്ടിന്റെ താങ്ങുകാലുകൾ ഒഴുകിപ്പോയിരുന്നെങ്കിൽ.... അവയോടൊപ്പം ഈ ബാധയും ഒഴിഞ്ഞുപോകുമോ? ഒഴിയാബാധയുടെ നടുക്കയത്തിൽ വർഷങ്ങളായി നീന്തുന്നു.... നീന്തിനീന്തി തളരുന്നു.... ഇനിയും വയ്യ....

ഈറൻകുപ്പായത്തിലൂടെ തണുപ്പ് അയാളുടെ ദേഹത്തിൽ പുഴുവിനെപ്പോലെ അരിച്ചുകയറുന്നുണ്ടായിരുന്നു. പൊടുന്നനെ അയാളോർത്തു.... കാലഹരണത്തിൽ നിറം മങ്ങിപ്പോയ ഏതോ ഒരു കർക്കിടകരാത്രിയിൽ ഉടുതുണി തലപ്പാവാക്കി ജനത്തിരക്കിലൂടെ നടന്നത്.... കയ്യെത്താവുന്ന അകലത്തിൽ അന്നൊരു ലക്ഷ്യമുണ്ടായിരുന്നു. ഹൃദയംതുറന്ന് സ്നേഹിക്കുന്ന ഒരുവളെ കണ്ടെത്തിയപ്പോൾ ഓർത്തു.... എന്റെ വേദനകൾ പങ്കിടാൻ മററാരാൾകൂടെയുണ്ട്.... സമൂഹവും സമുദായവും പടുത്തുയർത്തിയ കൂററൻ മതിൽക്കെട്ടുകൾക്കപ്പുറമാണവളെന്നും, മതിൽക്കെട്ടിലെ ചെറുസുഷിരങ്ങളിലൂടെയാണവളെ കാണുന്നതെന്നും സ്വയം ബോധ്യപ്പെടുത്താൻ ശ്രമിച്ചിട്ടും മുഖംതിരിയ്ക്കാനൊത്തില്ല. അന്നുവരെ പടുത്തുയർത്തിയ പ്രതീക്ഷകൾ പൊട്ടിത്തകരുന്നത് നിറഞ്ഞ കണ്ണുകളോടെ നോക്കിനില്ക്കേണ്ടിവന്നു. വീണ്ടും ഒരു സത്യംമാത്രം.... ഇവിടെ താൻ തനിച്ചാണ്.... വേദനകൾ കൊതുകുകളെപ്പോലെ അനുദിനം പെരുകുകയാണ്. തന്റെ ചോര അവ ഊററിക്കുടിക്കുകയാണ്. അസ്വസ്ഥത ജനിപ്പിക്കുന്ന ഓർമ്മകൾ സ്പിരിട്ടിൽ സൂക്ഷിക്കപ്പെട്ട പ്രേതങ്ങളെപ്പോലെ മനസ്സിന്റെ പാളികളിൽ ചലനമററു കിടക്കുകയാണ്.

മുററത്ത് വെള്ളം കെട്ടിനില്ക്കുന്നുണ്ടായിരുന്നു.... കുഞ്ഞുമോൾ ഓടിവരുന്നുണ്ടാവും.... അവൾക്കു തോണി വേണ്ടിവരും....

‘കൊച്ചേട്ടാ....’ കയ്യിൽ പറക്കാൻ വെമ്പുന്ന ഒരു ഉണ്ടം കടലാസ്സ്! ‘ഓ, ഒരു തോണി കൊച്ചേട്ടാ.’

‘നീ പോയി ഒറങ്ങിക്കോ . . . . ഈ രാത്രി നി തോണില്യാഞ്ഞിട്ടാ.’

അവളുടെ മുഖം വാടിയെന്നു് തോന്നി. കരയാൻ തുടങ്ങുകയാണോ? ഇല്ല, കരയില്ല. ഒരിക്കലെങ്കിലും അവൾ കരഞ്ഞതോർമ്മയില്ല. എല്ലാം മനസ്സിലേററി കനംതൂങ്ങിനില്ക്കുകയാണവളുടെ പതിവു് . . . . തകരുന്ന നാലുകെട്ടിന്റെ ജീർണ്ണിച്ച ചുമരുകൾക്കുള്ളിൽ തന്നോടൊരു നിമിഷമെങ്കിലും ചിരിച്ചു കുസൃതികാണിക്കുന്ന കുട്ടി. അവളെ പിണക്കേണ്ടിയിരുന്നില്ല. നിശ്ശബ്ദം തിരഞ്ഞുനടക്കുകയായിരുന്നു, അവൾ. ‘‘കുഞ്ഞിമോൾ വാ, ചേട്ടൻ തോണിണ്ടാക്കിത്തരാം.’’

തിരിഞ്ഞുനോക്കാതെ ഗോവണിയിറങ്ങാൻ തുടങ്ങിയ അവളെ വാരിയെടുത്തു —‘‘ചേട്ടൻ തമാശ പറഞ്ഞതല്ലേ, അപ്പഴ്ക്ക് പിണങ്ങ്യാലോ.’’

അവളുടെ കവിളിണയിൽ നേരിയ മന്ദഹാസം നിഴൽവീശിയെന്നു് തോന്നിയപ്പോൾ അയാൾക്കാശ്വാസമായി. കടലാസ്സ് മടക്കിക്കൊണ്ടിരുന്നപ്പോൾ അവൾ ചോദിച്ചു: ‘‘ഈ പ്രാവശ്യം മലവെള്ളം കേറ്വോ കൊച്ചേട്ടാ.’’

അയാൾ തല ഉയർത്തിനോക്കി. തകർത്തുപെയ്യുന്ന മഴയിലേക്കു നോക്കി ഇരിയ്ക്കുന്നു അവൾ. അയാൾ എന്തെങ്കിലും പറഞ്ഞില്ല. എന്തായിരിയ്ക്കും ഈ കുട്ടിയുടെ മനസ്സിൽ? മലവെള്ളത്തിൽ ഒഴുകിപ്പോകുമെന്ന ഭീതിയാണോ? അതോ കളിത്തോണി ഇറക്കാമെന്ന പ്രതീക്ഷയോ? കടലാസ്സുതോണി കയ്യിലായപ്പോൾ അവൾ ചുണ്ടു് കൂർപ്പിച്ചു. ഒരുമ്മ! ചേട്ടനൊരുമ്മ! അവൾ കയ്യിൽ തൂങ്ങി. ‘‘വാ, ചേട്ടൻ വാ.’’

‘‘ഞാൻ വരുന്നില്ല. മോളു് കൊണ്ടുപോക്കോ’’

‘‘ന്നാലെനിയ്ക്കു് വേണ്ട.’’ കടലാസ്സ് ചുരുട്ടിയെറിയാനുള്ള പുറപ്പാടാണു്. അയാൾ തോററു. ഈ കുട്ടിയുടെ ഭാവങ്ങൾക്കു എന്തൊരാജ്ഞാശക്തി! അതിനുമുമ്പിൽ അയാൾ ചെറുതായിപ്പോകുന്നു . . . .

ഉമ്മറത്തെത്തിയപ്പോൾ അവൾ കൈവിട്ടോടി. തോണി കുമിളകളെ തട്ടിനീക്കി നീങ്ങുന്നതുംനോക്കി അവൾ അയാളോടൊത്തിരുന്നു. മടിയിൽ കയറാൻ തുടങ്ങിയപ്പോൾ അയാൾ വിലക്കി. അവൾ അന്തംവിട്ടു നിന്നു.

‘‘നീയാണീ കുട്ടിയ്ക്കു് സകല അസംബന്ധോം പഠിപ്പിയ്ക്കുന്നതു്. ഈ രാത്രി അതിനു് തോണിണ്ടാക്കിക്കൊടുക്കണോ?’’

അച്ഛന്റെ വാക്കുകളോടൊപ്പം എഴുന്നേററു. ഇയ്യിടെ അങ്ങിനെയാണു്. മനംമടുപ്പിയ്ക്കുന്ന അച്ഛന്റെ വാക്കുകൾ കേട്ടു ഉടനെ രംഗതിരോധാനം ചെയ്യുക. വല്ലതും മറുത്തുപറഞ്ഞാൽ ഒരാഴ്ചയ്ക്കു് വക, വേണ്ട. ഉമിനീർ വററുവോളം പറയട്ടെ . . . തൊണ്ട വരളുന്നതുവരെ പറയട്ടെ . . . . തളംകെട്ടിനിന്ന വെള്ളത്തിൽ ആമയെപ്പോലെ അരിയ്ക്കുന്ന കടലാസ്സുതോണി നോക്കിയിരിയ്ക്കുകയായിരുന്നു കുഞ്ഞിമോൾ. അയാൾ തിരിഞ്ഞുനടക്കുമ്പോൾ വീണ്ടും കേട്ടു.

ഞാനെന്തു പറഞ്ഞാലും കേട്ടൂട . . . മൂത്തു് മൂത്തു്പ്പം ങ്ങന്യായി. ഞാനൊന്നും പറിണ്ല്ല്യ.’’ അറയ്ക്കകത്തു് ചേട്ടനും ചേട്ടത്തിയമ്മയും അടക്കംപറഞ്ഞു് ചിരിയ്ക്കുന്നതു് കേട്ടു, ശ്രദ്ധിച്ചില്ല. വെട്ടിയിട്ട മരത്തടിപോലെ കട്ടിലിൽ വീണു . . . ഗോവണി കയറുന്ന ശബ്ദം . . . കുഞ്ഞിമോളാണു്. കുട്ടീ, നീ എന്നിലെന്തുകണ്ടു? നിനക്കു നല്കാൻ എന്നിലെന്തിരിയ്ക്കുന്നു? സമൂഹത്തിനും കുടുംബത്തിനും ഞാനൊരധികപ്പററാണെന്നു് നീ അറിയുന്നുണ്ടോ?

‘‘ചേട്ടൻ ന്നെക്കൂട്ടാണ്ടു് പോന്നു്ലേ . . . . ഞാൻ മിണ്ടൂല.’’ അയാൾ അവളുടെ നെററിത്തടത്തിൽ ചുംബിച്ചു.

‘‘ഞാൻ ന്നു്വിട്യാ കിടക്കു്ണു്’’ അയാൾ ഞെട്ടി. മനസ്സിന്റെ അടിക്കയത്തിലെവിടെയോ ഒരു വലിയ ആഘാതമേററപോലെ.

‘‘മോളു് താഴെ പോയി കിടന്നോ.’’

‘‘ഉം . . . ഉം . . . ഞാൻ ചേട്ടന്റെ കൂടാ.’’

‘‘നല്ല കുട്ട്യല്ലേ, ശാഠ്യം പിടിയ്ക്കാതെ . . . താഴെ പോയി കിടക്കു്.’’

‘‘ഞാൻ . . . ഇവിടെ കിടക്കാ’’

വിടുന്ന ഭാവമില്ല. എന്തു പറയുമ്പോഴും പിണങ്ങുന്ന കുട്ടി . . . പിണങ്ങാൻപോലും ഭാവമില്ല. അയാൾക്ക് ചുമ വന്നു. ചുമ ശ്വാസത്തിനെ വഴിമുട്ടിച്ചു. കുഞ്ഞുമോൾ പുറത്തു തടവിയപ്പോൾ ആശ്വാസമായി . . . ‘‘മോൾ പോയി കിടന്നോ’’ അയാളുടെ ശബ്ദം പതറിയിരുന്നു. അവൾ നിഷേധാർത്ഥത്തിൽ തലയാട്ടി.

‘‘എടീ, കുഞ്ഞിമോളേ, ഇവിടെ വാടീ . . . നിന്നെ ഞാൻ’’ ചേട്ടത്തിയമ്മയുടെ വിളിയാണ് . . . നല്ലപോലെ കലികയറിയിട്ടുണ്ട്. പിന്നെ പൊതിരെ തല്ലാണ്.

‘‘മോള് പോ . . . അമ്മ തല്ലും.’’

‘‘തല്ലിക്കോട്ടെ . . . ഞാൻ പോണ്ല്ല്യ’’

അവൾ അയാളെ കെട്ടിപ്പിടിച്ച് കിടന്നു. ‘‘ചേട്ടൻ രോഗിയാണ് മോളേ . . . ചേട്ടന്റടുത്ത് മോൾക്ക് വരാൻ പാടില്ല. മോൾക്കും രോഗാവും’’ അവൾ കരഞ്ഞു. കുഞ്ഞിമോൾ കരഞ്ഞു. അവൾ കരയുന്നതാദ്യമായി കാണുന്നു. അയാൾ അവളെ വാരിയെടുത്ത് ഗോവണി ഇറങ്ങി. ‘‘അവളെ തല്ലേണ്ട ചേച്ചി’’ ചേട്ടത്തിയമ്മ കേട്ടതായി ഭാവിച്ചില്ല. മെലിഞ്ഞ കാൽത്തണ്ടയിൽ കനത്ത അടി വീണിട്ടും അവൾ കരയാതിരിക്കുന്നതു് കണ്ട് അത്ഭുതപ്പെട്ടു. കണ്ടുനില്ക്കാനുള്ള കരുത്തില്ല. ഓടിച്ചെന്നു വാരിയെടുത്താലോ! അവരുടെ കുഞ്ഞ്. തനിക്കൊന്നും വയ്യ . . . നിശ്ശബ്ദം തിരിഞ്ഞു നടന്നു. ഉറക്കംവരാതെ തിരിഞ്ഞും മറിഞ്ഞും കിടന്നു. ചുമ അയാളെ വലവീശി. ചിലന്തി വലയിലകപ്പെട്ട ഒരീച്ചയെപ്പോലെ അയാൾ പിടച്ചു. ചുമ അയാളെ വരിഞ്ഞുമുറുക്കുകയായിരുന്നു. ചുമയുടെ അവസാനത്തിൽ അയാൾ അബോധാവസ്ഥയിൽനിന്നു പിന്മാറി. പുറത്തു അപ്പോഴും കനത്ത മഴ പെയ്യുന്നുണ്ടായിരുന്നു. ഈ മഴ ഒരിക്കലും അവസാനിക്കില്ലെന്നയാൾക്കുതോന്നി. താഴെ കുഞ്ഞിമോളുടെ തേങ്ങലുകൾ മഴയോടൊപ്പം ഉയർന്നു. അത് മഴയുടെ ശബ്ദത്തിൽ ലയിച്ചുചേർന്നു. അയാൾ ഇറുകെ കണ്ണടച്ചു . . . അല്പം മയങ്ങിയിരുന്നെങ്കിൽ . . . കൺപോളകൾ മെല്ലെ അടയുന്ന നിമിഷത്തിൽ അയാൾ മയങ്ങി. ഉണരുമ്പോൾ ചുമക്കുകയായിരുന്നു. പുറത്താരോ തടവുന്നു . . . കുഞ്ഞിമോൾ. കുഞ്ഞിമോളുടെ മുഖത്തു വിടർന്നിരുന്ന പ്രസാദത്തിൽ അയാൾ അലിഞ്ഞുചേർന്നു . . . അലിഞ്ഞലിഞ്ഞില്ലാതായി . . . മഴ സമാധാനിച്ചിരുന്നു . . . ഇരുണ്ട ആകാശത്തിലെ വിടവുകളിലൂടെ വെളിച്ചം അരിച്ചെത്തുന്നുണ്ടോ എന്നയാൾ നോക്കി . . . . ഇരുട്ടിൽ അയാൾക്കു വെളിച്ചമേകിക്കൊണ്ട് ഒരു മിന്നാമിനുങ്ങ് പറന്നുവന്നു. അയാളുടെ മുഖത്ത് പറ്റിനിന്നു.

# നിക്കാഹ്

**ഗഫൂർ പടന്ന, II B. Sc.**

അല്പം മുമ്പു് പെയ്ത മഴവെള്ളത്തിൽ കുതിർന്ന ഭൂമിയും, നനഞ്ഞു് വിറച്ചു്നില്ക്കുന്ന പുൽക്കൊടികളും നോക്കി കുഞ്ഞായിസ്സു വാതിൽചാരിയിരുന്നു. ഉമ്മ അടുപ്പത്തു് ചായതിളപ്പിക്കുന്ന ശബ്ദം കേൾക്കാമായിരുന്നു.

ഇന്നു് വെള്ളിയാഴ്ചയാണു്. മദ്രസ്സയിലും സ്കൂളിലും പോകാതെ മഴപെയ്യുന്നതുനോക്കിയിരിക്കാം. മഴത്തുള്ളികൾ ഉററിയുററി ഭൂമിയിൽ കൊച്ചു കൊച്ചു കുഴികളുണ്ടാകുന്നതു് നോക്കി രസിക്കാം. ഓട്ടിലൂടെ ഒലിച്ചിറങ്ങുന്ന വെള്ളത്തിന്നു് മാറാലയുടെ മണമുണ്ടാകും.

ശക്തിയായി കാററടിക്കുമ്പോൾ മുററത്തെ മാവിൽനിന്നും പരൾമാങ്ങ വീഴും. പാവാട അരയിൽ തെരച്ചുകയററി നനഞ്ഞ മണ്ണിലൂടെ മാവിൻചുവട്ടിലേക്കു് ഓടിച്ചെല്ലുമ്പോൾ ഉമ്മ വിളിച്ചുപറയും.

"പെണ്ണേ — മാങ്ങതിന്നു് പല്ലു് കോടും. പിന്നെ ബത്താനം പറയാങ്കയ്യുല . . . . നാക്കു് കൊയഞ്ഞുപോളും"

നാവു് കൊയഞ്ഞുപോയാലെന്താ. പുളിക്കുന്ന മാങ്ങ അണപ്പല്ലിലിട്ടു് തകർക്കുന്ന സുഖം ഉമ്മയ്ക്കറിയില്ല.

അപ്പുറത്തു് മാവിൻചില്ലകളിൽനിന്നു് മഴത്തുള്ളികൾ തെറിച്ചുവീഴുന്നു. നനഞ്ഞ വൃക്ഷങ്ങൾ തണുത്തകാററിൽ ഉലഞ്ഞുകൊണ്ടിരുന്നു.

രാവിലെയുണർന്നതുമുതൽ ഉമ്മ അടുക്കളയിൽ പാത്രങ്ങൾ മുട്ടിക്കളിക്കയാണു്. ഉളുവെട്ടത്തു്, നമസ്കരിച്ചു്, മുററം അടിച്ചുവാരി, വെണ്ണീറും ചകിരിയുമുപയോഗിച്ചു് പാത്രങ്ങൾ കഴുകി, കലത്തിൽ വെള്ളം നിറച്ചു്, ചായ തിളപ്പിച്ചു . . . . പിന്നെ ഒടുങ്ങാത്ത വീട്ടുജോലികളാണു്.

എല്ലാററിനും ഉമ്മയെ സഹായിക്കാനെത്തണം. അല്ലെങ്കിൽ ഇബിലീസിൻെറ മോളേയെന്നു് വിളിയുണ്ടാകും.

മഴ പെയ്തുതുടങ്ങിയിരിക്കുന്നു. അള്ളോ! കുദ്റുമ്മലെ പുരയിലെ കിണററിന്നു് വെള്ളം കോരിക്കൊണ്ടുവരണം. സെയ്ത്താറ്പള്ളിയോളം വലുപ്പമുണ്ടു് കുദ്റുമ്മലെപ്പുരയ്ക്കു്.

ഒരിക്കൽ മഴനനഞ്ഞു് മദ്രസ്സയിൽനിന്നും വരുന്നവഴി വസ്ത്രങ്ങൾ ഒട്ടിപ്പിടിച്ച തൻെറ ശരീരത്തിലേക്കു് അവിടത്തെ സൈനബയുടെ ഇക്കാക്ക തുറിച്ചുനോക്കിയതവളോർത്തു. അയാളുടെ കണ്ണുകൾ പാതിയടഞ്ഞിരുന്നു. ചുണ്ടല്പം കോട്ടി അയാൾ പല്ലു്കാട്ടിയിളിച്ചു.

തണുത്ത ദേഹത്തിലൂടെ ചൂടുള്ള നീരാവി ഉയരുന്നതുപോലെ തോന്നി. അതിൽ പിന്നെ അയാളെക്കാണുമ്പോഴൊക്കെ മനസ്സിൽ കൊള്ളിമീൻ പറന്നുപോയതവളോർത്തു.

മഴ ശക്തിയായു് പെയ്യുന്നുണ്ടു്. ഇക്കണെക്കിന്നു് നാളെയും മറെറന്നാളുംകൂടി മഴ പെയ്താൽ കൊക്കാൻ കുദ്റു് വെള്ളത്തിന്നടിയിലാകും. പിന്നെ മദ്രസ്സയിൽ പോകുന്ന വഴിയിലൊക്കെ വെള്ളം കെട്ടിനില്ക്കും. വെള്ളത്തിലൂടെ നടക്കുമ്പോഴുണ്ടാകുന്ന അനുഭൂതിയിൽ അവൾ നിർവൃതി പൂണ്ടു.

"മോളെ ആയിസ്സു . . . . ഇങ്ങു് ബാ മോളേ" അടുക്കളയിൽനിന്നും ഉമ്മ വിളിക്കുന്നു.

ഉമ്മ ഉള്ളിമുറിച്ച് പിഞ്ഞാണത്തിലിട്ട് പിഴിയുന്നുണ്ടായിരുന്നു. നെയ്ച്ചോറ് വെയ്ക്കാനുള്ള ഒരുക്കംപോലെ തോന്നി. അടുപ്പത്ത് ചട്ടിയിൽ ഇറച്ചിക്കറി തിളച്ചുമറിയാൻ പോകുന്നു. കുഞ്ഞായിസ്സു കൈലെടുത്ത് നന്നായി ഇളക്കിയിട്ട് അല്പം നാവിലേക്ക് ഉററിച്ചു. ഇറച്ചിയുടെ സ്വാദുള്ള കറിയിൽ ഉപ്പ് കുറവായിരുന്നു.

“ഉമ്മാ . . . . കറിയിലുപ്പില്ല.”

ഉപ്പുചട്ടിയിൽനിന്നും ഒരു കയ്യ് ഉപ്പെടുത്ത് കറിയിലിട്ടിളക്കി.

“മോളേ . . . . ന്ന് . . . . ന്നെ കാണാൻ രണ്ടാംപിറന്നോർ ബെരുന്ന്ണ്ട്”

കുഞ്ഞായിസ്സുവിനെ കാണാൻ രണ്ടാംപിറന്നവരൊ. അവൾക്ക് മനസ്സിലായില്ല. കുദറുമ്മലെ സൈനബയുടെ കോളേജിൽ പഠിക്കുന്ന ഇക്കാക്കയെ ഓർമ്മവന്നു. മനസ്സ് കിടുകിടാ വിറച്ചുപോയി. ആണുങ്ങളുടെ സാന്നിദ്ധ്യം അവൾ വെറുത്തു.

പാതിയടഞ്ഞ കണ്ണുകൾ മനസ്സിൽ മിന്നൽപിണർപോലെ വന്ന് മറഞ്ഞു. ആണുങ്ങളെല്ലാം സൈനബയുടെ ഇക്കാക്കയായിരിക്കും! ഇക്കാക്കയെപ്പോലെ ചിരിക്കുന്നവർ!

“ന്നെ . . . . കല്യാണം കയിക്കാൻപോന്ന പുയ്യാപ്ലാ ട്ടൊ” ഉമ്മ വീണ്ടും പറഞ്ഞു.

ആണുങ്ങൾ തുറിച്ചുനോക്കും, ചുണ്ടുകോട്ടി ച്ചിരിക്കും. തനിക്ക് കല്യാണം വേണ്ട. അല്ലെങ്കിൽ ഈ കല്യാണമെന്നാലെന്താണ്. ഉമ്മയോടു ധൈര്യത്തോടെ ചോദിക്കുകതന്നെ.

“ഉമ്മാ . . . . കല്യാണന്നറ്ഞ്ഞ യെന്തുമ്മ”

ഉരുകിയ നെയ്യിൽ ഉള്ളിപിഴിഞ്ഞിടുന്ന തിരക്കിലായിരുന്നു ഉമ്മ. ഉള്ളി കിരുകിരാന്ന് ശബ്ദമുണ്ടാക്കുന്നതുനോക്കി അവൾ നിന്നു. ഹൃദയം കരയുകയായിരുന്നു. ഉമ്മയ്ക്ക് ആണുങ്ങളെയറിയില്ല. അവരുടെ ചിരിയറിയില്ല. അവരുടെ നോട്ടമറിയില്ല.

നിക്കാഹ് കഴിഞ്ഞാൽ മദ്രസ്സയിലും സ്കൂളിലും പോകാൻ കഴിയില്ല. ഒരിക്കൽ കുദറുമ്മലെ സൈനബ പറഞ്ഞതവളോർത്തു. സൈനബയുടെ ബാപ്പ സൈനബയെ കോളേജിൽ പഠിപ്പിക്കും പോലും. എവിടെയായിരിക്കും ഈ കോളേജ്. കണ്ണെത്താത്ത, കാലെത്താത്ത, കയ്യെത്താത്ത ദൂരത്തിൽ ഒരത്ഭുതവസ്തുവായിരിക്കും. വേദനയോടെയവൾ ഓർത്തു.

കറുത്ത ആകാശം കരഞ്ഞുകൊണ്ടിരുന്നത് ജനാലയിലൂടെ അവൾ കണ്ടു. മനസ്സിൽ ഭീതിപൂണ്ട നിമിഷങ്ങൾ സൃഷ്ടിക്കപ്പെടുകയായിരുന്നു. ഒളിച്ചോടുവാനുള്ള പഴുതും കാത്തവളിരുന്നു.

നെയ്ച്ചോറ് തിളയ്ക്കുന്ന ശബ്ദംകേട്ട്കൊണ്ട് അവൾ വീട്ടിൽനിന്നും ഇറങ്ങി നടന്നു. മഴത്തുള്ളികൾ തലയിൽ കെട്ടിയ പട്ടുറുമാലിൽ തട്ടി കവിളിലൂടെ ഒലിച്ചിറങ്ങുന്നുണ്ടായിരുന്നു.

കയ്യാലക്കിളയിൽ തളം കെട്ടിയ രക്തത്തിന്റെ നിറമുള്ള വെള്ളത്തിലൂടെ നടന്നു. ദേഷ്യംപൂണ്ട മുഖം ആകാശംപോലെ കറുത്തുതുടുത്തിരുന്നു.

വഴിവക്കിലെ പൂട്ടിക്കിടക്കുന്ന പീടികക്കോലായിൽ കയറിനിന്ന്, വീട്ടിലേക്കുള്ള വഴിയിലേക്ക് തിരിഞ്ഞുനോക്കി, ശക്തിയായ മഴകാരണം വഴി മങ്ങിമങ്ങിയില്ലാതായിരിക്കുന്നു.

മഴ തോരുന്നതും കാത്ത് അവൾ പീടികത്തിണ്ണയിൽ കുത്തിയിരുന്നു. നനഞ്ഞ കാച്ചിത്തുണിയും കുപ്പായവും ശരീരത്തിൽ ഒട്ടിപ്പിടിച്ചു. കാററടിക്കുമ്പോൾ അവൾ തണുത്തു വിറച്ചു.

മാവിൻചുവട്ടിലിരുന്ന് കൂട്ടുകാരികളോടു കൂടെ കൊത്തൻകല്ല് കളിക്കുന്നതും, കണ്ണുപൊത്തിക്കളിക്കുന്നതും, കൊച്ചമ്മാടിക്കളിക്കുന്നതും ഓർത്തുനോക്കി.

മദ്രസ്സയിൽ ദിനം തോറും ദീനിയാത്തിലെ പാഠം കാണാപാഠം കൊടുത്തിരുന്നതു് കുഞ്ഞായിസ്സു മാത്രമായിരുന്നു.

അവളുടെ കവിളിലൂടെ ചൂടുള്ള കണ്ണുനീർത്തുള്ളികൾ ഒഴുകി. കല്യാണം കഴിഞ്ഞാൽ കൂട്ടു

കാരില്ലാത്ത, കണ്ണുപൊത്തിക്കളിയില്ലാത്ത, കൊച്ചമ്മാടിക്കളിയില്ലാത്ത ലോകം അവൾ വെറുത്തു.

നിമിഷങ്ങൾ കഴിയുന്തോറും അവൾ ഇലയെപ്പോലെ വിറച്ചിരുന്നു. ദേഹം മുഴുവനും രക്തം വാർന്നതുപോലെ മരവിച്ചിരുന്നു. മനസ്സും ശരീരവും ക്ഷീണിച്ചു പീടികത്തിണ്ണയിൽ മലർന്നടിച്ചു് കിടന്നതുപോലും അവളറിഞ്ഞില്ല.

ദിവസത്തിന്റെ അവസാനംവരെ അവൾ ബോധമററു് കിടന്നു — തണുത്തു് വെറുങ്ങലിച്ച ഇറച്ചിക്കഷ്ണം പോലെ.

പാടനിറഞ്ഞ കണ്ണുകൾ തിരുമ്മി പകുതിയുറക്കിലെന്നപോലെ അവൾ ഞെട്ടിയുണർന്നു.

മദ്രസ്സയിലെ തന്റെ ഉസ്താദ് അടുത്ത കസേരയിലിരുന്നു്, കിതാബിൽ നോക്കി എന്തോ ഓതിക്കൊണ്ടിരുന്നു. അടുത്തുകിടക്കുന്ന തന്റെ ശരീരത്തിൽ തലോടിക്കൊണ്ടു് അയാൾ ''ശിഫ് . . . . ശിഫ് . . . .'' എന്നു പറഞ്ഞു.

മുറിയുടെ വാതിലിന്നു് പിന്നിൽ ഉമ്മ ഒളിഞ്ഞുനിന്നു് കരയുന്നു. ഉമ്മയുടെ കണ്ണുകൾ ചുകന്നു് തുടുത്തതു് അവൾ കണ്ടു.

''അല്ലെങ്കി . . . . ഒന്നും അറിയാത്ത കുഞ്ഞ്യോളെപ്പിടിച്ചു് . . . . നിക്കാഹ് കൈപ്പിക്കലെന്ന ഇസ്ലാമിന്റെ ശെറഹ്പ്രകാരം തെററാ'' ഉസ്താദ് ആരോടെന്നില്ലാതെ പറഞ്ഞുകൊണ്ടിരുന്നു.

# പതനം

**കെ. കുഞ്ഞീമുട്ടി,** II B. Sc. Physics

പ്രഭാതത്തിന്റെ തണലുംപേറിക്കൊണ്ടുവന്ന മാരുതൻ വെൻറിലേററുകളിലൂടെ അകത്തു പ്രവേശിച്ചപ്പോൾ അറപ്പുതോന്നി. കട്ടിലിൽ നിന്നു എഴുന്നേററു് വെൻറിലേററുകൾ താഴ്ത്തി കുററിയിട്ടു.

അണയാറായ ഓട്ടുവിളക്കിൽ എണ്ണയൊഴിച്ചു്, നാളംനീട്ടി വാതിൽപടിയിൽ വെച്ചു. തൊട്ടിലിന്നരികിൽ ചെന്നു് കുഞ്ഞിന്റെ മുഖത്തു് ഒന്നുകൂടി നോക്കി. അച്ഛന്റെ അതേ മുഖം . . . . കുനിഞ്ഞുനിന്നു കുഞ്ഞിന്റെ കവിളിൽ തുരുതുരാ ഉമ്മവെച്ചു. കവിളിൽ കണ്ണുനീർതുള്ളികൾ വീണപ്പോൾ കുഞ്ഞുണർന്നു കരയാൻ തുടങ്ങി. ഇടറിയ കണ്ഠത്തോടെ താരാട്ടുപാടി കുഞ്ഞിനെ വീണ്ടുമുറക്കി.

പതറിക്കിടന്നിരുന്ന അളകങ്ങൾ ഒതുക്കിക്കെട്ടി, മുണ്ടു് മുറുക്കിയുടുത്തു വീണ്ടും കട്ടിലിൽ ചെന്നിരുന്നു.

അയൽവീട്ടിലെ പട്ടി ഓലിയിട്ടപ്പോൾ ചെറുതായൊന്നു് നടുങ്ങി. മുററത്തെ ഇലഞ്ഞിമരത്തിൽ പാർക്കുന്ന വയസ്സൻ മൂങ്ങാ നീട്ടി മൂളിയപ്പോൾ കിഴക്കേതിലെ അമ്മുഅമ്മ പറഞ്ഞതോർത്തു: ‘‘ആളു കണ്ടിട്ടാ മൂങ്ങാ മൂളുന്നേ . . . .’’ ശരിയായിരിക്കും. മൂങ്ങാ ആളെ കണ്ടിട്ടായിരിക്കും മൂളുന്നതു്. അദ്ദേഹം വരുന്നുണ്ടായിരിക്കും. ശ്രദ്ധിച്ചിരുന്നു.

പുറത്തു കരിയിലകളനങ്ങിയപ്പോൾ കട്ടിലിൽനിന്നെഴുന്നേററു് വാതിലിന്നടുത്തുചെന്നു് ചെവി വട്ടംപിടിച്ചു. ‘‘വരുന്നുണ്ടു്!’’ ആകാംക്ഷയോടെ വാതിൽപ്പാളിയിലൂടെ പുറത്തേക്കു നോക്കി. അരണ്ട വെളിച്ചത്തിൽ ഇലഞ്ഞിമരത്തിന്റെ ചുവട്ടിലൂടെ ഒരു പട്ടി വാലും താഴ്ത്തി മണംപിടിച്ചു നടക്കുന്നതു കണ്ടപ്പോൾ നിരാശ കണ്ണുനീരിന്റെ രൂപത്തിൽ പുറത്തേക്കു ചാടി.

അകലെയുള്ള ഫാക്ടറിയിൽനിന്നു സൈറൻ മുഴങ്ങിയപ്പോൾ ടൈംപീസിലേക്കു മിഴികളുയർന്നു. ചെറിയ സൂചി അഞ്ചും വലിയ സൂചി പന്ത്രണ്ടും സൂചിപ്പിക്കുന്നു.

അഞ്ചുമണിയായിട്ടും അദ്ദേഹം വന്നില്ലല്ലോ എന്നോർത്തപ്പോൾ ദുഃഖം അണപൊട്ടി ഒഴുകി. ഇന്നലെ വൈകുന്നേരം ഇറങ്ങിപ്പോയതാണു്. ഇറങ്ങിപ്പോവുന്നതു കണ്ടപ്പോൾ എവിടെയെങ്കിലും പോവട്ടെ എന്നു കരുതി ഒന്നും മിണ്ടിയില്ല. മണിക്കൂറുകൾ നീങ്ങിയിട്ടും തിരിച്ചു വരാതായപ്പോൾ ഭീതി തലപൊക്കി. വരാതിരിക്കില്ല എന്നുറപ്പിച്ചു് പ്രതീക്ഷയോടെ വാതിലടച്ചു കിടന്നു.

ഉറക്കമൊഴിച്ചു മണിക്കൂറുകളായി തള്ളിനീക്കുന്നു. ചുവരിൽ തൂക്കിയ കർത്താവിന്റെ പടം നോക്കി കണ്ണീരോടെ പ്രാർത്ഥിച്ചു. ‘‘ദയാപരനായ കർത്താവേ . . . . യാതൊരു അപകടവും വരുത്തല്ലേ . . . ഉടനെ മടക്കിഅയക്കേണമേ.’’

കട്ടിലിൽ ചെന്നിരുന്നു മുഖം തടവിനോക്കി. ഭർത്താവിന്റെ ശക്തിയുള്ള കൈപ്പത്തികൊണ്ടു കിട്ടിയ അടിയുടെ പാടുകൾ തടിച്ചുകിടക്കുന്നു. അടിക്കാനുള്ള കാരണമോർത്തപ്പോൾ ദുഃഖവും നാണവുമുണ്ടായി.

ജോണിയല്ലേ ഇതിനെല്ലാം കാരണക്കാരൻ. അതേ! ജോണി. അല്ലെങ്കിലെന്തിനദ്ദേഹത്തെ

കുററപ്പെടുത്തണം? താനാണെല്ലാററിനും കാരണക്കാരി. ചെയ്ത തെററിനു് തനിക്കു ശിക്ഷ കിട്ടി. കിട്ടുകതന്നെ വേണം. വീണ്ടും അടിയുടെ പാടുകൾ തടവി.

തങ്ങളുടെ നാലുകൊല്ലത്തെ ദാമ്പത്യജീവിതത്തിൽ ആദ്യമായിട്ടാണിങ്ങനെ സംഭവിക്കുന്നതു്. ഈ കാലത്തിന്നിടയിൽ അദ്ദേഹം കയർത്തു് ഒരു വാക്കുപോലും പറഞ്ഞിട്ടില്ല. വളരെ സ്നേഹത്തോടും സന്തോഷത്തോടുംകൂടി ജീവിതം മുന്നോട്ടു നീങ്ങുന്നതിന്നിടയിൽകണ്ട ആദ്യത്തെ ഗർത്തം. ഓർത്തപ്പോൾ ദുഃഖം നിയന്ത്രിക്കാൻ കഴിഞ്ഞില്ല.

ജോണിയോടു സംസാരിക്കേണ്ടിയിരുന്നില്ല പശ്ചാത്താപബുദ്ധിയോടെ ഓർത്തു. ഭാര്യ അന്യപുരുഷനുമായി ചിരിച്ചുല്ലസിക്കുന്നതു് ഒരു ഭർത്താവിനു് ഒരിക്കലും പൊറുക്കത്തക്കതല്ല. താൻ ചെയ്ത കൊടുംപാതകത്തിനു് ഈ ശിക്ഷ മതിയോ.... ആയിരം തവണ ആഞ്ഞടിക്കേണ്ടതായിരുന്നില്ലേ.... വീണ്ടും മുഖം തടവി.

ജോണി....! അദ്ദേഹവും താനുമായൊരു ബന്ധമുണ്ടായിരുന്നില്ലേ? ഒരിക്കലും അററുപോവില്ലെന്നു് സ്വപ്നംകണ്ടിരുന്നൊരു ബന്ധം.... പഴയ ബന്ധത്തെക്കുറിച്ചോർത്തപ്പോൾ ചിന്തകൾ ചിറകുവിടർത്തി ഭൂതകാലത്തിലേക്കു പറന്നുപോയി.

ഗായകനും, കലാകാരനും, പ്രാസംഗികനുമായിരുന്ന ജോണി എന്ന യുവാവിനെ ആദ്യമായി കണ്ടതു് ടൈനിംഗ് സ്കൂളിൽവെച്ചാണു്. തന്റെ ക്ലാസിലെ കലാകാരനെ ശ്രദ്ധിച്ചു.

കണക്കിൽ മഹാമണ്ടനായിരുന്ന കലാകാരനു് കണക്കിൽ സമർത്ഥയായ തന്റെ സഹായം പലപ്പോഴും ആവശ്യമായിവന്നിരുന്നു. അപ്പോഴൊക്കെ അദ്ദേഹത്തിനു ഇതു മാത്രമേ പറയാനുണ്ടായിരുന്നുള്ളു. ‘‘അന്നേ.... നിന്റെ ബ്രെയിൻ എന്റെ തലയിലായിരുന്നുവെങ്കിൽ....’’ തമാശക്കാരനുംകൂടിയായ ജോണിയുമായി കൂടുതലടുത്തു. അദ്ദേഹത്തിന്റെ ഓരോ വാക്കിലും നർമ്മരസം കണ്ടെത്തി.

തന്റെ മിക്ക ചാർട്ടുകളും വരച്ചുതന്നതു് ജോണിയായിരുന്നു.

തന്റെ വീട്ടിന്റെ രണ്ടുമൂന്നു് ഫർലോംഗ് അകലെയുള്ള ലോഡ്ജിലായിരുന്നു ജോണിയുടെ താമസം. പലപ്പോഴും വീട്ടിൽ വന്നിരുന്നു. ജോണിയുമായുള്ള അടുപ്പം മനസ്സിലാക്കിയ സുമതി ഒരിക്കൽ പറഞ്ഞു: ‘‘കലാകാരൻ ഒരു ബുദ്ധിമതിയെ വിവാഹം കഴിച്ചാൽ അതിൽ വിരിയുന്ന കുസുമങ്ങൾ കലാകാരന്മാരും അതിബുദ്ധിമാന്മാരുമായിത്തീരും. അവർക്കു മാത്ത്മാററിക്സു് കോപ്പിയടിക്കേണ്ടിവരില്ല.’’ സുമതിയുടെ വാക്കുകൾ കേട്ടപ്പോൾ ആഗ്രഹങ്ങൾ പൊട്ടിച്ചിരികളായി മാറി.

രണ്ടാം വർഷാവസാനത്തിൽ തന്റെ ആഗ്രഹങ്ങൾ തളിരിടുകയും ഉടനെ വാടിക്കരിയുകയും ചെയ്ത ഒരു സംഭവമുണ്ടായി. അതെല്ലാം ഇന്നലെ കഴിഞ്ഞതുപോലെ ഓർക്കുന്നു. വൈകുന്നേരം താൻ മുകളിൽതട്ടിലെ മുറിയിലിരുന്നു് നോവൽ വായിക്കുകയായിരുന്നു. അച്ഛൻ പൂമുഖത്തിരുന്നു് പത്രം വായിക്കുന്നു. അയൽവീട്ടിലെ മുഹമ്മദലി കയറിവന്നു.

അവരെന്തോ സംസാരിക്കുന്നു. ചെവിയോർത്തു. മുഹമ്മദലി അച്ഛനോടു് വിവാഹപ്രശ്നത്തെ സംബന്ധിച്ചാണു് സംസാരിക്കുന്നതെന്നു മനസ്സിലായപ്പോൾ ശ്രദ്ധിച്ചു: ‘‘തന്നെ ജോണിക്കു് വിവാഹം ചെയ്തുകൊടുത്താലെന്തെന്നു്....’’ ജോണിയുടെ സൂത്രം പെട്ടെന്നു മനസ്സിലായി. സന്തോഷംകൊണ്ടു് വീർപ്പുമുട്ടി. ‘‘കർത്താവേ.... അച്ഛനു നല്ലതു് തോന്നിക്കേണമേ....’’ ആയിരം തവണ പ്രാർത്ഥിച്ചു.

അച്ഛൻ പറയുന്നതു കേട്ടു, ‘‘പഠിച്ചുകഴിയട്ടെ.’’ ആശ്വാസത്തോടെ നെടുവീർപ്പിടുമ്പോൾ അച്ഛന്റെ ശബ്ദം വീണ്ടും: ‘‘മുഹമ്മദലീ, അവൾക്കു ഞാനൊരു ഭർത്താവിനെ കണ്ടുവെച്ചിട്ടുണ്ടു്. എന്റെ അകന്ന ഒരു ബന്ധു. ഒരു ഇലക്ട്രീഷ്യൻ. തിരുവല്ലക്കാരൻ.’’ കേട്ടപ്പോൾ തളർന്നുപോയി. നോവൽ കൈയിൽ

നിന്നു നിലത്തു് ഊൻവീണു. രാത്രി മുഴുവൻ കിടക്കയിൽ, തലയിണയിൽ മുഖം അമർത്തിക്കിടന്നു കരഞ്ഞു.

പിറ്റേദിവസം സ്കൂൾവിട്ടു് വരുമ്പോൾ ജോണിയോടു പറഞ്ഞു: ''ജോണീ, നമ്മുടെ വിവാഹം നടക്കുമെന്നു തോന്നുന്നില്ല . . . . അച്ഛൻ മറ്റൊരു . . . .'' വാക്കുകൾ പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

''കരയരുതു്. കൺഗ്രാജ്ജുലേഷൻസ്, മേ ഗോഡ് ബ്ലസ്സ് യൂ.'' ജോണിയുടെ ആശീർവ്വാദം കേട്ടപ്പോൾ അത്ഭുതമാണു് തോന്നിയതു്. നിർവികാരനായി, കൂടുതലൊന്നും പറയാതെ നടന്നുനീങ്ങുന്ന ജോണിയെ അത്ഭുതത്തോടെ, നിറമിഴികളോടെ നോക്കിനിന്നു. ശേഷം തിരിഞ്ഞു വീട്ടിലേക്കു നടന്നു.

കോഴ്സ് പൂർത്തിയാക്കി, ജോലികിട്ടിയിട്ടു നാലു വർഷങ്ങളായി. ജോലി കിട്ടി താമസിയാതെ വിവാഹവും നടന്നു. നീണ്ട നാലു് സംവത്സരങ്ങൾക്കുശേഷം പിന്നീടാദ്യമായി ജോണിയെ കണ്ടതു് കഴിഞ്ഞാഴ്ചയാണു്.

അശ്റഫ് മാസ്റ്ററുടെ ഒഴിവിലേക്കു് പുതിയൊരു പി. എസ്. സി. അപ്പോയന്റ്മെന്റ് ഉണ്ടെന്നു് വെള്ളിയാഴ്ച ശാന്ത പറഞ്ഞിരുന്നു. അവർ എ. ഇ. ഒ. ഓഫീസിൽ പോയപ്പോൾ ക്ലാർക്കു പറഞ്ഞു് അറിഞ്ഞതാണെന്നു പറഞ്ഞു.

ശനിയാഴ്ച രാവിലെ മൂന്നാം പീര്യാഡ് സ്റ്റാഫ്റൂമിലിരുന്നു ഫിഫ്ത്തിലെ പ്രബന്ധം കറക്റ്റ്ചെയ്യുകയായിരുന്നു. ഹാഫ് ഡോർ തുറന്നു് ഓഫീസിലേക്കു ഒരാൾ പോവുന്നതു് ശ്രദ്ധിച്ചു. ''ജോണിയെപ്പോലെ ഇരിക്കുന്നല്ലോ'' ഉള്ളൊന്നു നടുങ്ങി.

വൈകുന്നേരം സ്കൂൾവിട്ടു് പോവുമ്പോൾ ശാന്ത പറഞ്ഞു. ''പുതിയ ആളുടെ പേരു് ജോണീന്നാ . . . . കൊല്ലത്തുനിന്നാണെന്നു തോന്നുന്നു. എച്ച്. എം. പറഞ്ഞു.'' അതു കേട്ടപ്പോൾ സംശയം വർദ്ധിച്ചു. ജോണി . . . . കൊല്ലത്തുകാരൻ . . . . അതേ മുഖച്ഛായ. ജോണിതന്നെ, പഴയ ജോണി.

. . അന്നു് രാത്രി ഉറക്കം വന്നില്ല. മനസ്സു് നിറയെ പഴയ ഓർമ്മകളായിരുന്നു.

പിറ്റേ ദിവസം സ്കൂളിൽ ചെന്നപ്പോൾ ജോണി എത്തിക്കഴിഞ്ഞിരുന്നു. അദ്ദേഹം തന്നെ സൂക്ഷിച്ചുനോക്കുന്നുണ്ടെന്നു് തോന്നി. അടുത്തു എത്തിയപ്പോൾ അദ്ദേഹം പതുക്കെ ചോദിച്ചു, ''ടീച്ചറുടെ പേരെന്താ?''

''അന്ന.''

കൂടുതലൊന്നും പറഞ്ഞില്ല. ഒന്നും ചോദിച്ചതുമില്ല. സൈൻചെയ്തു രജിസ്റ്ററും ചോക്കുമെടുത്തു ക്ലാസ്സിൽ പോയി. ക്ലാസ്സെടുക്കാൻ കഴിഞ്ഞില്ല. മനസ്സു് പഴയ ഓർമ്മകളിലൂടെ അപഥസഞ്ചാരം നടത്തുകയായിരുന്നു.

പിറ്റേ ദിവസം ധൈര്യം സംഭരിച്ചു ജോണിയോടു് എല്ലാ വിവരവും ചോദിച്ചറിഞ്ഞു. അനുസരണയുള്ള ഒരു കുട്ടിയെപ്പോലെ എല്ലാം തുറന്നുപറഞ്ഞപ്പോൾ ഹൃദയത്തിന്റെ ഭാരം ചുരുങ്ങിയതുപോലെ തോന്നി. ഇതുവരെ അദ്ദേഹം വിവാഹിതനായിട്ടില്ലെന്നു് കേട്ടപ്പോൾ അത്ഭുതവും സങ്കടവും ഉണ്ടായി.

അന്നു് ജോണിയെ വീട്ടിലേക്കു ക്ഷണിച്ചു. ക്ഷണം സ്വീകരിച്ചു. അദ്ദേഹം വൈകുന്നേരം വീട്ടിൽ വന്നു. ''ഒപ്പം പഠിച്ച ആളാ . . . . പുതിയ പി. എസ്. സി. മിനിഞ്ഞാന്നാ ജോയിൻചെയ്തതു്.'' ഇതു പറഞ്ഞപ്പോൾ അദ്ദേഹം ചിരിച്ചുകൊണ്ടു ചോദിച്ചു: ''എന്നിട്ടെന്തേ, ഇതുവരെ മിണ്ടാഞ്ഞതു്.''

ഇന്നലെ ഭർത്താവു് തന്നെക്കാണാൻ സ്കൂളിൽ വന്നതായിരുന്നു. സ്റ്റാഫ്റൂമിൽ താനും ജോണിയും തനിച്ചിരുന്നു സംസാരിക്കുന്നതു് അദ്ദേഹം കണ്ടു. തന്നോടു് ഒന്നും പറയാതെ ഇറങ്ങിപ്പോവുന്നതു് കണ്ടപ്പോൾ പത്മം ടീച്ചർ ഓടിവന്നു് പറഞ്ഞു: ''ടേ . . . . മിസ്റ്ററെന്താ ഇതുവരെ വന്നു് മിണ്ടാതെ പോണതു.'' ധൃതിയിൽ എഴുന്നേറ്റു് പുറത്തുവന്നു നോക്കിയപ്പോൾ വേഗത്തിൽ നടന്നകലുന്നതാണു് കണ്ടതു്.

സ്കൂൾ വിട്ടു് വീട്ടിലെത്തി. അദ്ദേഹം പരുവത്തിലായിരുന്നു. കണ്ടപാടെ ദേഷ്യത്തിൽ

ചോദിച്ചു: ''എന്താ, പുതിയ ആളു് എന്നേക്കാൾ കൊള്ളുമല്ലേ....?

അർത്ഥംവെച്ചുള്ള സംസാരം തീരെ ഇഷ്ടപ്പെട്ടില്ല. തന്നെ വെറുതെ കുററപ്പെടുത്തുകയാണെന്നുകണ്ടപ്പോൾ കോപം അടക്കി പറഞ്ഞു: ''ആരോടും സംസാരിക്കാൻ വയ്യങ്കിൽ വായ് അങ്ങു സീല്‌വെച്ചേരു്.''

അദ്ദേഹം ഓടിവരലും മുഖത്തു് ആഞ്ഞടിക്കലും ഒപ്പം കഴിഞ്ഞു. പിന്നീടൊന്നും ഓർമ്മയുണ്ടായിരുന്നില്ല.

പിന്നെ അദ്ദേഹം സന്ധ്യക്കു് വിളക്കുകൊളുത്തിവച്ചു് ഇറങ്ങിപ്പോവുന്നതാണു് കണ്ടതു്.

കുഞ്ഞു് കരഞ്ഞപ്പോൾ ചിന്തയിൽനിന്നു ഞെട്ടിയുണർന്നു. കുഞ്ഞിനെയെടുത്തു പാലൂട്ടി.

പുറത്തു്, കാക്കകൾ കരഞ്ഞു. ബാലാർക്കന്റെ സുവർണ്ണരശ്മികൾ ജനൽപാളികളിലൂടെ അകത്തുകടന്നപ്പോൾ വിളക്കണച്ചു് വാതിൽ തുറന്നു് പുറത്തിറങ്ങി.

ഒന്നിനും മനസ്സുവന്നില്ല. മുററമടിക്കുകയോ, കാപ്പിയുണ്ടാക്കുകയോ ചെയ്യാതെ കുഞ്ഞിനേയുമെടുത്തു് ഇലഞ്ഞിയുടെ ചോട്ടിൽ ചെന്നിരുന്നു.

അകലെയുള്ള വഴിയിൽ ഒരാളെ അന്വേഷിച്ചു് ദൃഷ്ടികൾ പറന്നുപോയി. കമ്പനിയിൽ പോവാറാവുമ്പോഴും വരാതിരിക്കില്ല എന്നുറപ്പിച്ചു് ഇലഞ്ഞിയുംചാരിയിരുന്നു.

ഒമ്പതു് മണിയുടെ സൈറൺ മുഴങ്ങിയപ്പോൾ ദുഃഖത്തിനു വളച്ചുവെച്ചു. അദ്ദേഹം കമ്പനിയിൽ യന്ത്രങ്ങളുമായി മല്ലിടുന്നതു ഒമ്പതുമണിമുതലാണു്.

''അദ്ദേഹം ഇങ്ങുവരാതെ കമ്പനിയിൽ പോയോ? ഷിഫ്‌ററ് കഴിഞ്ഞു് വരാതിരിക്കില്ല....'' ആശ്വസിച്ചു് ഇലഞ്ഞിച്ചോട്ടിൽനിന്നു് എഴുന്നേററുവന്നു് കാഷ്വൽലീവെഴുതി തന്റെ ശിഷ്യനെവിളിച്ചു കൊടുത്തയച്ചു.

കുഞ്ഞിനു് പാൽ വാങ്ങാൻ അയൽവീട്ടിലെ വേലിയിറമ്പിൽ വന്നു. വേലിക്കരികിലെത്തിയപ്പോൾ കുമാരൻ ഓടിക്കിതച്ചുവരുന്നതാണു് കണ്ടതു്. കാര്യമറിയാതെ പകച്ചുനിന്നു.

''ടീച്ചറേ....ടീച്ചറേ....കമ്പനിയിൽ ഇലക്ട്രിക്‌കമ്പി പൊട്ടി ആർക്കൊക്കെയോ ഷോക്കേററിട്ടുണ്ടു്....സാറു്...സാറു്......'' അവനു് വാക്കുകൾ പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

''എന്തു്!....ജോസഫ് സാറിനു്....സാറിനെന്തുപററി....കർത്താവേ....'' വയലിലൂടെ പടിഞ്ഞാറോട്ടു് കമ്പനിയെ ലക്ഷ്യമാക്കി ഒരു കൊടുങ്കാററുപോലെ കുതിച്ചു.

# ശിക്ഷ

നസീംബാനു, Final B. Sc. (Chemistry)

ബോഗൻവില്ല പടർന്നുകയറിയ ഗെയിററിൽ ചാരി അങ്ങകലെ ഒരു കറുത്ത പൊട്ടായി അവശേഷിക്കുന്ന കാറിൽ മിഴികളൂന്നിനിന്നപ്പോൾ കരയാൻപോലും വയ്യാത്തവിധം ദുഃഖിതയാണു താനെന്നവൾക്കു തോന്നി. പുലർന്നപ്പോൾ മുററം നിറയെ മുല്ലപ്പൂക്കൾ ചിതറിക്കിടന്നിരുന്നു. എല്ലാ പ്രതീക്ഷകളും നശിച്ച് ഊഴിയിലേക്കു കുസൃതിക്കാററെറിഞ്ഞുവീഴ്ത്തിയ വാടിയ മുല്ലപ്പൂക്കൾ! അവയിലൊന്നാണ് താനെന്നവൾക്കു തോന്നി! നെഞ്ചിലൂടെ കാറിന്റെ കനത്ത ചക്രങ്ങൾ ഉരച്ചു പാഞ്ഞിട്ടും കണ്ണുനീരല്ലാത്ത എല്ലാം ഉള്ളിലൊതുക്കാൻ ശ്രമിക്കുന്ന മുല്ലപ്പൂക്കൾ! ഇന്നലെ അവ വിടർന്നു പരിമളം പൊഴിച്ചുനിന്നിരുന്നു. മധുരസംഗീതവും മൂളിവന്ന വണ്ടത്താൻ തേനുണ്ണാൻവേണ്ടി ചിറകുവിരിച്ച് അടുത്തണഞ്ഞപ്പോൾ എന്തെല്ലാം വാഗ്ദാനങ്ങൾ നല്കി! ഇന്നു വീണുകിടക്കുന്ന ഈ പൂവിന്റെ ശവത്തിന്മുകളിലൂടെ പുതിയ പൂവിനെ അന്വേഷിച്ച് നടക്കുന്നു അതേ വണ്ടത്താൻ! ഇതാണു ജീവിതം!!

“അമ്മേ” . . . . ബാബു ഉണർന്നിരിക്കുന്നു. ഇനി തന്റെ ജീവിതത്തിലെ ഏക ആശാകേന്ദ്രം! തന്റെ ബാബുമോൻ! അദ്ദേഹത്തിന്റെ അതേ പകർപ്പ്. ആ ചുണ്ടും കണ്ണും മൂക്കും: എന്തിന്? ആ കൊച്ചരിപ്പല്ലുകളും ചുരുളൻ മുടിയുംകൂടി! അവന്റെ മുഖത്ത് മിഴികൾനട്ടുകൊണ്ടിരുന്നപ്പോൾ മനസ്സിന്റെ കണ്ണാടിയിൽ ഒരു ചിത്രം തെളിഞ്ഞുവന്നു. ജീവിതം നിരർത്ഥകമാണെന്നു തന്നെ ബോദ്ധ്യപ്പെടുത്തിയ ചിത്രം! അദ്ദേഹത്തിന്റെ തോളുരുമ്മി പതിനെട്ടുകാരിയായ സോണിയ എന്ന സുന്ദരിയായ പെൺകുട്ടി! ബോബുചെയ്ത തലമുടി ഇടത്തെ കൈകൊണ്ടൊതുക്കി സുന്ദരമായ തന്റെ ദന്തനിരകളെ പ്രദർശിപ്പിച്ച് മധുരപ്പുഞ്ചിരിതൂകുന്ന ചുവന്നു തുടുത്ത പെൺകുട്ടി! തന്റെ മുന്നിൽവെച്ച് ഇത്രയും സ്വാതന്ത്ര്യമെടുക്കുമ്പോൾ തന്റെ അഭാവത്തിൽ . . . . ഹൊ . . . . ആലോചിക്കാൻപോലും വയ്യ.

ദിവസങ്ങൾക്കുമുമ്പേ അലക്കുകാരി പാറുവമ്മ ആ രഹസ്യം തന്റെ ചെവിയിൽ മന്ത്രിച്ചപ്പോൾ ആ തള്ളയുടെ മുഖത്ത് ഒരാട്ടുവെച്ചുകൊടുക്കുവാനാണ് തോന്നിയതു്. ആ അമ്മയുടെ മകൻ അദ്ദേഹത്തിന്റെ ഓഫീസിലെ ശിപായി ആണ്. അവൻ പറഞ്ഞതാണത്രെ! അദ്ദേഹവും ടൈപ്പിസ്റ്റ് സോണിയായുംതമ്മിൽ . . . . അപ്പോൾമുതൽ തോന്നിത്തുടങ്ങിയതാണീ അസ്വാസ്ഥ്യം. വിശ്വസിക്കാൻ പ്രയാസം തോന്നി. തന്റെ ബിന്ദു. തന്റെ മാത്രമെന്നു താൻ കരുതിയ ബിന്ദു. തന്റെ ബാബുമോന്റെ അച്ഛൻ! ഇല്ല ഒരിക്കലും ഇല്ല.

നഷ്ടബോധത്തെ അംഗീകരിക്കാനാവാതെ മനസ്സു കേണു. സ്വയം സമാധാനിക്കാൻവേണ്ടി മനസ്സിൽ ഉറപ്പിച്ചു. വെറുതെയാണ്. എല്ലാം ശുദ്ധനുണയാണ്. അസൂയകൊണ്ട് പറഞ്ഞുണ്ടാക്കുന്നതാണ്. പക്ഷെ എന്നെന്നേക്കുമായി സംശയത്തിന്റെ പടുകുഴിയിലേയ്ക്കു് താൻ വഴുതിവീഴുകയായിരുന്നു. ദുർബ്ബലമായ ഹൃദയം മന്ത്രിച്ചു. ശരിയല്ലേ? പണ്ടത്തെ ബിന്ദുവിന്റേതിൽനിന്നും എത്രയോ മാറിയില്ലേ അദ്ദേഹത്തിന്റെ പെരുമാററങ്ങൾ?

നേരംവൈകി എത്തുന്ന രാത്രികൾ . . . . ആവശ്യങ്ങൾ ഒന്നോ രണ്ടോ വാക്കിലൊതുക്കി നിർത്തുന്ന സംഭാഷണങ്ങൾ . . . . നേരംവൈകിയെത്തുന്നതിനുള്ള കാരണം അന്വേഷിക്കുമ്പോൾ അദ്ദേഹം അക്ഷോഭ്യനായി പറയും. ''എന്തൊരു ജോലിത്തിരക്കാണ്. നിനക്കറിഞ്ഞുകൂടാ''!!!

മാസങ്ങൾക്കുമുമ്പ് ചിരിയും ബഹളവും നിറഞ്ഞതായിരുന്നു ഞങ്ങളുടെ ജീവിതം. ഉന്മേഷദായകങ്ങളായ പ്രഭാതങ്ങളും പ്രസരിപ്പാർന്ന സായാഹ്നങ്ങളും! എന്നും രാവിലെ കാർ സ്റ്റാർട്ടാക്കുമ്പോൾ താനും മോനും പടിക്കൽ ഹാജരായിരിക്കും; അദ്ദേഹത്തെ യാത്രയാക്കാൻ! പിന്നീട് ഒരു ശൂന്യതയാണ്. വിരസങ്ങളായ മണിക്കൂറുകൾ തള്ളിനീക്കി വൈകുന്നേരം എത്തുമ്പോൾ താൻ ഒരുങ്ങിനില്ക്കും അദ്ദേഹത്തെ കാത്ത്. ''സുന്ദരിക്കുട്ടീ ഞാൻ വൈകിയോ?'' എന്ന മുഖവുരയോടെ അദ്ദേഹം കടന്നുവരുമ്പോൾ ബാബുമോൻ ആ കൈകളിലേക്കു ചാടിക്കഴിഞ്ഞിരിക്കും. ജീവിതത്തിലെ മനോഹരങ്ങളായ നിമിഷങ്ങൾ!! ഇപ്പോൾ അദ്ദേഹത്തിന് ജോലിത്തിരക്കാണ്. രണ്ടുമാസങ്ങളോളമായി ചോദിച്ചാൽ പറയും ''ഇൻസ്പെക്ഷനാണ്. എല്ലാം പൂർത്തിയാക്കണം. എത്രയോ ഫയലുകൾ മേശപ്പുറത്ത് കുന്നുകൂടിക്കിടക്കുന്നു.''

ഇന്നുവരെ താനെല്ലാം വിശ്വസിച്ചു. പക്ഷേ . . . .!! കൺമുമ്പിൽ കണ്ടപ്പോൾ വിശ്വാസത്തിന്റെ അടിത്തറ ഇളകിപ്പോയി. ഉച്ചയ്ക്ക് ജോലികളെല്ലാം ഒതുക്കി അങ്ങേതിലെ സുമതിയോടു വാങ്ങിയ നോവൽ വായിച്ചുകൊണ്ട് പൂമുഖത്തിരിക്കയായിരുന്നു. അവധിയായതുകൊണ്ടു പതിവുപോലെ ഉച്ചയൂണും കഴിഞ്ഞ് അദ്ദേഹം ഉറങ്ങുന്നു. കോളിംങ്ബെൽ ശബ്ദിച്ചപ്പോൾ ചെന്നുനോക്കി. മുട്ടിനു വളരെ മുകളിൽ അവസാനിക്കുന്ന സ്വർണ്ണവർണ്ണമാർന്ന ഫ്രോക്കിട്ട് ആ വർണ്ണത്തെ തോല്പിക്കുന്ന മാദകത്വമാർന്ന തന്റെ ശരീരാവയവങ്ങൾ മിക്കതും പുറത്തുകാട്ടി മനോഹരിയായ ഒരു ആംഗ്ലോ ഇന്ത്യൻ പെണ്ണ് പുഞ്ചിരിക്കുന്നു. കണ്ടപ്പോൾ തന്നെ ഹൃദയം മിടിയ്ക്കാൻ തുടങ്ങി. മനസ്സ് അസ്വസ്ഥമായി.

സൗമ്യമായി ചോദിച്ചു, ''എന്താ?''

ഉടനെ അവൾ ഉത്തരം തന്നു. ''എനിക്ക് മിസ്റ്റർ ബിന്ദുവിനെ കാണണം.''

''എന്താ പേര്?''

''സോണിയ''—''ഓഫീസിലെ ടൈപ്പിസ്റ്റാണ്.''

തല കറങ്ങുന്നതുപോലെ തോന്നി.

അദ്ദേഹത്തെ വിളിച്ചുണർത്തി അപ്പുറത്തേയ്ക്കു പോവുമ്പോൾ ഹൃദയം തേങ്ങി. നിശ്ശബ്ദമായ ഭാഷയിൽ, ഒന്നും കാണാനുള്ള കരുത്ത് തന്റെ കണ്ണുകൾക്കില്ല. ദൈവമേ! എന്തൊരു പരീക്ഷണം?

ബിന്ദുവിന്റെ ഉറക്കെയുള്ള കുശലാന്വേഷണങ്ങൾക്കിടയിൽ അവളുടെ അടക്കിയ ചിരിയുടെ അലകൾ ഒഴുകിവന്നു. തലയിണയിൽ മുഖമമർത്തി തേങ്ങാനേ കഴിഞ്ഞുള്ളു.

നിമിഷങ്ങൾക്കുശേഷം അദ്ദേഹം പറഞ്ഞു. ''മിനി! എനിക്കത്യാവശ്യമായി ഓഫീസുവരെ പോകണം. ചില അർജൻറ് ലെറ്റേഴ്സ് ടൈപ്പുചെയ്യാനുണ്ട്'' . . . . ''അതെന്റെ ഓഫീസിലെ ടൈപ്പിസ്റ്റാണ്—സോണിയ.''

അദ്ദേഹം പറഞ്ഞതെല്ലാം കേട്ടുകൊണ്ട് ഒന്നും മനസ്സിലാവാതെ ഒരു ശിലാപ്രതിമപോലെ നിശ്ശബ്ദയായി നില്ക്കുമ്പോൾ കാർ സ്റ്റാർട്ടാകുന്ന ശബ്ദം കേട്ടു. മിഴിച്ചുനിന്ന തന്റെ കണ്ണുകൾക്കുമുമ്പിൽ സ്വർണ്ണവർണ്ണമാർന്ന ആയിരം സോണിയമാർ നൃത്തമാടുകയായിരുന്നു. അദ്ദേഹത്തോടുരുമ്മി മുൻസീറ്റിലിരുന്ന സോണിയ കൈ ഉയർത്തി വീശിയപ്പോൾ തന്നെ പരിഹസിക്കുന്നതായി തോന്നി.

ദൂരെ കറുത്തപൊട്ടായി അവശേഷിക്കുന്ന ആ കാറിനുനേരെ മിഴികളൂന്നിയിരുന്നപ്പോൾ മനസ്സിൽ ഒരു തിരശ്ശീലയിലെന്നപോലെ ഭൂതകാലസംഭവങ്ങൾ മിന്നിമറഞ്ഞു.

കഴുകന്റെ കണ്ണുകളുള്ള മദർ സുപ്പീരിയറിന്റെ മുന്നിൽ ഈ ലോകം മുഴുവൻ പിടിച്ചടക്കിയ ജേതാവിന്റെ ഭാവത്തോടെ തലയുയർത്തിപ്പിടിച്ചുനിന്നു, തനിക്കുവേണ്ടി ശുപാർശ ചെയ്യുന്ന തന്റെ ബിന്ദു:

തന്റെ സ്വന്തം സഹോദരനെന്നു പറഞ്ഞു മദർ സുപ്പീരിയറിന്റെ മുന്നിൽ ഞെളിഞ്ഞു നില്ക്കാൻ തന്റേടമുണ്ടായ ആ ചെറുപ്പക്കാരനെ ആരാധനാപൂർവ്വമാണ് താൻ വീക്ഷിച്ചത്.

ക്രിസ്തുമസ് വെക്കേഷന് വീട്ടിലേയ്ക്കു കൂട്ടിക്കൊണ്ടുപോവാനെന്നും പറഞ്ഞു വന്നിരിക്കുന്ന ആങ്ങളവേഷക്കാരനെ നോക്കി രാജി പറഞ്ഞു.

“എടീ പെണ്ണേ! നിന്റെ ആങ്ങളേടെ മീശ എനിക്കു നന്നേ പിടിച്ചു. അതിവിടെ തന്നേച്ചുപോവാൻ പറ”

തുടുത്ത മുഖമുയർത്താതെ സൂട്ട്കേയ്സിൽ പുസ്തകങ്ങൾ അടക്കിവെക്കുമ്പോൾ എല്ലാം അറിയുന്ന മോളി ചെവിയിൽ മന്ത്രിച്ചു: “ആങ്ങളയും പെങ്ങളും നേരെ വീട്ടിലേയ്ക്കു തന്നെ പോവണം കേട്ടോ.”

ഒരു വിധത്തിൽ കാറിന്റെ ബാക്ക്സീറ്റിൽ ഇരുന്നപ്പോൾ തല താനെ താണുപോയി. നിമിഷങ്ങൾ കഴിഞ്ഞ് മെല്ലെ മുഖമുയർത്തി നോക്കിയപ്പോൾ മുന്നിൽ കണ്ട കണ്ണാടിയിൽ കുസൃതിക്കാരനായ ഒരു ചെറുപ്പക്കാരന്റെ മുഖം തിളങ്ങി. അതൊരു സ്വപ്നത്തിന്റെ ആരംഭമായിരുന്നു. നിറഞ്ഞ സംതൃപ്തിയോടെ കാറിന്റെ ബാക്ക്സീറ്റിൽ ചാരിയിരുന്ന് യാത്രചെയ്യുമ്പോൾ മനസ്സിലോർത്തു: ജീവിതയാത്രയിൽ തനിക്കൊരു പങ്കാളിയുണ്ടാവുകയാണെങ്കിൽ അതു തന്റെ ബിന്ദുവായിരിക്കും. ബിന്ദു മാത്രം!

വിവാഹരാത്രിയിൽ ഒരു കിനാവു പുഷ്പിച്ചപ്പോൾ അദ്ദേഹം മെല്ലെ അടുത്തണഞ്ഞു. പുഞ്ചിരിച്ചുകൊണ്ടു തന്നെ സാവധാനം അരികിൽ ഇരുത്തി അദ്ദേഹം മെല്ലെ പറഞ്ഞു.

“മിനിക്കുട്ടീ, എന്നും നീ എന്റേതായിരിക്കണം. ഈ ബിന്ദു നിന്റേതും”!

അന്നു ഹൃദയം സന്തോഷംകൊണ്ടു തുള്ളിച്ചാടുകയായിരുന്നു. ജീവിതം മനോഹരമായ ഒരു മഞ്ഞുതുള്ളിയാണെന്നപ്പോൾ തോന്നി. പ്രഭാതസൂര്യന്റെ ഇളംചൂടാർന്ന കരങ്ങളുടെ തഴുകലേറ്റുകൊണ്ട് പച്ചപ്പുൽ തുമ്പിൽ മയങ്ങിക്കിടക്കുന്ന മഞ്ഞുതുള്ളി! ചൂടും വെളിച്ചവും ഏറിവന്നപ്പോൾ ഉരുകി ആവിയായിപ്പോയ വെറും ഒരു മഞ്ഞുതുള്ളി!!!

ആ മാറിൽ ചാരിക്കിടന്നുകൊണ്ട് താൻ ലോകത്തിലേറ്റവും വലിയ ഭാഗ്യവതിയാണെന്നോർത്തപ്പോൾ, പിൻതള്ളപ്പെടുമെന്നും അവഗണിക്കപ്പെടുമെന്നും താൻ അറിഞ്ഞിരുന്നെങ്കിൽ!!

ബാബുമോൻ കിടക്കുന്ന കട്ടിലിൽ ഇരുന്നുകൊണ്ട് മോനെ തൊട്ടുനോക്കി. ഇപ്പോഴും പനിക്കുന്നുണ്ട്. തലേന്നു രാത്രി ഉറക്കത്തിൽ പിച്ചും പേയും പറഞ്ഞപ്പോൾ താൻ പറഞ്ഞു, ഡോക്ടർ ജെയിംസിനെ ഒന്നു വിളിപ്പിക്കാൻ. അപ്പോൾ അദ്ദേഹം പറഞ്ഞതെന്തായിരുന്നു!

“അതു വെറും ജലദോഷപനിയാണു മിനീ! കുഞ്ഞൊന്നു തുമ്മുമ്പോഴേക്ക് നീ ഇങ്ങനെ വിറളിപിടിയ്ക്കാതെ!

കഴിഞ്ഞതെല്ലാം ഒരു സ്വപ്നമായിരുന്നെങ്കിൽ! എല്ലാം അറിയാമെങ്കിലും ആശിച്ചുപോവുകയാണ്.

“അമ്മേ . . . . വെള്ളം . . . .” — ബാബുമോൻ ഞരങ്ങി. നെറ്റിയിൽ കൈവെച്ചു നോക്കിയപ്പോൾ ഞെട്ടിപ്പോയി. തീപോലെ പൊള്ളുന്നു. വിറയ്ക്കുന്ന കൈകളോടെ ഫോണെടുത്ത് ഓഫീസിലേയ്ക്ക് ഡയൽ ചെയ്യുമ്പോൾ ഹൃദയം ആകാംക്ഷയാൽ തുടിച്ചു.

“ഹലോ”

“ആരാണ്” — ഓഫീസിൽനിന്നുള്ള ചോദ്യം.

“മിസ്സിസ് ബിന്ദു” — “മിസ്റ്റർ ബിന്ദു അവിടെയുണ്ടോ?” അദ്ദേഹത്തെ ഒന്നു വിളിച്ചാൽ വലിയ ഉപകാരമായിരുന്നു.”

“ഇല്ലല്ലൊ! അദ്ദേഹം രണ്ടു ദിവസത്തെ ലീവെടുത്തിരിക്കയാണ്”

മെല്ലെ ഫോൺ താഴെവെച്ചു. നെററിയിൽ പൊടിഞ്ഞ വിയർപ്പുകണങ്ങൾ തുടച്ചു. കണ്ണിൽ ഇരുട്ടുകയറുന്നു. താനെന്താണ് കേട്ടതു്? അപ്പോൾ അദ്ദേഹം തന്നോടു് നുണപറഞ്ഞതാണ്, അർജൻറ് ലെറേറഴ്സ് ടൈപ്പുചെയ്യാനുണ്ടെന്നു്! ഈ നിമിഷം ജീവൻ ശരീരം വിട്ടുപോയെങ്കിൽ! ആശിച്ചുപോയി. ജീവൻ ഒടുക്കിക്കളഞ്ഞാലെന്തു്? ഒരുനിമിഷം! തൻെറ പൊന്നോമനയ്ക്കു് പിന്നെ ആരുണ്ടു്? ഇല്ല! എല്ലാം സഹിച്ചേ പററൂ!

നിശ്ചയദാർഢ്യത്തോടെ ഫാമിലിഡോക്ടർ ജെയിംസിൻെറ നമ്പർ ഡയൽചെയ്തപ്പോൾ അവൾ എല്ലാം തീരുമാനിച്ചുകഴിഞ്ഞിരുന്നു. അവസാനമായി കവിളിലേക്കൊഴുകിയ കണ്ണീർ തുടച്ചുമാററി കണ്ഠം ശരിയാക്കി.

''ഹലോ''

''യെസ്: ഡോക്ടർ ജെയിംസ് സ്പീക്കിംഗ്.''

''ഇതു് മിസ്സിസ് ബിന്ദുവാണ്. കുഞ്ഞിനു തീരെ സുഖമില്ല. പനിയാണ്....'' പറഞ്ഞുതീർന്നില്ല. അപ്പുറത്തുനിന്നു് വികാരാധീനനായ ഡോക്ടറുടെ ശബ്ദം ഒരു സ്വപ്നത്തിലെന്നപോലെ കേട്ടു.

''മിസ്സിസ് ബിന്ദു! ഞാൻ അങ്ങോട്ടു വിളിക്കാൻ പോവുകയായിരുന്നു. I have bad news for you. ധൈര്യമായിരിക്കൂ!

''എന്താണ് ഡോക്ടർ....'' അവളുടെ സ്വരത്തിൽ ആകാംക്ഷനിറഞ്ഞിരുന്നു.

''മിസ്റ്റർ ബിന്ദുവിൻെറ കാർ....എതിരെവന്ന ഒരു ലോറിയിൽ ഇടിച്ചു....അദ്ദേഹത്തിൻെറ തലയ്ക്കു് സാരമായ പരിക്കുപററിയിട്ടുണ്ടു് Don't worry ഇപ്പോൾ ഇവിടെനിന്നു ഹോസ്പിററലിലേയ്ക്കു് കൊണ്ടുപോയതേ ഉള്ളൂ. പ്രാർത്ഥിക്കൂ! അത്രമാത്രമേ ഇനി ചെയ്യാൻ പററൂ.''

കണ്ണിൽ ഇരുട്ടുകയറുന്നതുപോലെ തോന്നി. ഫോൺ കയ്യിൽനിന്നു താഴെ വീണു. ബോധാവസ്ഥയിൽനിന്നും അബോധാവസ്ഥയിലേക്ക് പതിക്കുന്നതിനുമുമ്പു് അവളുടെ മനോമുകുരത്തിൽ പൊട്ടിച്ചിതറിയ തലയും വിതുമ്പുന്ന ചുണ്ടുകളും പ്രതിഫലിച്ചു. ഒപ്പം അവൾ അസ്പഷ്ടമായി മന്ത്രിച്ചു.

''ഈശ്വരാ! എൻെറ ബിന്ദു....''

# "തമസോ മാ ജ്യോതിർഗ്ഗമയ"

ബി. മഹമൂദ് (മാട്ടൂൽ) III B. Sc.

മുറിയിലിരുന്നപ്പോൾ ഉഷ്ണം കൂടിക്കൂടി വരുന്നതുപോലെ തോന്നി. ദേഹത്ത് മുണ്ടല്ലാതെ ഒന്നുമില്ല. എന്നിട്ടും എന്തൊരു ചൂട്? തന്റെ തലക്കകത്താണോ ചൂട്, അതോ അന്തരീക്ഷത്തിനോ? ഒരു നിമിഷം ചിന്തിച്ചപ്പോൾ പ്രകാശവലയത്തിലേക്ക് നോക്കിയാലുണ്ടാകുന്ന വിഭ്രാന്തിയുണ്ടായി. ആ വിഭ്രാന്തിയിൽ നിന്ന് രക്ഷപ്പെട്ട് പുറത്ത് കടന്നപ്പോൾ ഓർത്തു: എന്തിനേ താനിന്നലെ വീട്ടിലേക്ക് പോയത്? നെടുവീർപ്പുകളും തേങ്ങലുകളും ഒപ്പിയെടുക്കാനോ? പ്രപഞ്ചത്തിലെ ദുഃഖം മുഴുവൻ കുടിയിരിക്കുന്ന സുഹറായുടെ മുഖം കാണാനോ? അവളെ ഒന്നാശ്വസിപ്പിക്കുക പോലും ചെയ്തില്ലെന്നോർത്തപ്പോൾ ലജ്ജ തോന്നി. ഒരു ഭീരുവിനെപ്പോലെ, അന്യനെപ്പോലെ ഒളിച്ചോടുകയായിരുന്നോ? അതോ, ആ പുകയുന്ന ഉമിത്തീക്കുമുമ്പിൽ മൂകനായതുകൊണ്ടോ?

ഭാവനാശക്തി കൂടിപ്പോയതാണ് ആകെ തകരാറ്. വെറുതെ സങ്കൽപ്പങ്ങളുണ്ടാക്കി മനസ്സിനെ ചതക്കുന്ന ഈ ഏർപ്പാട് നിർത്താൻ എത്ര ശ്രമിച്ചതാണ്. ഇപ്പോഴും ശ്രമിക്കുന്നു.

ഹോസ്റ്റലിന്റെ മുറ്റത്ത് നിലാവിൽ ബുദ്ധുവിനെപ്പോലെ നില്ക്കുന്ന ബദാംമരം കണ്ടപ്പോൾ അതിന്റെ ചുവട്ടിലേയ്ക്ക് നടന്നു. തണുപ്പുതോന്നി. അപ്പോൾ വെറുതെ ഓർത്തു: എത്ര ചുട്ടുപൊള്ളുന്ന മസ്തിഷ്ക്കങ്ങൾക്ക് ഈ മരം തണുപ്പുനല്കിയിരിക്കും. എത്രയെത്ര നെടുവീർപ്പുകൾ, എത്രയെത്ര തേങ്ങലുകൾ, എന്തെന്തു പൊട്ടിച്ചിരികൾ ഈ മരം കേട്ടിരിക്കും. ഒപ്പം പല വിഡ്ഢിത്തരങ്ങളും. എല്ലാം കേട്ട് ഒന്നും കേൾക്കുന്നില്ലെന്ന മട്ടിൽ, ഒരു വിഡ്ഢിയെപ്പോലെ വർഷങ്ങൾ പിന്നിട്ട് ഈ മരം നില്ക്കുന്നു, നിർവ്വികാരനായി.

"എന്താ മഹേ, ചൂടു തോന്നുന്നുണ്ടോ?"— ഉമ്മറാണ്. ലാബിൽ, ജ്വലിക്കുന്ന ബർണറിന് മുമ്പിൽനിന്ന് അനാലിസിസ് ചെയ്യാറുണ്ടായിരുന്ന തീജ്വാലപോലുള്ള ആമിനാബീയുടെ നീണ്ട മൂക്കിന്റെ കൂർത്ത അറ്റത്ത് വീഴാൻ ഭാവിച്ചുനില്ക്കാറുണ്ടായിരുന്ന ഒരു വിയർപ്പുതുള്ളിയെയും നോക്കി ഒരു കൊല്ലം വെറുതെ കളഞ്ഞ വിഡ്ഢി. അവൻ ഫാത്തിമാബീയെ കല്യാണം കഴിച്ചെന്ന് കേട്ടപ്പോൾ ആദ്യം സന്തോഷം തോന്നി, പിന്നെ പുച്ഛവും. ദരിദ്രനായ, വിദ്യാർത്ഥിയായ ഭർത്താവ്! ഫാബിക്ക് ഒരു സാരി വേണ്ടിവന്നാൽ, ഒരു തട്ടൻ വേണ്ടിവന്നാൽ, കുനിഞ്ഞ തലയും പതറുന്ന മനസ്സുമായി ബാപ്പായുടെ മുമ്പിൽ അപേക്ഷയോടെ നില്ക്കുന്ന നിസ്സഹായനായ, നിസ്സാരനായ പാവം ഭർത്താവ്.

കല്യാണത്തെക്കുറിച്ചോർത്തപ്പോൾ, സ്വന്തം നാട്ടിലെ പൂപ്പൽപിടിച്ച ആചാരങ്ങളെക്കുറിച്ചോർത്തു. അവിടെ ഭർത്താവ്, ഭാര്യവീട്ടിൽ സ്ഥിരം താമസമാണ്, ഒരതിഥിയെപ്പോലെ. ഭാര്യവീട്ടുകാർക്ക് ഒരു പ്രാരബ്ധമായി, ഒരു പാരസൈറ്റായി ജീവിക്കുന്ന അവരും പുരുഷന്മാരാണ്. അലസത, അദ്ധ്വാനിക്കാനും സമ്പാദിക്കാനുമുള്ള മടി, അവരെ

വിമുഖരാകുന്നു. വലിയൊരു തുക സ്ത്രീധനവും വാങ്ങി, ധാരാളം പണം ചിലവു് ചെയ്തു് ഭാര്യവീട്ടുകാർ ഒരുക്കിക്കൊടുക്കുന്ന മണിയറയിൽ ചടഞ്ഞിരുന്നു്, 'അവളു'ടെ കുടുംബസ്വത്തിന്റെ ആധാരത്തിലെ അക്ഷരങ്ങളെയും ആ അക്ഷരങ്ങൾ സമ്മാനിക്കുന്ന വലിയൊരു തുകയേയും ഓർത്തു ജീവിതം പാഴാക്കുന്ന പാവം ഭർത്താക്കന്മാർ. ഗതികെട്ടാൽ ഇണങ്ങിയും പിണങ്ങിയും പാരസൈററുകളെപ്പോലെ ജീവിക്കുന്നു. ദഹനേന്ദ്രിയമില്ല. ദഹനരസങ്ങളില്ല. ഭാര്യവീട്ടുകാർ ദഹിപ്പിച്ചുകൊടുക്കുന്നതു് വെട്ടിവിഴുങ്ങുന്നു. . . വീട്ടിന്റെ വെളിച്ചം കയറാത്ത ചുമരുകൾക്കുള്ളിൽനിന്നു് കേൾക്കുന്ന അടക്കിപ്പിടിച്ച തേങ്ങലുകൾ, വേദനകിനിയുന്ന നെടുവീർപ്പുകൾ എല്ലാം ഇതിനു്നേരെയുള്ള പ്രതിഷേധങ്ങളാണു്. വിലവെക്കാനാരുമുണ്ടാവില്ല. പണമെന്ന ഒരു മുടിനാരിഴയിൽ തൂങ്ങിനില്ക്കുന്ന ഡെമോക്ലീസിന്റെ ഈ വാളുകൾ പെണ്മക്കളുള്ള ബാപ്പാമാർക്കൊരു പേടിസ്വപ്നമാണു്. ഈ തെററായനയത്തിനുമുമ്പിൽ അവർ മിണ്ടാപ്രാണികളാണു്. അതു്കൊണ്ടുതന്നെ ജനിക്കുന്ന കുട്ടി പെണ്ണാണെന്നറിയുമ്പോൾ ഓരോ ബാപ്പയുടെയും മുഖത്തുണ്ടാകുന്ന ചുളിവു് സ്വാഭാവികമാണു്. മൂന്നോ നാലോ പെൺകുട്ടികളുള്ള ഒരാളുടെ ഗതി. . . .

പക്ഷെ . . . .

ആലിക്കാക്കു ഒന്നേയുണ്ടായിരുന്നുള്ളു. ആണും പെണ്ണുമായി ഒന്നു് മാത്രം. സുഹറ! "നല്ല പാങ്ങു"ള്ള കുടുംബത്തിലുമാണവൾ ജനിച്ചതു്. എന്നിട്ടും അവൾ വിഴുങ്ങേണ്ടിവന്ന വേദന—ആലിക്കായുടെ ശ്വാസംമുട്ടൽ. തലനരച്ചവരാരോ മുന്നുചെയ്തോരബദ്ധം, വർഷങ്ങളായിട്ടും തുത്തുമാററാതെ . . . . തീനാളത്തിനുനേരെ ഓടുന്ന പാററക്കറിയാം മരണം നിശ്ചയമാണെന്നു്. എന്നിട്ടും നിർത്താതെ അതു് പിന്നെയും ഓടുന്നു. അന്തമില്ലേ . . . .?

— വീണ്ടും ചൂടെടുക്കുന്നെന്നു് തോന്നിയപ്പോൾ വിമ്മിട്ടമുണ്ടായി. സ്രഷ്ടാവെ, എന്റെ ശരീരത്തിലെ ഈ ചൂടു്, ഈ വിയർപ്പു് ഒന്നു ശമിപ്പിക്കു. ക്രോമോസോമിലൂടെ, ജീനിലൂടെ എന്റെ രക്തത്തിൽ, മാംസത്തിൽ, മജ്ജയിലലിഞ്ഞുചേർന്ന ഈ ഉഷ്ണം ഒന്നു ശമിപ്പിക്കു. വിജൃംഭിക്കുകയും വിസർജ്ജിക്കുകയും ചെയ്യുന്ന എന്റെ കോശങ്ങളെ ഒന്നു തണുപ്പിക്കു. . . . മരവിപ്പിക്കു. . . .

പുഴക്കരയിലെ തന്റെ വീട്ടിന്റെ തൊട്ടടുത്ത തൊടിയിൽ "നല്ല പാങ്ങി"ൽ കഴിഞ്ഞുപോന്ന ആലിക്ക മകളെ മദ്രസയിലയച്ചു. സ്കൂളിലയച്ചു. അവളുടെ പിഞ്ചുമുഖം കാണുമ്പോൾ, വർഷങ്ങൾക്കുമുമ്പു്, രക്തം നിറയെ അർബുദരോഗാണുക്കളുമായി ചലനമററ നാവോടെ പിരിഞ്ഞുപോയ സ്വന്തം "ബീടരെ" അയാളോർക്കുമായിരുന്നു. തട്ടാന്റെ മുമ്പിലിരുന്ന സുഹറായുടെ കാതിൽ പൊന്നുസൂചി ഇറക്കുന്നതുംനോക്കി പല്ലുകടിച്ചുപിടിച്ചു കണ്ണുകൾ നിറയാതിരിക്കാൻ പാടുപെടുന്നതു് കണ്ടിട്ടുണ്ടു്. അങ്ങിനെ തറയിലും തലയിലും വെക്കാതെ വളർത്തപ്പെട്ട സുഹറ സൃഷ്ടിയുടെ ആരംഭത്തിനുമുമ്പു് ഫൈലോപ്പിയൻ കുഴലിൽ ഒരു ബിന്ദുവായി, ഒരംശമായി ചുരുണ്ടുകൂടിക്കിടന്നപ്പോൾ അവളറിഞ്ഞിരിക്കില്ല, ഇത്രയധികം ദുഃഖം പേറാനുള്ള വര അവളുടെ മണ്ടയിൽ വരച്ചുവെച്ചിട്ടുണ്ടെന്നു്. പിന്നീടു് രക്തവും മാംസവുമായപ്പോൾ അവൾ തനിക്കായി ഒരുക്കിവെച്ച ദുഃഖങ്ങളുടെ ആഴത്തിലേക്കു്, അഗാധതയിലേക്കു് ആരംഭത്തിന്റെ അവസാനവുമന്വേഷിച്ചു കുതിച്ചു. കാരണം അവളുടെ പൂർവ്വികരെ സൃഷ്ടിച്ചതു് ഒടിച്ചെടുത്ത വളഞ്ഞ ഒരു വാരിയെല്ലുകൊണ്ടായിരുന്നു. ആ നിവരാത്ത വളവിൽ ഒരുക്കൂടിയിരുന്ന ദുഃഖത്തിന്റെ കണികകളിൽനിന്നു് മോചനമില്ലെന്ന ദുഃഖസത്യം അറിയാതെ ജീവന്റെ തേജസ്സിനെയും തേടി ഓടിയലഞ്ഞപ്പോൾ ചെന്നിടിച്ചതു് ഘനീഭൂതമായ ദുഃഖത്തിന്റെ മുഖത്തു്. അവസാനം തേജസ്സിന്റെ ഒരു തുടിപ്പായി മണ്ണിൽ പൊട്ടിവീണപ്പോൾ, തനിക്കുവേണ്ടി ഒരുക്കൂട്ടിവെച്ച കഷ്ടപ്പാടുകളുടെ വലിയ കൂമ്പാരംകണ്ടവൾ നിലവിളിച്ചു, അ

യാതെ. ക്രമേണ സഹനശക്തിയായി, ക്ഷമയായി, മരവിപ്പായി ആ നിലവിളി അലിഞ്ഞലിഞ്ഞില്ലാതായപ്പോൾ അവൾ മുരണ്ട കാണും, ''വരേണ്ടിയിരുന്നില്ല.''

മഴയും വേനലും മാറിമാറി വന്നപ്പോൾ അവളുടെ ഭാവം മാറുന്നത് കണ്ടു. ഒപ്പം അലീക്കാൻെറയും. പഠിപ്പ് നിർത്തിക്കളഞ്ഞു. ''അഞ്ചാംതരംവരെയെത്തിയില്ലേ; ഹൈസ്കൂൾവരെയെങ്കിലും പഠിക്കട്ടെ അവൾ.'' നിർവ്വികാരനായി കനത്ത ശബ്ദത്തിൽ അലീക്ക പറഞ്ഞു. ''ബേണ്ട. പെണ്ണ് അത്തര പടിച്ചാ മതി. ഓള് മാഷ്ട്ത്തിയായിററ് ഞമ്മക്ക് ശമ്പളം മാങ്ങണ്ട.'' നിർബ്ബന്ധിച്ചിട്ട് ഫലമില്ലെന്നുകണ്ടപ്പോൾ വെറുതെയിരുന്നു. വീട്ടുജോലികൾ ചെയ്യുക. ബാക്കി സമയങ്ങളിൽ നീട്ടി നീട്ടി 'സബീന' പാടുക. അതായി അവളുടെ ജീവിതം.

ഒരു ദിവസം രാവിലെ . . . . .

D. C. ക്ക് കോളജിൽ ചേർന്ന് പോകാനൊരുങ്ങിയപ്പോൾ അവിടെ ചെന്നതാണ്. തൻെറ നിഴൽ കണ്ടപ്പോൾ, പെട്ടെന്നവൾ പുളഞ്ഞു, അകത്തേക്കോടിക്കളഞ്ഞു. വല്ലാതെ വേദനിപ്പിച്ചു അത്. എന്തുണ്ടായി? സംശയത്തിൻെറ ചിലന്തിവലയിൽക്കിടന്ന് കൈകാലിട്ടടിക്കുമ്പോൾ കലുങ്ങിച്ചിരിച്ചുകൊണ്ട് അലീക്ക പറഞ്ഞു. ''ന്ന് ഇൻക്ക് ഓളക്കാണാമ്പററുല്ല. ഓള്ന്ന് ഒര് പെണ്ണായി.'' ഒരു നിമിഷം . . . . . അവ്യക്തമായത് വ്യക്തമായപ്പോൾ ലജ്ജയോടെ ഓർത്തു. സുഹറ . . . . തൻെറ സുഹറ . . . . ഹൂറി . . . . അവൾ 'ബുലൂഖാ'യിരിക്കുന്നു. പ്രഫസറുടെ വാക്കുകളോർത്തു—''മാച്ചർ, കേപബ്ൾ ടു റീ പ്രൊഡ്യൂസ്.'' ജനലഴികൾക്കപ്പുറം ചിരിക്കുന്ന കണ്ണുകൾ കണ്ടപ്പോൾ നിശ്ചേഷ്ടനായിനിന്നു തുറിച്ചുനോക്കി. ക്രമേണ ആ കണ്ണുകളിൽ നീർ പരക്കുന്നത് കണ്ടപ്പോൾ തിരിഞ്ഞുനടന്നു—'' മാപ്പ്കുട്ടീ . . . . മാപ്പ്.''

ബാഗും തൂക്കിപ്പിടിച്ച് വേലി കടക്കുമ്പോൾ, വിശ്വസിക്കാൻ കഴിഞ്ഞില്ല — മുമ്പിൽ സുഹറ! ''മാമുക്ക എപ്പോ കോളേജീപ്പോണ്.''

''ഇതാ ഇപ്പോത്തന്നെ. എന്താ?''

''എനിക്കൊരു സാതനം മാങ്ങിക്കൊണ്ട് തരോ ബെരുമ്പം?''

''എന്ത് സാധനാ ഹൂറിക്ക് വേണ്ടത്?''.

''ഒരു കോയമുത്ത്. 'ചീല'+ മൊടയാനാന്ന്.'' ''മുത്തോ?'' ചിരിച്ചുപോയി. ഒപ്പം അവളും. ചിരിച്ച് ചിരിച്ച് കണ്ണുകൾ നിറഞ്ഞപ്പോൾ, അവളെ കണ്ണംകണ്ണമായെടുത്ത് അപഗ്രഥിച്ചുനോക്കുന്ന തൻെറ കണ്ണുകൾക്ക് മുമ്പിൽ ചൂളിനില്ക്കുന്ന അവളെക്കണ്ടപ്പോൾ, മനസ്സ് പിറുപിറുത്തു. ''ഈ ഒരു നിമിഷത്തിനുവേണ്ടിയാണ് ഞാൻ ജീവിച്ചത്.''

. . . . . 'ബുലൂഖാ'യ പെണ്ണിനെ പുറത്തുവിടാതെ 'അകത്ത്കൂട്ട'ണം. അകത്തും വളരെനാൾ ഒററക്ക് നിർത്താനാവില്ല. എല്ലാ ഗുണങ്ങളും ഒത്ത ഒരു പുതിയാപ്പിളപ്രശ്നം അലീക്കായെ വീർപ്പുമുട്ടിച്ചു. പേരും പെരുമയുമുള്ള പഴയ തറവാട്ടുകാരനായിരിക്കണം പുതിയാപ്പിള. മാനമായി ഇരുന്നുതിന്നാനുള്ള വക വേണം. പക്ഷെ ഒരു പെണ്ണിൻെറ വികാരങ്ങൾ മനസ്സിലാക്കുന്ന ഒരാളെ തിരക്കിയില്ല.

ഹൈസ്കൂളിൽ പഠിപ്പിക്കുന്ന ജലീൽമാസ്റ്റർ നിർദ്ദേശിക്കപ്പെട്ടപ്പോൾ, അലീക്കായുടെ ഒരു തലനരച്ച ജ്യേഷ്ഠൻ പറഞ്ഞത്രെ. ''ഓൻെറ ഉപ്പാപ്പ 'പൂസിലാനാ'1 പൂസിലാൻെറ മോൻെറമോന പുയ്യാപ്ലായി ഇട്ക്കണ്ട ഒരു 'മുസീബത്തും'2 അലീക്ക്ല്ല.'' പൂസിലാനും മനുഷ്യനാണെന്നുള്ളകാര്യം അയാൾ സൗകര്യപൂർവ്വം മറന്നുകളഞ്ഞു. ഈ കാര്യത്തിൽ സുഹറയുടെ അഭിപ്രായമറിയാൻ തോന്നി. ആചാരപ്രകാരം അവളുടെ ആഗ്രഹവും സമ്മതവും പ്രശ്നമല്ല. ബാപ്പാക്കിഷ്ടപ്പെട്ടത് പെൺകുട്ടിയും ഇഷ്ടപ്പെടണം. ഒരൊററ 'ഇഫിജീനി'യയും ഇതുവരെ എതിരായിനിന്ന ചരിത്രമില്ല.

---

+ ചീല = മടിശ്ശീല

1 പൂസിലാൻ = മുക്കവൻ.

2 മുസീബത്ത് = ബുദ്ധിമുട്ട്.

ഈ ചുററുപാടിൽ സുഹറായെ നേരിൽക്കാണുന്നതോർത്തപ്പോൾ വിഷമംതോന്നി. മനസ്സിന്റെ ഇരുണ്ടകോണിലെവിടേയോ എന്തോ കീറിമുറിയുന്ന അനുഭവം. കുട്ടിക്കാലത്തെ ചാപല്യങ്ങളിലൂടെ, ബാല്യകാലത്തെ കുസൃതിത്തരങ്ങളിലൂടെ വളന്ന് നീങ്ങിയപ്പോൾ അവൾ തനിക്ക്വേണ്ടി ജനിച്ചതെന്ന വിശ്വാസമായിരുന്നു. വഷങ്ങൾക്കുമുമ്പ്, വലിയ പാവാടയും ചെറിയ കുപ്പായവും വോയിൽ തട്ടവും ധരിച്ച് തുള്ളിച്ചാടി വരാറുണ്ടായിരുന്നത് കാണുമ്പോൾ ഈഷ്യയോടെ പറയുമായിരുന്നു. ‘‘ഓ, ഹുറികൊരുങ്ങാനെത്തരസമയം വേണം!’’ ഉത്തരം എടുത്തടിച്ചതുപോലെ. ‘‘ഒക്കെ ബരണോന്ന്ണ്ടെങ്കി ഒരുങ്ങുംബരെ കാത്ത്ക്കണം മൊട്ടെ.’’ കാലം നടന്നുനീങ്ങിയപ്പോൾ, അവളുടെ ശബ്ദത്തിന് മാദ്ദവവും മണിക്കിലുക്കവും വന്നപ്പോൾ മൊട്ട ‘‘മാമുക്ക’’ യായി. തൊടുന്നതിനും എടുക്കുന്നതിനുമൊക്കെ മാമുക്കവേണം.

സങ്കല്പങ്ങൾ വിജൃംഭിച്ചു. ഭാവന വിടന്നു. പ്രീഡിഗ്രിക്ക് ക്ലാസുനഷ്ടപ്പെടാനുണ്ടായ കാരണം തനിക്കു മാത്രമേയറിയാവൂ. ടാൻസ്പോട്ട് നമ്പറിന്റെയും ക്രിപ്റ്റോഗോംസിന്റെയും ഇടയിലേക്ക് അടുത്തവീട്ടിൽനിന്നും മണിക്കിലുക്കംപോലുള്ള ഗാനനിർഝരി ഒഴുകിവന്നു. ഒരേതാളത്തിൽ, ഒരേലയത്തിലലിഞ്ഞലിഞ്ഞു പോകുന്ന വാക്കുകൾ മനസ്സിനെയും ശക്തിയെയും ഒരേ ബിന്ദുവിലേക്ക് ചോത്തിയെടുത്തു. ‘‘അറിവിച്ചേ സമയത്തില്ല മൈ ഖോജാവേ, അംബിയാർ സകലക്കും മാഹാ താജാവേ. . . .’’ നീട്ടി നീട്ടിയുള്ള സബീനപ്പാട്ട്.

വികാരങ്ങളുടെ വേലിയേററത്തിന്റെ വിസ്മൃതിയിൽ തളന്നിരുന്ന്, മുനിഞ്ഞുകത്തുന്ന വിളക്കിന്റെ അരണ്ട വെളിച്ചത്തിൽ എന്തെല്ലാമോ കുത്തിക്കുറിച്ചു. ആരെല്ലാമോ ആകാൻ കൊതിച്ചു. വിമൻസ് കോളേജിൽ പഠിക്കുന്ന മറിയം എന്ന പെൺകുട്ടി ‘എൻകറേജ്’ ചെയ്തപ്പോഴും, രാധ ‘ഡിസ്കറേജ്’ ചെയ്തപ്പോഴും വാശി കൂടിവന്നു. പക്ഷെ. . . . . താനാരുമായില്ല. ഞാനെന്ന ബിന്ദുവിൽ, സൃഷ്ടിയുടെ ആദ്യത്തിലെന്നപോലെ ചുരുണ്ട് കൂടി വിറങ്ങലിച്ചുകിടന്നപ്പോൾ വിജൃംഭിക്കുകയും അസ്ഥികൾ പൂക്കുകയും ചെയ്തു. നിമിഷങ്ങളുടെ സുഖാനുഭൂതിയിൽ തളന്നുവീഴുമ്പോൾ . . . . . ഡാർവിൻ, മെൻറൽ . . . . . ഷൊരാനാ . . . . . ജീവന്റെ, ജീനിന്റെ ഉത്ഭവം. പഠിച്ചും വായിച്ചുമറിഞ്ഞപ്പോൾ അത്ഭുതപ്പെട്ടു. ഞാനിതേവരെ അന്വേഷിച്ചതിതായിരുന്നു. പക്ഷെ. . . ജീൻ ഉൾക്കൊള്ളുന്ന ദുഃഖത്തിന്റെ ഉറവിടമെവിടെ? ചോദ്യം ചോദ്യം മാത്രമായവശേഷിച്ചപ്പോൾ, ആമയുടെതുപോലെ തന്നിലേക്കുതന്നെ വലിയുന്ന തല. ഒരിക്കലും പുറത്തുവരാത്ത ഒരു ഭ്രൂണമായി, ഒരു ബിന്ദുവായി, ഒരു കണികയെങ്കിലുമായി മനുഷ്യദൃഷ്ടിക്കഗോചരമായ ഒരു മുക്കിൽ എന്നെ പതിക്കുള. അവിടെ അള്ളിപ്പിടിച്ചിരുന്ന് ഞാൻ കണ്ടെത്തട്ടെ. ദുഃഖത്തിന്റെ ഉറവിടമെവിടെ?

‘‘മഹേ, പോയി വായിച്ചോളണ്ടി. ഇല്ലെങ്കി ക്ലാസ് വാങ്ങാനും മെഡിസിന് പോകാനും കഴ്യൂലാന്നു വെച്ചോളണ്ടി’’—താമരശ്ശേരിക്കാരൻ റൂം മേയിററാണ്. തനിക്കേററവും ഇഷ്ടപ്പെട്ട ഏകാന്തതയുമന്വേഷിച്ച് ‘‘എസ്കേപ്പിസ്റ്റ്’’ മനോഭാവത്തോടെ ടെറസ്സിലേക്ക് കയറുമ്പോൾ ഓർത്തു. കഴിഞ്ഞ സമ്മർവെക്കേഷന് നാട്ടിൽ പോയപ്പോഴാണ് അലീക്ക ഒരു പുതിയാപ്പിളയെ കണ്ടെത്തിയെന്നറിഞ്ഞത്. പേരും പെരുമയുമുള്ള വലിയ തറവാടാണ്. അവിടത്തെ വലിയ, അവിവാഹിതനായ കാരണവർ മുമ്പ് ആനപ്പുറത്താണ് വരാറുണ്ടായിരുന്നതെന്നതിന് തെളിവായി, പഴകിദ്രവിച്ച ആ വീട്ടിനുമുമ്പിൽ ഇപ്പോഴും ഒ‘‘രാനവാതില്’’ണ്ട്. പുത്യാപ്പ്ളക്കാണെങ്കിൽ ബോംബെയിൽ നല്ല ‘‘സൊകില്’’[3] ഉണ്ട്. ‘‘കാശി,’’[4] അയ്യായിരത്തിലുറച്ചുനിന്നു. 20 പവന്റെ ആഭരണങ്ങൾ—100 പാ നെല്ല്

3 സൊകില് = ജോലി

4 കാശി = സ്ത്രീധനം.

ൻെറ നിലവും, 1000ക. പ്രതിവർഷം പാട്ടം കിട്ടുന്നപറമ്പും പെണ്ണിൻെറ പേരിലെഴുതി കൊടുക്കുക. ''മംഗലം''5 ഉറപ്പിച്ചു. 'സഫർ' 'നയസി'ൻെറ മാസമായതിനാൽ അടുത്തമാസം ആദ്യത്തെ വെള്ളിയാഴ്ചരാത്രി.

പിന്നെ ബഹളമായിരുന്നു . . . . . വെള്ളവീശൽ . . . . . പൈൻറടിക്കൽ . . . . . മണിയറയൊരുക്കൽ . . . . അലീക്കായുടെ മുഖത്തെ രോമങ്ങൾക്ക് നീളം കൂടിക്കൂടിവന്നു. എങ്ങനെയെങ്കിലും രക്ഷപ്പെട്ടാൽ മതിയെന്ന് തോന്നി. അടുത്ത വീട്ടിലെ ബഹളങ്ങൾ തന്നെ അസ്വസ്ഥനാക്കുന്നു. മനസ്സിലെ പോറലുകളിൽ നിന്നൊലിക്കുന്ന രക്തം, പക്ഷെ, സുഹറായുടെ ജീവിതം കളങ്കമാകാതിരിക്കാൻ ആത്മാർത്ഥമായി ആഗ്രഹിച്ചു. എവിടെ, എവിടെ എൻെറ വിവേകം?

''മഹമൂദേ . . . .'' ''അലീക്കാ . . . .''

''എനിക്ക് ആമ്മക്കുല്ല്യ. പെണ്ണേ ഇല്ല. എടത്ത് കൈക്ക് തൊണായി ഒരു ബലത്തു കയ്യില്ല സകായിക്കാനു്.'' ഒരു നിമിഷം നിർത്തി കുനിഞ്ഞതലയോടെ അലീക്ക തുടർന്നു. ''മംഗലത്തിൻെറ കാര്യം ഇത്തരായിററം നീ ആട്ത്തോളം വെന്നൊന്നു് കേറിക്കീഞ്ഞോ? അന്യേന ബിളിക്ക്ന്നപോല ഇന്നത്തേടാമ്പരണോ ഞാനു്? ബേണോ മോനെ?'' ദുഃഖം തോന്നി കുററബോധത്തോടെ പിറുപിറുത്തു. ''ഒരുപാട്ട് പഠിക്കാനുണ്ടായിരുന്നു. രാവിലെ തന്നെ ഞാൻ വരാം.''

ഒരു മകൻെറ അഭാവം അലീക്കായെ അറിയിക്കാതിരിക്കാൻ വളരെ പാടുപെട്ടു. ''അറസ്സാമാനങ്ങളെ'' ടൗത്ത്‌ടൈലറെ ഏല്പിച്ചു. വെപ്പ്കാരെ ശട്ടംകെട്ടി. പാട്ടുകാരികളെ ഏല്പിച്ചു. എല്ലാം എല്ലാം. അലീക്ക കണ്ണു തുടയ്ക്കുന്നതും, സുഹറായുടെ പിടക്കുന്ന മിഴികൾ പിന്തുടരുന്നതും കണ്ടില്ലെന്നുവെച്ചു. നേരത്തിനു് കുളിക്കാനും തിന്നാനും കിട്ടാത്തതിനു് ഉമ്മായുടെ പരാതി ചെവിക്കൊണ്ടില്ല. അവസാനം . . . .

കല്ല്യാണദിവസം ഉച്ചക്ക് . . . . തൻെറ ശക്തിയും ഉത്സാഹവും ചോർന്നൊലിച്ച കുറെ നിമിഷങ്ങൾ. എന്തിനാണ് സുഹറ അത് ചോദിച്ചതു്? അതും തന്നോട് . . . . മണിയറയിൽ കണ്ണാടി തൂക്കാനുള്ള ആണിയടിക്കാനായി മുട്ടിയുമന്വേഷിച്ചെത്തിയതായിരുന്നു, ഇരുട്ട്നിറഞ്ഞ അടുക്കളയറയിൽ. വാതിൽ തള്ളിത്തുറന്നപ്പോൾ . . . . ''മാമുക്കാ . . . .'' തരളിതമായ വിളി. സ്തബ്ധനായി നീണ്ട കണ്ണുകൾ നിറഞ്ഞൊഴുകുന്നതുംനോക്കി നിന്നപ്പോൾ, കണ്ണീരിൽക്കൂടെ അവൾ ചിരിച്ചു, ഉറക്കെ. പെട്ടെന്ന് കണ്ണുകൾ തുടച്ച്, തല ചരിച്ചുപിടിച്ചു കൺപീലികൾ വിറപ്പിച്ചുകൊണ്ടവൾ ചോദിച്ചു ''ഞാൻപ്പം സൊകം ണ്ടോ മാമൂക്കാ?'' കിടുങ്ങിപ്പോയി! മനസ്സിലെ വ്രണങ്ങൾ ചതച്ചരക്കപ്പെട്ടിരിക്കുന്നു. ഇരുട്ടറയിൽ, മുഷിഞ്ഞ വേഷവും, ഒഴിഞ്ഞ കാതും കഴുത്തുമായി കൂട്ടിലടക്കപ്പെട്ടതുപോലെ നിൽക്കുന്ന അവൾ സുന്ദരിയാണോ എന്നു് എന്തിനേ തന്നോട് ചോദിച്ചതു്? എന്തിനേ . . . . വിതുമ്പുന്ന ചുണ്ടുകൾ പൊട്ടിത്തെറിച്ചേക്കാവുന്ന ഒരു തേങ്ങലിനു് കളമൊരുക്കുകയാണെന്നു് മനസ്സിലായപ്പോൾ, വിവേകം നഷ്ടപ്പെട്ടവനെപ്പോലെ പിന്തിരിഞ്ഞോടി.

വീട്ടിലെത്തിയപ്പോൾ വേണ്ടാത്തതിനൊക്കെ ദേഷ്യംപിടിച്ചു. 'മീൻമാല'യും 'ചവിടി'യും കെട്ടിനില്ക്കുന്ന ഉമ്മായെക്കണ്ടപ്പോൾ പൊട്ടിത്തെറിച്ചു. ''പൊന്നിൻെറതൂക്കം നോക്കിയിട്ടല്ല കല്യാണത്തിനാളെ വിളിച്ചതു്.''

''ഒരു് മാലീംകൂടികെട്ടൊണ്ടെങ്ങനേനു്ടാ അയലക്കത്തെ് മംഗലത്തിനു് പൂആ. നീ ചെരച്ചേരൊന്നും ബേണ്ടാടാ.'' ദേഹം നിറയെ ഇരവ് വാങ്ങിയ ആഭരണങ്ങളുമായി നില്ക്കുന്ന ഉമ്മായാണതു് പറയുന്നതെന്നോർത്തപ്പോൾ ദേഷ്യംകൊണ്ട് പുളഞ്ഞു.

''മോനെ . . . .'' ''അലീക്ക . . . .''

ഒരു നിമിഷം കണ്ണുതെറവുമ്പോഴെക്കും ഓടിവന്നിരിക്കുന്നു.

---

5 മംഗലം = കല്ല്യാണം.

"ഞാൻ വരാനൊരുങ്ങുകയായിരുന്നു. അലീക്ക നടക്ക്. വാ."

പെണ്ണുങ്ങളുടെയും ആണുങ്ങളുടെയും കുട്ടികളുടെയും കൂടിക്കുഴഞ്ഞശബ്ദങ്ങൾ. വെന്ത ഇറച്ചിയുടെയും നെയ്ച്ചോറിന്റെയും മണം 'അൽസ'6 യുടെ മണം.

പെണ്ണുങ്ങൾക്കായി തയ്യാറാക്കിയ പന്തലിൽ പെണ്ണുങ്ങൾ തിമത്തുമറിയുന്നു; ആ ഒരു ദിവസത്തെ സന്തോഷം മുഴുവൻ ഊററിക്കുടിക്കാനെന്നപോലെ. യൗവനം തുടിക്കുന്ന പൊങ്ങച്ചം പറച്ചിൽ. ഇഴഞ്ഞിഴഞ്ഞുനീങ്ങുന്ന 'കസ്സ്'പറച്ചിൽ.

സുഹറായെ കുളിപ്പിച്ചു; പുതിയ ആഭരണങ്ങളിലെ വസ്ത്രങ്ങളുമണിയിച്ചു, പിടിച്ച് കസേരയിലിരുത്തി ചുററുംനിന്ന പെണ്ണുങ്ങൾ "അലിക്കത്തി"7 ട്ട് കൊടുത്തു, മുടിചീകിക്കൊടുത്തു. പാട്ടുകാരികളുടെ ഉച്ചത്തിലുള്ള കൈകൊട്ടിന്നിടക്ക് മൂർച്ചയുള്ള, സ്വരമാധുരിയില്ലാത്ത ശബ്ദങ്ങൾ ദുർബ്ബലങ്ങളാകുന്നു. "പൂമണിയറക്കുള്ളിലിരിക്കും പെണ്ണെ, താമരയിതള് പോലെ തളന്ന് പെണ്ണെ . . . ."

മണവാട്ടിയുടെ വേഷത്തിൽ സുഹറായെ കാണണമെന്നു തോന്നി. ഡയാനയെപ്പോലിരിക്കുമോ? പന്തലിലേക്ക് കടന്നപ്പോൾ ഒരു നിമിഷം ചുററുപാട് വീക്ഷിച്ചു. ഉറക്കം തൂങ്ങുകയും, കരയുകയും ചിരിക്കുകയും ചെയ്യുന്ന കുട്ടികൾ . . . . . തിളങ്ങുന്ന വസ്ത്രങ്ങളണിഞ്ഞ്, ദേഹം നിറയെ പൊന്നണിഞ്ഞ് കൊഞ്ചുന്ന മൊഞ്ചുള്ള യുവതികൾ . . . . ചുരുട്ടുവലിച്ചും മുറുക്കിയും 'കിസ്സ' പറഞ്ഞിരിക്കുന്ന വൃദ്ധകൾ . . . . പെണ്ണുങ്ങളുടെ ഇടയിലൂടെ മെല്ലെ തലയിട്ട്, അലീക്കാന്റെ മരുമകൾ കതീജായുടെ തലക്കുമുകളിലൂടെ നോക്കിയപ്പോൾ അവളെ കണ്ടു. കസവിൽ പൊതിഞ്ഞ ഒരു രൂപം. വാടകക്കെടുത്ത ട്യൂബ് ലൈററിന്റെ പരന്നൊഴുകുന്ന പ്രകാശത്തിൽ, നേരിയ നൈലോൺ തട്ടത്തിന്നടിയിൽ, എണ്ണ തേച്ച് ചീകിവെച്ച മുടിയിലെ നെറുകകണ്ടപ്പോൾ ഓർത്തു, അവളുടെ പുതിയ ജീവിതപന്ഥാവ്? ആരാണിത് പകുത്തുകൊടുത്തത്? നെറുക വളഞ്ഞിരിക്കുന്നു! കസവിൽ പൊതിഞ്ഞ രൂപം ഏങ്ങലടിക്കുന്നത് കണ്ടപ്പോൾ, മെല്ലെ കതീജായെ വിളിച്ച് ചോദിച്ചു. "എന്തിനാ അവൾ കരയുന്നത്?" ഉത്തരം കൂട്ടച്ചിരി.

"പുയ്യീററാറ്" 8 കര്യാണ്ട്പിന്ന ചിരിക്കേ ചെയ്യു?"

അപ്പോഴും പാട്ട് തകൃത്ത പാടിക്കൊണ്ടിരുന്നു. "ചീകംപൊററ തേവീ ഖദീജ ഇതൊക്കെയും . . . . ചിക്കയിൽനോക്കി മനസ്സിൽ . . . ."

രാത്രി 12 മണിക്കുമുമ്പായി "പുതിയാപ്പിളയും ആളും" എത്തിയപ്പോൾ 'വെള്ളിയും കരിമ്പടവും' വിരിച്ചു പുതിയാപ്പിളയെ അതിലിരുത്തി. ചുററും ചങ്ങാതികൾ. കുടവയറുമായി ബന്ധുക്കൾ പുറത്ത് ചാരുകസേരയിൽ. ചായ, സിഗരററ് . . . .

പള്ളിയിലെ മുക്രി മെല്ലെ പന്തലിലേക്ക് വലിയുന്നത് കണ്ടപ്പോൾ പിന്തുടന്നു. മനസ്സ് ചോദ്യത്തിനാണോ? അടുക്കളെവാതിലിനു പുറകിൽ മറഞ്ഞുനില്ക്കുന്ന സുഹറായോട് മുക്രി ചോദിച്ചു: "ഉപ്പീം കാരണോറുംകൂടി നിശ്ചയിച്ച പുയ്യാപ്ലനെ ഇനിക്ക് സമ്മതാണോ?" ഉത്തരമില്ല. മൂന്നു് പ്രാവശ്യമെ ചോദിക്കാവൂ. അതിനുള്ളിൽ സമ്മതം കിട്ടിയിട്ടുവേണം 'നിക്കാഹ്' നടത്താൻ. ചോദ്യം ആവത്തിക്കപ്പെട്ടപ്പോൾ, പെട്ടെന്നു് രണ്ട് പ്രാവശ്യം "ബായാപെടച്ചി"9 യായ അയൽവക്കത്തെ ഹലീമായുടെ കൈ സുഹറായുടെ ചന്തിയിൽ പതിഞ്ഞു. അവൾ നിലവിളിച്ചു "ആ."

അലീക്ക പുതിയാപ്പിളയുടെ നേരെ മുമ്പിലിരുന്ന് പുത്യാപ്ലയുടെ കൈകൾകൂട്ടിപ്പിടിച്ചു.

6 അൽസ = ഗോതമ്പും കോഴിയും ഉപയോഗിച്ചുണ്ടാക്കുന്ന ഒരു ആഹാരം.

7 അലിക്കത്ത് = ഇരുകാതിൽ 14 ദ്വാരങ്ങളിലായി ഇടുന്ന ഒരു പൊന്നാഭരണം.

8 പുയ്യീററാറ് = പുതുമണവാട്ടി.

9 ബായാപെടച്ചി = വിധവ.

ഖത്തീബിൻെറ സാന്നിദ്ധ്യത്തിൽ ഏറ്റുപറഞ്ഞു. ''എൻെറ മകൾ സുഹറ എന്നവളെ 19 മിസ്ക്കാൽ പൊന്നു് മഹറിനു പകരം നിങ്ങൾക്കു് ഞാൻ ഇണയാക്കി തന്നു്, ചേർത്തു് തന്നു്.''

''അതിനെ ഞാൻ സ്വീകരിച്ചു്, ഖബൂലാക്കി''—പുതിയാപ്പിളയുടെ നേർത്ത സ്വരം. നിക്കാഹ് കഴിഞ്ഞപ്പോൾ വെള്ളത്തുണിയിൽ അരി വിതറികെട്ടിയ അയ്യായിരം ഉറുപ്പികയുടെ ''കാശിപ്പണം'' ചങ്ങാതിമാരുടെ കൈയിൽക്കൂടെ കടന്നു് വലിയ കാരണവരുടെ പോക്കററിൽ വിശ്രമിച്ചപ്പോൾ, അയാളുടെ ചുണ്ടിലിരുന്ന ചുരുട്ട് പ്രകാശത്തോടെ ഒന്നു് മിന്നി. വലതുകാൽവച്ചു് പുതിയാപ്പിള മണിയറയിൽ പ്രവേശിച്ചപ്പോൾ . . . . പാട്ട് . . . . കയ്യടി . . . . ബഹളം . . . .

സദ്യകഴിഞ്ഞപ്പോൾ, 'പെൺകാട്ടൽ' നടന്നു. സുഖവും ദുഃഖവും പങ്കിട്ടെടുക്കേണ്ട ആദ്യ പകുതിയെക്കാണുന്ന അനർഘനിമിഷങ്ങൾ. മൂച്ച്യുള്ള, ശബ്ദമാധുരിയില്ലാത്ത പാട്ടിൻെറ അകമ്പടിയോടെ, ഉന്തിയും തള്ളിയും സുഹറ മണിയറയിലാക്കപ്പെട്ടപ്പോൾ നെടുതായൊന്നു് നിശ്വസിച്ചു.

മണിയറയിൽനിന്നടിവെച്ചിറങ്ങിയ സുഹറായുടെ മടിക്കുത്തിൽ മൂന്നു് പവൻ . . . . പെണ്ണുങ്ങളുടെയിടയിൽ കുശുകുശുപ്പ്. എന്തേ 'പുയ്യാപ്ല' ഇത്ര പിശുക്കനായി? അയ്യായിരത്തിനു് 10 പവനെങ്കിലും വേണം. കുറഞ്ഞതു് അഞ്ചെങ്കിലും. കണക്ക്പറഞ്ഞ് വാങ്ങാൻ പഠിച്ചാൽ പോരാ, കൊടുക്കാനും പഠിക്കണം.

അർദ്ധരാത്രിക്കു് ഉറക്കംതൂങ്ങുന്ന പുതിയാപ്പിളയെയും വലിച്ചിഴച്ചു് ചങ്ങാതികൾ നടന്നപ്പോൾ നാട്ടുനടപ്പനുസരിച്ചു് ക്ഷണിക്കാൻ മറന്നില്ല.

. . . പിറേറന്നു വൈകുന്നേരമായിട്ടും പുത്യാപ്ലയേയോ, കൂട്ടാൻചെന്ന ''പെങ്കാക്ക''[10] യെയോ കാണാതായപ്പോൾ തിരക്കിച്ചെന്നു. എന്തോ മറച്ചുവെക്കുന്ന ഭാവത്തോടെ പുത്യാപ്ല പറഞ്ഞു ''ക്കാക്ക ബരട്ടെ, പള്ളീപോയതാ.'' കാത്തിരുന്നു. ചുററുപാടും ഇരുട്ട്പരന്നപ്പോൾ വെളുത്ത വട്ടത്താടിയുള്ള ഇക്കാക്ക വന്നു. കൈവിരലുകൾ നിവരുന്നു, മടങ്ങുന്നു. ഇന്നലെപ്പോലുമില്ലാതിരുന്ന ഗൗരവം ഇന്നെങ്ങിനെ ആ മുഖത്തുണ്ടായി എന്നോക്കുമ്പോൾ . . . . ഇടിവെട്ടി.

''പറമ്പും നെല്ലും എയതിയെ ആതാരം പുയ്യാപ്ലക്ക് കൊടുത്തോ?'' ''ഇല്ല.'' ''അതു് ഇന്നല കൊടുക്കണ്ടേല്ലേ?'' ''അങ്ങിനെ പറഞ്ഞില്ല . . . .'' ''ങ്ഹാ, എന്നാ അങ്ങനേന്നു്.'' എങ്ങിനെയാണെന്നു്? കല്യാണത്തിൻെറ അതേരാത്രി കൊടുക്കണമെന്നോ? സ്വരം കർക്കശമാകാതിരിക്കാൻ പണിപ്പെട്ടുകൊണ്ടു് അലീക്ക പറഞ്ഞു. ''എനിക്ക് സൂറ മാത്രല്ലേ ഇല്ലൂ. എനക്ക് ഉള്ളത് തേച്ചും സൂറാക്കല്ലെ? അതെപ്പളായാലും.'' അതിനുത്തരം ഒരു ചോദ്യമായിരുന്നു. ''അലിക്ക് പെങ്ങള്ല്ലേ? പെങ്ങക്ക് മക്കല്ലേ?''—ഹോ, അപ്പോൾ അതാണു് കാരണം.

പുത്യാപ്ലയുടെ പ്രതികരണമറിയാൻ നോക്കിയപ്പോൾ, എണ്ണയിൽ മുക്കിയെടുത്തപോലെ വളഞ്ഞുപിരിയുകയായിരുന്നു. അമർത്തിച്ചവിട്ടി പടിയിറങ്ങുമ്പോൾ പിന്നിൽ ചെമ്പിനു്കൊട്ടുന്ന സ്വരം. ''അസനാരെ, കാലിക്ക് മുതിര കൊടുത്തോടാ? പുല്ല് കൊടുത്തോടാ? അലീക്കായുടെ പല്ല് ഞെരിഞ്ഞമരുന്ന ശബ്ദം കേട്ടു. ''അയാളെ ''ഹകലെ''[11] നായി തുന്നു് പോയിനാ?

പിറെറന്നു് ആധാരം അവിടെക്കിട്ടിയപ്പോൾ പുതിയാപ്പിള ഇവിടെ. പക്ഷെ രണ്ടു ദിവസം മാത്രം . . . . മൂന്നാം ദിവസം പുതിയാപ്പിള ബോംബെക്ക് വണ്ടികയറിയെന്നറിഞ്ഞപ്പോൾ അലീക്ക പൊട്ടിച്ചീറി. ''ങ്ങള്, ങ്ങള് ചതിക്കാനാ ഇത് കാട്ടിക്കൂട്ട്യേ?'' പരുക്കൻ ശബ്ദം പരുങ്ങുന്നു.

വീട്ടിൽ മടങ്ങിയെത്തിയപ്പോൾ സുഹറായുടെ മുഖത്തുനോക്കാൻ ലജ്ജതോന്നി. പക്ഷെ പ്രതീക്ഷിച്ചതൊന്നുമുണ്ടായില്ല. പുകയുന്ന ഉമിത്തീപോലെ. നിന്നു. രാത്രിയുടെ നിശ്ശബ്ദഭീകരതയിൽ ഹൃദയം തകർക്കുന്ന അടക്കിപിടിച്ച തേങ്ങലുകൾ കേട്ടു് രാത്രി മരവിച്ചുകിടന്നു; ഇരയെടുത്ത പാമ്പിനെപ്പോലെ.

അവസാനം . . . .

ബോംബെയിൽനിന്നു് വന്ന ഖാദർ ആ സത്യം പറഞ്ഞപ്പോൾ ഞെട്ടിത്തെറിച്ചുപോയി. ''അസനാരിന്നു് പെണ്ണുണ്ടു്. മക്കളുണ്ടു്. ബേണ്ടാത്തതെല്ലാണ്ടു്.'' പുകഞ്ഞുകൊണ്ടിരുന്ന ഉമിത്തീ ആളിക്കത്തി. പേരും പെരുമയുമുള്ള വലിയ തറവാട്ടിലെ കൊമ്പനാനയായ കാരണവരുടെ കഴിയാനയായ മരുമകനു് ബോംബെയിൽ പെണ്ണുണ്ടു്, മക്കളുണ്ടു്. 'ബേണ്ടാത്ത'തെല്ലാമുണ്ടു്. സിരകളിൽ ചോരയോടുന്നില്ല? പടച്ചവനേ, കൂടുതലൊന്നും കേൾക്കാനിടയാക്കാതെ, എന്റെ സപ്തനാഡിഞരമ്പുകളെയും തളർത്തിക്കളയൂ . . . .

''അശ്ശനെ, യ്യേ അശ്ശനെ'' ഞെട്ടിത്തെറിച്ചു നോക്കിയപ്പോൾ സപ്തൻറ് നായരാണു്. ചിരിയും സങ്കടവും ഒപ്പം വന്നു. നായരെല്ലാവരേയും ഒരൊററപ്പേരിലേ വിളിക്കൂ. ''അശ്ശൻ'' പുഴതിന്ന പല്ലുകാട്ടി നായർ ചിരിച്ചു. ''ഒരു കെട്ടു് ബാങ്ങാൻ പൈസ്സനോക്കട്ടെ'' . . . . നായർ നടന്നകന്നപ്പോൾ ഓർത്തു. ഇതും നായരാണു്. ഇയ്യാളും ഫോർവേഡാണു്. പ്ലെയിററ് കഴുകി, പഠിക്കുന്ന മക്കൾക്കു് ഫീസ് കൊടുക്കുന്നു. എല്ലാ ആനുകൂല്യങ്ങളും ആ മൂന്നക്ഷരത്തിനുമുമ്പിൽ പുറംതിരിഞ്ഞിരിക്കുന്നു.

വീട്ടിലെത്തി, ഉമ്മ നെല്ലു് കുത്തുന്നതുംനോക്കി അടുക്കളപ്പടിയിൽ തളർന്നിരുന്നു. വലിയ വീടുകളിൽക്കാണുന്ന വിളച്ചിലും രോഗങ്ങളും ഈ അദ്ധ്വാനത്തിനുമുമ്പിൽ തലകുനിക്കുന്നു. ഊക്കോടെ ഉയരുകയും താഴുകയും ചെയ്യുന്ന ഉലക്ക. വിയപ്പുകൊണ്ടു് നനഞ്ഞു് പുറത്തൊട്ടിപ്പിടിച്ചിരിക്കുന്ന കുപ്പായം. വേദനതോന്നി. എന്റെ പാവം, പാവം ഉമ്മ . . . . എനിക്കു് ചിറകു് മുളക്കട്ടെ ഉമ്മാ . . . . പറക്കമുററിയാൽ . . . . പിന്നെ ഉമ്മ ഇതൊന്നും ചെയ്യേണ്ടിവരില്ല . . . .

കഞ്ഞികുടിക്കാനിരുന്നപ്പോഴാണു്. വക്കും മൂലയും വളഞ്ഞ ഒരു പായുമായി കാഞ്ഞിപ്പുലയി കയറിവന്നതു്. വക്കും മൂലയും വളഞ്ഞ പായയെക്കുറിച്ചു് കാഞ്ഞിപ്പുലയിക്കു് ന്യായീകരണമുണ്ടു്. ''ആയിസ്സ്തികുള്ളോക്കിട്ന്ന പായിന്റെ ബക്കും മൂലീം ബളേം. ആയിസ്സ് കൊറഞ്ഞോക്കേ പായി ചേലിക്കു് ബെരൂ.'' പായ നെയ്ത്തു് വിററു് ഒരു നൂററാണ്ടിനെ അതിജീവിച്ച കാഞ്ഞിപ്പുലയി ഇന്നും ഒരതിശയമായി ശേഷിക്കുന്നു.

''കുൻപാത്തൂ, കൊറച്ചു് കഞ്ഞിവെള്ളം നോട്ടു്'' . . . . നോക്കിയപ്പോൾ കാലൻമറിത്ത! താൻ കഞ്ഞികുടിക്കുന്നതു് കണ്ടു വയറുവേദന? നുണകളുടെയും കളവുകളുടെയും ഓൻസ്ലീററായ ആ സ്ത്രീ കഞ്ഞികുടിക്കാനിരുന്നപ്പോൾ തികട്ടിവന്നു. എന്നും അങ്ങനെയാണു്. ''ഞമ്മളെ കയ്ച്ചാക്കു് ''റൂഹാനി''[12] എളീനി.'' ഉമ്മാക്കു് വിശ്വാസമായില്ല. ''എന്തു് ''നൂമ്പിര്യാരാ''[13] ഇക്കേക്ക്ന്നു്! ബൈററ്തെ ''ഫസാദ്''[14] പറേന്ന്ങ്ങെ?''

''ഫസാദൊന്നല്ലകുഞ്ഞീ. കോയമത്തങ്ങളെ കൊണ്ടാന്നിനി, നീക്കലും പാടലും കയ്ക്ക്ന്ന്ണ്ടു്.'' വിശ്വസിക്കാൻ കഴിഞ്ഞില്ല—അലിക്കായുടെ മരുമകൾ കതീജക്കു് റൂഹാനിയോ! ''കല്ല്പോലത്ത ബാല്യക്കാരത്ത്യല്ലേ ഓള്. ഒന്നു് പോയി നോക്കിററ് ബാന്നാടാ.'' ഉമ്മാക്കു് നിർബ്ബന്ധമായിരുന്നു.

റൂഹാനി! മരിക്കുമ്പോൾ ''റൂഹും''[15] റൂഹാനിയും വേർപെടുന്നു. റൂഹിനെ മലക്കുകൾ പിടിച്ചുകൊണ്ടുപോകുന്നതോടെ റൂഹാനി ഗതികിട്ടാപ്രേതങ്ങളായിക്കഴിഞ്ഞ കൂട്ടമ്പോ

---

12 റൂഹാനി = പ്രേതബാധ.

13 നൂമ്പിര്യാരം = അത്ഭുതം; അതിശയം.

14 ഫസാദ് = നുണ.

15 റൂഹും =

....ഇളംമനസ്സുള്ളവരെ കണ്ടാൽ പിടികൂടുന്നു. ദ്രോഹിക്കുന്നു....അവസാനം അവരെയും ബലിയാടാക്കുന്നു.

....അവിടെ ചെന്നപ്പോൾ പായയില്ലാത്ത വെറും കട്ടിലിൽക്കിടന്നു് കതീജ കൈയ്യും കാലും തലയുമിട്ടടിക്കുകയായിരുന്നു. ഇടക്കിടെ സീൽക്കാരം പുറപ്പെടുവിച്ചുകൊണ്ടു് വിറച്ചുതുള്ളുന്നു. അഴിച്ചിട്ട പരന്ന തലമുടി. അടച്ചുപിടിച്ച കണ്ണുകൾ. ചുണ്ടുകൾ കൂട്ടി കടിച്ച പല്ലുകൾ. സുന്ദരിയായ പെണ്ണിനെ ഇങ്ങനെയിട്ടു് ചതക്കുന്ന ശക്തിവിശേഷത്തോടു് വിദ്വേഷം തോന്നി. താടിയും തലേക്കെട്ടുമുള്ള ദീർഘകായനായ തങ്ങൾ ഇപ്പുറത്തുനിന്നു് "ഇസ്മി"ന്റെ പണിയെടുക്കുന്നു. അപ്പോൾ മാത്രം ചെത്തിക്കൊണ്ടുവന്ന കരിക്കു്. മുട്ട.... തകിടുകൾ. തങ്ങളുടെ ചുളിഞ്ഞ മുഖത്തെ വിയർപ്പുതുള്ളികൾ താഴേക്കൊലിച്ചിറങ്ങാൻ പാടു്പെടുന്നതും നോക്കി വെറുതെയിരുന്നപ്പോൾ—

തങ്ങൾ താഴേക്കിറങ്ങി....ചലിക്കുന്ന ചുണ്ടുകൾ....ഒരേ ബിന്ദുവിൽ കേന്ദ്രീകരിച്ചിരിക്കുന്ന ചത്ത കണ്ണുകൾ....കട്ടിലിന്നരികിൽ വന്നുനിന്നുകൊണ്ടു് തങ്ങൾ പറഞ്ഞു. "ആരെങ്കിലും "അൽബക്കറ" സൂറത്തു് ഓതിൻ. ഞമ്മക്കിതു് ഇപ്പോ പോക്ക." അലിക്കായുടെ ഒരേ സ്വരത്തിലുള്ള 'ഓത്തു്.' ആകാംക്ഷ നിറഞ്ഞ കുറേ കണ്ണുകളും തുടിക്കുന്ന മനസ്സും. പെട്ടെന്നു്, അത്ഭുതപ്പെട്ടുപോയി. വിറച്ചുതുള്ളിയിരുന്ന കതീജ അടച്ചുപിടിച്ച കണ്ണുകളോടെ, ചുരുട്ടിപ്പിടിച്ച മുഷ്ടിയുമായി പെട്ടെന്നെണീററിരുന്നു. തങ്ങളുടെ മുഖത്തു് ചിരി.

ഇടത്തു്കൈകൊണ്ടു് വിയർപ്പു് വടിച്ചുകളഞ്ഞു് തങ്ങൾ ശബ്ദമുയർത്തി. "ശ്ശേ റൂഹാനീ, നീ ആരു്?" പെട്ടെന്നുത്തരം.... "ഞങ്ങ.... ഞങ്ങേന്നു്." കണ്ണു തുറിച്ചുപോയി. അവളുടെ അതേ സ്വരം. മാററമില്ല. പൊട്ടിച്ചിരിച്ചുകൊണ്ടു് തങ്ങൾ പറഞ്ഞു: "അപ്പോ ങ്ങളു് ഒരാളു്മാത്രല്ലല്ലേ. എത്തരാളു്ണ്ടു്?"

"ഇരുപത്തു്നാലു്"—കതീജ, കണ്ണുകൾ തുറക്കാതെ, ചുണ്ടുകൾകോട്ടി വികൃതമായിച്ചിരിച്ചു. നീണ്ട ചിരി....ഈ ചിരി ഹംസയുടേതല്ലേ...വണ്ടിക്കു് തലവെച്ചു് മരിച്ച...

"ആരെല്ലാന്നു് ഇരുപത്തിനാലാളു്?"—ഉത്തരമില്ല.

"ആരാണെന്നു്?" തങ്ങൾക്കു് ദ്വേഷ്യം. വിറയ്ക്കുന്ന, പതറുന്ന സ്വരത്തിൽ കതീജ പറഞ്ഞു, "ചോപ്പുകാട്ടിലെ സൈനാ"

"ആ പിന്ന?"

"അമീദു്, നാരാണി, പാറു, ചോയി.... കഞ്ഞിബി....കടക്കൽ അംസാ...."24 പേരുകൾ....

പുഴയിൽ, ചളിയിൽ ചവിട്ടിമുക്കപ്പെട്ട സൈനയും നാരാണിയും. വണ്ടിക്കു്തലവെച്ചു മരിച്ച ഹംസ. തൂങ്ങിമരിച്ച കുഞ്ഞീബി. മലവെള്ളത്തിൽ ഒലിച്ചുപോയ അമ്പുവും ഭാര്യ ചോയിയും...കണ്ണടച്ചുപിടിച്ചാണു് അവളിതൊക്കെ പറയുന്നതെന്നു് കണ്ടപ്പോൾ അത്ഭുതവും ഭയവും ഒപ്പമെത്തി.

പെട്ടെന്നു് തങ്ങൾ—"ആരാ നേതാബു്?"

"പറയൂല്ല"—ഉറച്ച സ്വരം. നീണ്ട നീണ്ട പൊട്ടിച്ചിരി. "പറയൂല്ലേ....പറയൂല്ലേ"—തങ്ങൾക്കു ദ്വേഷ്യം. പെട്ടെന്നു് 'കുന്തിരിക്കം' കത്തിച്ചതെടുത്തു് തങ്ങൾ അവളുടെ മൂക്കിനു്നേരെ പിടിച്ചപ്പോൾ സീൽക്കാരത്തോടെ അവൾ നിലവിളിച്ചു.

"അംസയാന്നേ....അംസയാന്നേ"

"ആരാ ഈ പറേന്നു്?" "അംസന്നെ."

"ങ്ആ, അങ്ങനെ നേരാബണ്ണം പറ. എന്തു്നാ ഈ തടിക്കു് കൂടൂതു് ബിട്ടു്പോയിക്കൂടെ?"

"ഈ തടി കിട്ടാണ്ടു് പോഊല്ല"—കനത്ത സ്വരം.

"ങ്ഹേ," തങ്ങൾ ഞെട്ടിയിരിക്കുന്നു. "ഇൻറബെളു് എല്ലാ ആട ബെക്കു്. ഇപ്പം ഞമ്മ പോയിച്ചേര"

കുറെനേരം മന്ത്രം ജപിച്ചു. അലിക്കയും കുടുംബാംഗങ്ങളും ഭീതിയോടെ നോക്കിനിന്നു. തകിടെഴുതി, കരിക്കെഴുതി .... മുട്ടയെഴുതി ....
''പോളൂല്ലെ?''

''പോളും'' വിറക്കുന്നുണ്ടവൾ .... ചുണ്ടുകൾ മാത്രം.

''പുത്യോനെന്താ ബേണ്ടി? പറ''

''കുടിക്കാനു്''—ചുററും ആണിയടിച്ചു്, 24 കോളം വരച്ചു് 'ഇസ്മെ'ഴുതിയ കരിക്കു് ചെത്തി അവൾക്കു് കൊടുത്തു.

ദാഹാർത്തരായ, അലയുന്ന ആത്മാക്കൾ, സീല്ക്കാരത്തോടെ വെള്ളം വലിച്ചുകുടിച്ചു. പച്ചമുട്ട ഊററിക്കുടിച്ചു. പെട്ടെന്നവൾ, മുഖംകോട്ടി ശബ്ദമില്ലാതെ കുലുങ്ങിച്ചിരിച്ചു. ചിരിച്ചു് ചിരിച്ചു് പൊട്ടിക്കരഞ്ഞു. കരഞ്ഞുകൊണ്ടു് പറഞ്ഞു ''പോകേണു്''.

കുഴിച്ചിട്ടതു്പോലെ നിർവ്വികാരനായിനില്ക്കുന്ന തങ്ങൾ പറഞ്ഞു. ''പോഉന്നയിനു്മുമ്പു് ബെള്ളത്തിലു് മുടീട്ടടിച്ചു കളിക്ക്ന്നതു് കാണിച്ചാ.'' നിശ്ശബ്ദഭീകരങ്ങളായ നിമിഷങ്ങൾക്കുശേഷം ഇരുന്ന ഇരുപ്പിൽ കാലുകൾ നീട്ടിവെച്ചു്, തലയിട്ടടിച്ചു. ഉയരുകയും താഴുകയും ചെയ്യുന്ന തല. മുമ്പോട്ടും പിമ്പോട്ടും ആടിയുലയുന്ന ശരീരം. സമൃദ്ധമായ തലമുടി മുന്നിലേക്കും പിന്നിലേക്കും എടുത്തുചാടിക്കൊണ്ടിരുന്നു. പെട്ടെന്നു് .... വളരെ പെട്ടെന്നു് വെട്ടിയിട്ടതുപോലെ അവൾ നിലംപതിച്ചപ്പോൾ തങ്ങൾ പറഞ്ഞുപോയി. ''അൽഹംദുലില്ലാ.''

വിറങ്ങലിച്ച കുറെ നിമിഷങ്ങൾക്കുശേഷം പരിഭ്രാന്തയായി അവൾ കണ്ണുകൾ തുറന്നു. ചുററും കൂടിനില്ക്കുന്നവരെക്കണ്ടപ്പോൾ അത്ഭുതപ്പെട്ടുകാണും.

''എണീക്ക്ണേ കയ്ച്ചാ''—അവളുടെ ഉമ്മ.

''ൻെറ നട്ട ഒടിഞ്ഞ്പോയുമ്മാ .... എണീക്കാങ്കയ്യിന്ന്ല്ല.'' മുറിയിൽനിന്നു് പുറത്തു കടക്കുമ്പോൾ ഓർത്തു .... മറക്കാൻകഴിയാത്ത പുതിയൊരനുഭവംകൂടി ഉണ്ടായിരിക്കുന്നു.

വലിയ കാരണവരുടെ ഹൃദയംപോലെ വിണ്ടുണങ്ങിയ വരമ്പത്തെത്തിയപ്പോൾ ദൂരെ, സുഹറായുടെ വീടു് കണ്ടപ്പോൾ, മനസ്സു് പതറി .... ഞാൻ വീണ്ടുമെത്തിയിരിക്കുന്നു. നിൻെറ ദുഃഖത്തിലാഴ്ന്നിറങ്ങാൻ. നിൻെറ പുഞ്ചിരിയിലൂററംകൊള്ളാൻ .... നിൻെറ കണ്ണീരിൽ തപ്തനാകാൻ ....

അവളുടെ മണിയറയിൽ, മുല്ലപ്പൂവിൻെറയും കത്തിച്ച ചന്ദനത്തിരിയുടെയും മണംകലർന്നൊഴുകുന്ന അന്തരീക്ഷത്തിൽ, ചുളിവീഴാത്ത കിടക്കയും നൈലോൺവിരിയും കണ്ടപ്പോൾ പിറുപിറുത്തു. ''നല്ല മണിയറ.'' കേട്ടപ്പോൾ മാ[...]കമായവൾ ചിരിച്ചു. ''ഒരിക്കിബെക്കാന ല്ലാണ്ടു് പെരുമാറാനാള്ല്ല—'' വേദന കനിഞ്ഞിറങ്ങുന്ന ശബ്ദം. പെട്ടെന്നവൾ അടുക്കളയിലേക്കു് നടന്നപ്പോൾ അത്ഭുതപ്പെട്ടു ....

''ഇന്നാ ചായ.'' പതറി, ഒരു ബിന്ദുവായി, കണികയായി, ഒന്നുമല്ലാതായി നില്ക്കുമ്പോൾ .... '' ഇതു് മാങ്ങുല്ലെ?—'' അവൾക്കു് ദ്വേഷ്യവും കരച്ചിലും ഒപ്പം വരുന്നുണ്ടെന്നു് തോന്നി—

''ശത്തും ഫർളും നോക്കീറേ ഉന്നൂട്ടി ''ഒജീനം''15 തന്നാ മടക്കാമ്പാടില്ല.''

പൂവിനെ തൊടുന്നതുപോലെ ഗ്ലാസും പ്ലെയിററിലിരുന്ന ''മണ്ട''16യും വാങ്ങിക്കുമ്പോൾ, സംവത്സരങ്ങൾ നീളമുള്ള നെടുവീർപ്പ്. ''എത്തരനാളായി കണ്ടിററു്?''

സായൂജ്യമടയുന്ന നിമിഷങ്ങളുടെ ലഹരിയിൽ മതിമറന്നുനിന്നപ്പോൾ പിറുപിറുത്തു ''നാളെ കോളേജ് തുറക്കുന്നു.'' ഇറങ്ങിനടന്നപ്പോൾ പിന്നിൽ ഘനീഭൂതമായ ദുഃഖംപോലെ അവൾ നിന്നു.

— ടെറസ്സിൽ എണീററ്നിന്നപ്പോൾ ലേഡീസ് ഹോസ്റ്റലിലെ വൈമനസ്യത്തോടെ മുനിഞ്ഞുകത്തുന്ന മെർക്കുറി ലൈററു് കണ്ടപ്പോൾ മരണത്തെക്കുറിച്ചോർത്തു. എന്നെന്നേ

15. ഒജീനം: ഭക്ഷണം.

16. മണ്ട: ഒരു പലഹാരം.

ക്കമായി നഷ്ടപ്പെട്ട ജ്യേഷ്ഠനെക്കുറിച്ചും ഒരിക്കലും ജനിക്കാനില്ലാത്ത അനിയനെക്കുറിച്ചും ഓർത്തു. ഓപ്പറേഷൻ തിയേററിൽ, വയറുവേദനയുടെ ഉത്ഭവം ഛേദിച്ചുകളയാനോടിനടന്ന സിസ്സേർസ് എന്തേ തൻെറ ഉമ്മയുടെ ഫൈലോപ്പിയൻകുഴൽ ഛേദിച്ചുകളഞ്ഞു. പേഴ്സ്യൻ ഗൾഫിലെ ചുട്ടുപൊള്ളുന്ന ചൂടിൽ ഒരു നിമിഷംകൊണ്ടു് വിധിയെന്തേ തൻെറ ജ്യേഷ്ഠനെ ഒരു കരിക്കട്ടയാക്കിക്കളഞ്ഞതു്? ചൂടിൽനിന്നാരംഭിക്കുന്ന ദിവസം രാവിലെ വിൽസൺ സായിപ്പിൻെറ കിച്ചണിലേക്കു് കടന്നപ്പോൾ തലേന്നു് രാത്രി ഗ്യാസ്ടാപ്പടക്കാൻ മറന്നുപോയതോർത്തിരിക്കില്ല. ഗ്യാസ് കുററിയിൽനിന്നൊഴുകിയ കണികകൾ അടച്ചിട്ട കിച്ചണിലെ ചുമരുകളിൽ പററിപ്പിടിച്ചുനിന്നു് തീജ്വാലക്കുവേണ്ടി ദാഹിച്ചു. ചുണ്ടിൽവെച്ച സിഗരററിനു് തീ പിടിക്കുന്നതിനുമുമ്പായി, ചുടുരക്തം, പച്ചമാംസം ഒരു കരിക്കട്ടയായി നിലംപതിക്കുന്നതിനുമുമ്പുള്ള ഒരു നിമിഷത്തിലെ വെപ്രാളത്തിൽ എന്തെല്ലാം ഓർത്തിരിക്കും?

“പല്ലിൻെറ നീരും കുടിച്ചിര്ന്നോ. ആയക്കുപ്പിൻെറ ബെലേംകൂടീല്ല. എന്നിററ്ബേണ്ടേൻക്ക് ചെരച്ചേരാൻ.” ഉമ്മായുടെ ഈ വാക്കുകളാണു് ഇക്കാക്കയെ കരിക്കട്ടയാക്കിയതു്. അടുത്ത വീട്ടിലെ ആമു ദുബായിൽനിന്നു കൊണ്ടുവന്ന ടേപ്പ്റിക്കാർഡിനുമുമ്പിൽ, തിളങ്ങുന്ന കുപ്പായത്തിനുമുമ്പിൽ, റാഡോവാച്ചിനുമുമ്പിൽ തൻെറ വ്യക്തിത്വം ഉരുകിയൊലിക്കുന്നുണ്ടെന്നു് തോന്നിയപ്പോൾ ഇക്കാക്ക നാടുവിട്ടു. “മററുള്ളവരുടെ ‘മുനാജ’ 17 കു് നിൽക്കില്ല. ഞാൻ വളരും—ആയക്കുപ്പിൻെറ വിലയിൽക്കൂടുതൽ സമ്പാദിച്ചാൽ മടങ്ങിവരും ....” കഴുത്തററം വെള്ളത്തിൽ തള്ളിയിട്ടു് ജീവരക്ഷാർത്ഥം കുതിക്കുന്ന ലോഞ്ചിനെനോക്കി ഒരു പ്രാണൻ പുൽക്കൊടിക്കുവേണ്ടി കേണു. അറബിക്കടലിൻെറ ശക്തിയായ അടിയൊഴുക്കുള്ള വെള്ളത്തിൽ കരയാൻകഴിയാതെനിന്ന നിമിഷങ്ങൾ തനിക്കൂഹിക്കാം .... അവസാനം വിൽസൺസായിപ്പിൻെറ കിച്ചണിൽ ഒരു കരിയായി, ചാരമായി .... ഉമ്മ പറയാറുണ്ടു്—“നായി നടുക്കടെല്ല്പോയപോലെ.”

പക്ഷെ, ആദ്യമായി മരണം നേരിൽ കണ്ടപ്പോൾ വിറച്ചു ....

സ്വന്തം പെങ്ങളുടെ കല്യാണത്തിനു് അലിക്കായുടെ പുതിയാപ്പിള നാട്ടിൽ വന്നിട്ടുണ്ടെന്നറിഞ്ഞപ്പോൾ എന്തു് സന്തോഷമായിരുന്നു. സന്തോഷം വഴിഞ്ഞൊഴുകുന്ന സുഹറായുടെ മുഖം മനസ്സിൽ കണ്ടു. അയാളെക്കാണണം. കണ്ടിട്ടു് സുഹറായെ ഒരിക്കലും, ഒരിക്കലും പിരിയരുതെന്നു് പറയണം. മരുപ്പച്ച കണ്ടവനെപ്പോലെ ഓടുമ്പോൾ, ബോട്ടിൽവെച്ചാണതു് കാണേണ്ടിവന്നതു്.

കടലും പുഴയും ഒന്നിച്ചുചേരുന്ന അഴിമുഖത്തു് ബോട്ടടുപ്പിച്ചപ്പോൾ, ജട്ടിയിൽ, സുഹറായെയും ഭർത്താവിനെയും ഒന്നിച്ചുകണ്ടപ്പോൾ, സന്തോഷംകൊണ്ടു് മനസ്സു് കരഞ്ഞു. വിടാൻപോകുന്ന ബോട്ടിൽ ഭാര്യയെയും കയററി ചാടിക്കയറുമ്പോൾ .... പ്രപഞ്ചത്തിലെ ദയനീയത മുഴുവൻ ഒരുക്കൂടിയ ഒരു നിമിഷം .... “പ്ളും.” ബോട്ടിനും ജട്ടിക്കുമിടയിൽ വെള്ളത്തിൽ ആഴ്ന്നിറങ്ങുന്ന അയാളുടെ ദയനീയമായ വിളി. ഊഹിക്കാം. ആഴ്ന്നിറങ്ങിയ അതേ ശക്തിയിൽ പൊന്തിവരുമ്പോൾ .... തലക്കുമുകളിൽ വീതിയും നീളവുമുള്ള ബോട്ടിൻെറ അടിവശം. തുറിച്ച കണ്ണുകൾ. വലിഞ്ഞുപൊട്ടുന്ന ചങ്കു്. സങ്കോചിക്കുന്ന ശ്വാസകോശം. അഴിമുഖത്തെ ശക്തിയായ ഒഴുക്കു്. വെപ്രാളത്തിൻെറ ദയനീയത മുററിനില്ക്കുന്ന നിമിഷങ്ങൾ. മരണമെന്ന നീരാളിക്കുമുമ്പിൽ ചുരുണ്ടൊതുങ്ങിയപ്പോൾ മുങ്ങൽവിദഗ്ധന്മാർ പരാജയപ്പെട്ടിടത്തു് ഒഴുക്കു് വിജയിച്ചു. മൂന്നു് ദിവസം കഴിഞ്ഞു് അഴിമുഖത്തു് ചീഞ്ഞടിഞ്ഞ മൃതദേഹത്തിൽ കണ്ണുകളുണ്ടായിരുന്നില്ല. മൂക്കുണ്ടായിരുന്നില്ല. പല്ലിളിച്ചുകാട്ടുന്ന ചീഞ്ഞളിഞ്ഞ മാംസപിണ്ഡം.

17. മുനാജ = ഔദാര്യം.

സുഹറായുടെ പ്രതികരണം ഭയങ്കരമായിരുന്നു. ഒരു കിടുങ്ങൽ! പിന്നെ തികച്ചും ശാന്തമായിരുന്നു ആ മുഖം. ശക്തിയായ അടിയൊഴുക്കുള്ള സമുദ്രത്തിൻെറ മുകൾപ്പരപ്പ്പോലെ ശാന്തം! ബോട്ടിൽനിന്നും തെറിച്ചുവീണ ഭർത്താവിൻെറ ഒരു ചെരിപ്പ് ചരിഞ്ഞുനിന്ന് കുനിഞ്ഞെടുക്കുകയായിരുന്ന അവൾ ഒരു ചോദ്യചിഹ്നംപോലെ തോന്നി. സമുദായത്തിന് മുമ്പിൽ, പ്രപഞ്ചത്തിന്മുന്നിൽ വെറുങ്ങലിച്ച ഒരു ചോദ്യചിഹ്നം!

ഒരു വലിയ പതനംപോലെ അലീക്ക മുന്നിൽ നിന്നു. ചുവന്ന കണ്ണുകളിൽനിന്നും ചാലിട്ടൊഴുകിയ കണ്ണുനീർ വളന്ന് മുററിയ താടിരോമങ്ങൾക്കിടയിലൂടെ വിയപ്പുമായി ഇഴുകിച്ചേർന്ന് താഴോട്ടൊഴുകി. കരയിക്കുന്ന ഭാവം!

'മയ്യത്ത്' ഖബറടക്കിയശേഷം ഭർത്താവിൻെറ വീട്ടുകാർ സുഹറായെ 'മറ'യിലിരുത്താനുള്ള ഒരുക്കങ്ങളുമായി വന്നപ്പോൾ ദേഷ്യം നുരഞ്ഞുപൊന്തി.... വേദനിക്കില്ലെന്നുവെച്ച് ശവത്തിൽ കുത്തണോ? കവിളൊട്ടാൻമാത്രം ചുരുട്ട് ആഞ്ഞുവലിച്ചുകൊണ്ട് വാലൻതലേക്കെട്ടുള്ള മൊല്ലാക്ക പറഞ്ഞു: ''ശരഹ് നേമപ്രകാരം നാല് മാസ്സും പത്ത് ദെവസ്സും മറേലിരിക്കണോന്നാ. മാപ്പ്ളനോട്ള്ള ബിചാരം മാത്തറേ പാറ്റ. ചെബിട്ടിലും മൂക്കിലും പഞ്ഞികുത്തീട. ആറ് ബയസ്സ് മേപ്പട്ട്ള്ള ആണിനെ കാണണ്ട. പിന്ന അഞ്ചോത്തും നിസ്കരിക്ക, മാപ്പ്ളക്ക്ബേണ്ടി ദു ആരക്ക.''

ഇരുട്ടറയിൽ, ചെവിട്ടിലും മൂക്കിലും പഞ്ഞി കുത്തിയിട്ട്, ആരേയും കാണാതെ, ആരോടും സംസാരിക്കാതെ, ഒരു ശബ്ദവും കേൾക്കാതെ 130 ദിവസം മരിച്ചുപോയ ഭർത്താവിനെയും ഓർത്ത് മരിച്ചുജീവിക്കുക, ഒരു ജീവച്ഛവം പോലെ.

കോളേജിലേക്ക് വരാനൊരുങ്ങിയപ്പോൾ സുഹറായെക്കാണണമെന്നുതോന്നി. പക്ഷെ.... അവൾ മറയിലാണല്ലോ. വേണ്ട, ഈ വൈകിയ സമയത്ത് അവളെ കൂടുതൽ വേദനിപ്പിക്കുന്നതെന്തിന്?

ബാഗ് കയ്യിലെടുത്തപ്പോഴാണ് അടുക്കളയിൽനിന്ന് ഉമ്മ ആരോടോ പറയുന്നതു കേട്ടു. ''സുറാക്ക് ഹമല്ണ്ട്പോലൂന്നെ. കയിഞ്ഞമാസം കളി നിന്നിൻന്നാ പറഞ്ഞെ....'' സ്തംഭിച്ചുപോയി. ഇരുട്ട്.... കൂരിരുട്ട്.... തമസോമാ.... തമസോമാ ജ്യോതിർഗ്ഗമയ. മനോമുകുരത്തിൽ 'ഉമ്മാ'യെയും കുടുംബക്കാരെയുംപററി കുസൃതിച്ചോദ്യങ്ങൾ ചോദിച്ച തേങ്ങലുകൾ കരച്ചിലുകളാക്കിമാററിയേക്കാവുന്ന ഒരു കുരുന്നുമുഖം!.... അനുഭവിക്കു കുട്ടീ. ഈ ചുററുപാടിൽ ഒരു മുസ്ലീം പെണ്ണായിപ്പിറന്നതുകൊണ്ട്, 130 ദിവസത്തെ തടവിൽ മുരടിച്ചുനില്ക്കുന്ന ജീവിതമെന്ന ചക്കടാവണ്ടിയും മുതുകിലേററി ഇഴഞ്ഞിഴഞ്ഞു നീങ്ങു.... മുമ്പോട്ട്.... മുമ്പോട്ട്.

ടെറസിൽ, മഴപോലെ പെയ്യുന്ന മഞ്ഞിൽ മരവിച്ചിരുന്ന് പിറുപിറുത്തു: ''തമസോമാ ജ്യോതിർഗ്ഗമയ.'' ഈ അന്ധകാരത്തിൽനിന്നെന്നെ വെളിച്ചത്തിലേക്ക് നയിക്കൂ....

# തേങ്ങലിൻെറ സംഗീതം

**മുഹമ്മദലി, പുന്നൂർ II B. A. (Econ.)**

കിഴക്കിൻെറ ചിരി തൻെറ മനസ്സിലുമുണ്ടെന്നയാം ഓർത്തു. ആകെക്കൂടി സുന്ദരമായൊരു ദിവസം.

ഓർക്കാനുള്ളതുമുഴുവൻ സുന്ദരമായ കാര്യങ്ങളാണ്. കിഴക്കെ മലയിലെ പുരയിടത്തിൻെറ കച്ചവടത്തിൽ ചുരുങ്ങിയതു് അയ്യായിരം രൂപ ലാഭമുണ്ടാവും.

ഇന്നലെ സൂപ്രണ്ട സൂചിപ്പിച്ച പ്രമോഷൻെറ കാര്യം. എല്ലാററിലുമുപരി ഭാര്യയുടെ അസാധാരണമായ പെരുമാററം.

ഭാര്യ കൊണ്ടുവെച്ച കാപ്പി ഓർമ്മകളോടൊപ്പം മൊത്തിക്കുടിയ്ക്കുവെയാണ് പത്രവുമായി പയ്യൻെറ മുഖം മുമ്പിൽ കണ്ടതു്.

വാങ്ങി മറിച്ചുനോക്കി. ബംഗ്ലാദേശ് അഭയാർത്ഥികളെ സഹായിക്കാനുള്ള പ്രധാനമന്ത്രിയുടെ അഭ്യർത്ഥനയാണാദ്യം.

—നാശം ആയിരം പ്രാവശ്യം വായിച്ച വരികാം.

കണ്ണുകാം പുതിയ വാർത്തകാംക്കുവേണ്ടി പരതി. ബേബിബ്യൂട്ടി കോൺടസ്റ്റിൻെറ ഫലപ്രഖ്യാപനം.

കുട്ടികളോടൊപ്പം അമ്മമാരുടെയും ഫോട്ടോകാം.

പെട്ടെന്നു മനസ്സിൽ എന്തൊക്കെയോ പൊട്ടിത്തകന്നു. കണ്ണുകാം അവിശ്വസനീയമായി വിടന്നു.

മിസ്സിസ്സ് ലേഖയും കുഞ്ഞും!

—രണ്ടാം സമ്മാനം.

ദൈവമേ!

എവിടെയാണു തെററുപററിയതു്? അവാം അമ്മയാവില്ലെന്നു് ഡോക്ടർ മനോഹർ എത്ര തവണ പറഞ്ഞതാണ്.

തരിശായിക്കിടക്കുന്ന ഭൂമിയെപ്പററി എത്ര തവണ പരിതപിച്ചു!

ഒരു കൊടുങ്കാററുപോലെ ഫോണിന്നടുത്തേക്കുചെന്നു. നാലു നമ്പറുകാം കറക്കി.

''ഡോക്ടർ മനോഹർ, മോഹൻദാസ് ഹിയർ.''

''ഗുഡ്മോർണിങ്ങ്! വാട്ടീസ് ദ മാററർ മോഹൻ? ഇതുരാവിലെ.''

''ഡോക്ടർ ഇന്നത്തെ പത്രം കണ്ടോ?''

''ഓഹോ അതാണുകാര്യം അല്ലേ? വിഷമിയ്ക്കാതിരിക്കൂ.''

''ഡോക്ടറല്ലേ പറഞ്ഞതു് അവാംക്കു് കുട്ടികളുണ്ടാവില്ലെന്നു്!''

ഫോണിൽ ഒരുനിമിഷത്തെ നിശ്ശബ്ദത.

നിശ്ശബ്ദതയുടെ ഗർജ്ജനം കേട്ട് അയാം നടുങ്ങി.

''നേരോ ഡോക്ടർ, എനിക്കു കുട്ടികളുണ്ടാവില്ലേ?''

''സമാധാനമായിരിക്കൂ മോഹൻ വിധിയെ തടുക്കാൻ നമുക്കു കഴിയുമോ?''

ഇനിയും കോംക്കണമെന്നുണ്ടായിരുന്നില്ല. റിസീവർ ക്രേഡിലിലേക്കെറിഞ്ഞിട്ട് സെററിയിൽ തളന്നുവീണു.

ശബ്ദംകേട്ടോടിയെത്തിയ ഭാര്യയുടെ കരണത്താഞ്ഞടിക്കാനാണു തോന്നിയതു്.

നിമിഷങ്ങൾ കഴിഞ്ഞപ്പോൾ ആലോചിച്ചു. താനെന്തിനാണു് മററുള്ളവരോടു് ദേഷ്യപ്പെടുന്നതു്? മുഖം നന്നല്ലാത്തതിനു് കണ്ണാടി തല്ലിപ്പൊട്ടിക്കുന്നതെന്തിനു്?

ശരീരത്തിലേക്കറിയാതെ നോക്കിപ്പോയി.

ഈ ശരീരത്തെപ്രതി എത്രതവണ അഭിമാനിച്ചിരുന്നു.

സുഭഗമായ അവയവങ്ങളുടെ, സുന്ദരമായ മുഖത്തിൻെറ അവകാശിയെ മനസാ എത്ര സ്തുതിച്ചിരുന്നു.

എന്തൊരു വിഡ്ഢിയായിരുന്നു താൻ! മുത്തില്ലാത്ത ചിപ്പിയെടുത്തോമനിച്ച പമ്പരവിഡ്ഢി.

ലേഖ!

ഓർക്കുമ്പോൾ അകലെ വസന്തത്തിൻെറ വർണ്ണരാജികൾ തെളിയുന്നു.

എൻെറ ലേഖ, നിൻെറ നുണക്കുഴികൾ വിടരുന്നതുകാണാൻ എത്രതവണ ഞാൻ നിന്നെ ചിരിപ്പിച്ചിട്ടുണ്ടു്.

നീണ്ട, ആകാശത്തിൻെറ നീലിമമുഴവൻ കവർന്നെടുത്ത നിൻെറ നയനങ്ങൾ! ആ നീലമിഴികൾ നിറഞ്ഞുകാണാൻ എന്തൊരു ചന്തമായിരുന്നു. അതിനുവേണ്ടി എന്തെല്ലാം പറഞ്ഞു ഞാൻ വഴക്കിട്ടിട്ടുണ്ടു്.

അപ്പോഴെല്ലാം നീ നല്കിയ സമ്മാനങ്ങൾ! നിനക്കു് സ്നേഹത്തിൻെറ ഭാഷമാത്രമേ അറിയുമായിരുന്നുള്ളു.

എന്നിട്ടും എത്ര ക്രൂരമായാണു് എൻെറ വീട്ടുകാർ നിന്നോടു് പെരുമാറിയതു്. മൂന്നുവർഷം കഴിഞ്ഞിട്ടും പ്രസവിക്കാത്തതായിരുന്നു നിൻെറ കുററം

കുത്തുവാക്കുകളേററുസഹിക്കവെയ്യാതെ എങ്ങിയേങ്ങിക്കരയുന്ന ലേഖ ഇപ്പോഴും ഈ വരാന്തയിൽ നില്ക്കുന്നുണ്ടോ?

കരഞ്ഞുകലങ്ങിയ കണ്ണുകളുമായി നീ ഇറങ്ങിപ്പോയ ദിവസം, ഇപ്പോഴും മനസ്സിൽ മാറാലപിടിക്കാതെ കിടക്കുന്നുണ്ടു്.

നിന്നെ തടുത്തുനിർത്താൻ എൻെറ കൈകൾ അശക്തങ്ങളായിരുന്നു; ഞാൻ നിസ്സഹായനായിരുന്നു.

ഇത്രപെട്ടെന്നു് നീ പോകുമെന്നു് ഞാൻ കരുതിയില്ല.

അല്ലെങ്കിൽ നിന്നെയെന്തിനു കുററം പറയുന്നു.

നിനക്കു സഹിക്കാൻ കഴിയുന്നതിലധികമായിരുന്നല്ലോ അതു്.

നീ പറഞ്ഞു

''അമ്മയും, അച്ഛനും പറയുന്നതു് ഞാൻ വേണ്ടത്ര സഹിച്ചു. പക്ഷെ നിങ്ങളൊരു പുരുഷനല്ലെ?''

അതെ, ലേഖാ നിനക്കു തെററുപററിയിരുന്നില്ല. ഞാൻ ദുർബ്ബലനായിരുന്നു—അമ്മയുടെ കളിക്കുഞ്ഞുമാത്രം.

നിൻെറ മാതൃത്വത്തെ ആരപമാനിച്ചാലും ഞാനപമാനിക്കയില്ലെന്നു് നീ കരുതിയതു് തെററാണോ?

''ചിന്തിച്ചിരുന്നാൽ മതിയോ? ഇന്നോഫീസിൽ പോകണ്ടേ?''

—ഭാര്യയാണു്.

തുറിച്ചുനോക്കിയിട്ടു് വേഗം ഡ്രസ്സുചെയ്തു.

''ഇന്നു കുളിക്കുന്നില്ലേ?''

കേട്ടെന്നു നടിച്ചില്ല. കാറിൽ കയറി സ്റ്റാർട്ടുചെയ്തു.

''ബ്രേക്കുഫാസ്റ്റും വേണ്ടേ?'' നേരിയ രോദനം പിറകിൽനിന്നു കേട്ടു.

പതുക്കെ, വളരെ പതുക്കെ ഓടിക്കുമ്പോൾ, സ്പീഡോമീററിലെ സൂചിയോടൊപ്പം മനസ്സിനെയും വിതാനത്തിലേക്കു് കൊണ്ടുവരാൻ ശ്രമിക്കുകയായിരുന്നു.

ജങ്ഷനിൽ നിർത്തിയിട്ട കാറിൽ കണ്ണുകൾ വീഴ്കെ, അറിയാതെ ബ്രേക്കിൽ കാലമർന്നു.

''ലേഖാ''

അവൾ മുഖമുയർത്തി. കുഞ്ഞിനെ മടിയിലൊതുക്കിയിരുത്തി.

കണ്ണുകളിൽ വിസ്മയഭാവം! "കൺഗ്രാജുലേഷൻസ് ഫോർയുവർ ചൈൽഡ്; ലേഖാ"

അവളുടെ മുഖം പെട്ടെന്നിരുണ്ടു.

കണ്ണുകളിൽ തിളങ്ങുന്നതു പ്രതികാരമാണോ? ചുണ്ടുകളിൽ തങ്ങിനില്ക്കുന്ന പരിഹാസം തന്നിലെ പുരുഷനുനേരെയാണോ?

"താങ്ക് യൂ മിസ്റ്റർ മോഹൻദാസ് ബട്ട് റിമെമ്പർ, നൗ അയാം ലേഖാ രമേഷ്"

എവിടെക്കൊള്ളണമെന്ന് കരുതിയാണവൾ അടിച്ചതു്?

തളച്ച് വകവെക്കാതെ അയാൾ സ്റ്റാർട്ട് ചെയ്തു.

യാത്രപോലും പറയാതെ ക്രമാധികം സ്പീഡിൽ യാത്ര തുടരുമ്പോൾ പോകുന്ന ദിക്കിനെക്കുറിച്ചുപോലും ചിന്തിച്ചില്ല; അയാൾ.

# വണ്ടിക്കാള

മോഹൻദാസ് പി. എൻ., II B. Sc. (che)

അമ്പലമുററത്തുള്ള അരയാൽത്തറയിൽ, ഏകാന്തതയിൽ, മനംകുളിപ്പിക്കുന്ന പരിസരത്തിൽ അലിഞ്ഞിരുന്നു. മകരമാസത്തിലെ മഞ്ഞിൻ പുതപ്പിലൂടെ ഊന്നിറങ്ങുന്ന ഉദയസൂര്യകിരണങ്ങൾ ആദ്യസ്പർശനത്തിൽെറ ഊഷ്മളത പകന്നു.

താളംപിഴച്ച നൃത്തംപോലെ ഈറനുടുത്തു് ഒരു സ്ത്രീ അമ്പലച്ചിറയിൽനിന്നു് കുളിച്ചുവരുന്നു. ഹ! വസന്ത. അതേ, അവൾതന്നെ. അറിയാതെ ആൽത്തറയിൽനിന്നു് എഴുന്നേററു. അസ്തമിക്കാറായ പൌർണ്ണമിച്ചന്ദ്രനെപ്പോലെ വിളത്ത മുഖം! അവളുടെ മൂകമായ കണ്ണുകൾ എന്തൊക്കെയോ പറയുന്നു. മുറുക്കിപ്പിവച്ച വീണകളിലവിടവിടെ സ്പർശിക്കുന്നു. നാളുകൾക്കു മുമ്പു വിരിഞ്ഞു് പരാഗണംനടക്കാതെ വാടാറായ പൂവുപോൽ അവൾ അമ്പലത്തിനുമുമ്പിൽനിന്നു് തൊഴുന്നു. വായിൽ വാക്കുകൾ കുരുങ്ങുന്നു. ഹൃദയത്തിൽ, സിരകളിൽ വേലിയേററം....

ഈശ്വരനിലപ്പിച്ചതിലേറെ ഹൃദയം എന്നിലപ്പിച്ചിരുന്ന, കൈതപ്പൂവിൻെറ നിറവും വശ്യതയും ഉള്ള വസന്തേ ഞാനൊരു നഗ്നസത്യം തുറന്നുപറയാം. യൗവനത്തിൻെറ ആദ്യപടിയിൽ കയറിയ എന്നെ വികാരംകൊള്ളിച്ചതും ആവേശംകൊള്ളിച്ചതുമായ ആദ്യത്തെ സ്ത്രീ നീയാണ്. നിൻെറ വസന്തത്തിൽവിടന്ന പൂ പറിച്ചെടുക്കാൻ കഴിയാതെ നീയിന്നു് വിതുമ്പുന്നതു കാണുമ്പോൾ ഞാനോർമ്മിക്കുകയാണ്....

അന്നു് ഇതേസ്ഥലത്തുവെച്ചു് ഉത്സവം നടക്കുകയായിരുന്നു. നമ്മൾ ഹൈസ്കൂളിൽ പഠിച്ചിരുന്ന കാലം. ചെണ്ടയിൽ താളംമുറുകിയപ്പോൾ വാണങ്ങൾ ആകാശത്തിലേക്കു് ഉയന്നപ്പോൾ നമ്മളിൽ മറെറാരു താളം മുറുകുകയായിരുന്നു. നമ്മിൽ വികാരത്തിൻെറ വാണം ആകാശത്തോളം ഉയന്നു് നൂറുവർണ്ണങ്ങളിൽ ചിതറിവീഴുകയായിരുന്നു. നീലനിറത്തിലുള്ള വസ്ത്രങ്ങളണിഞ്ഞ നിൻെറ നീലക്കണ്ണുകളിൽ ആയിരം സന്ധ്യയുടെ പ്രഭാപൂരം കണ്ടു. ആ പ്രഭാപൂരം എൻെറമേൽ ചൊരിഞ്ഞ ആ നിമിഷത്തെപ്പോലെ സ്വർഗ്ഗീയാനുഭൂതി, ആനന്ദാനുഭൂതി എനിക്കു ലഭിച്ച നിമിഷം ഈ ഇരുപത്താറു് കൊല്ലത്തിന്നിടക്കില്ല. ഈ ഏകാന്തതയിൽ വന്നപോലെ നീ അന്നു് എൻെറ അടുത്തു് വന്നിരുന്നെങ്കിൽ!....

നിന്നെ പ്രേമിച്ചതറിഞ്ഞ നിൻെറ ചേട്ടൻ എന്നോടു പറഞ്ഞതു് നീ ഒരുപക്ഷേ അറിഞ്ഞിരിക്കയില്ല. "എൻെറ പെങ്ങൾക്കുവേണ്ടി സെൻട്രൽജയിൽവരെ വേണേൽ ഞാൻ കയറും. ആ കളി വേണോ?" എന്നായിരുന്നു. ഞാൻ എന്തു തെററു് ചെയ്തു. നിന്നെ പ്രേമിച്ചതു് തെററായിരുന്നുവോ? അന്നു് ലോകത്തെപ്പററി ഏട്ടും പൊട്ടും തിരിയാത്തതുകൊണ്ടു് അധികമൊന്നും പറഞ്ഞില്ല. ഇതിനുപിന്നിൽ പ്രവത്തിച്ചിരുന്നതു് നാരായണൻകുട്ടിയായിരുന്നു. നമ്മിലെ ബാല്യചേഷ്ടകൾ, നിൻെറ തുടുത്ത യൗവ്വനം അവനിൽ അസൂയ ഉണ്ടാക്കിക്കാണും. ഇല്ലാത്തവൻ ഉള്ളവനിൽ അസൂയപ്പെടുന്നു. ഒരു ലോകസത്യം മാത്രം. അവൻ നീ നന്നായി ക്കാണണമെന്ന ആവശ്യത്തോടെ നിൻെറ ചേട്ടൻെറ പിന്നിൽ അണിനിരന്നു. അക്കൊല്ലം

നിന്റെ പഠിത്തം നിർത്തിയതോടെ നിന്നെക്കാണാൻ കഴിഞ്ഞില്ല.

സ്നേഹം ഹൃദയം കവിഞ്ഞ് ഏകാന്തതയിലൂടെ, മൗഢ്യത്തിലൂടെ, കഥയിലൂടെ, കവിതയിലൂടെ, വികാരതരംഗങ്ങളായൊഴുകി. നിന്നെ ഓടുന്ന ബസ്സിൽ ഇറങ്ങുന്ന സ്റ്റേഷനിൽ എത്തുന്നിടത്തെല്ലാം തിരക്കി. ആയിരം റോസാപ്പൂക്കളുടെ വശ്യത ചാലിച്ച നിന്റെ മന്ദഹാസം കാണാൻ, പൊട്ടിച്ചിരിച്ചൊഴുകുന്ന കാട്ടരുവിയെപ്പോലെയുള്ള നിന്റെ കുട്ടിക്കളി കാണാൻ ഞാനന്വേഷിച്ചു. ഓരോ നിമിഷത്തിലും . . . .

ആയിടക്ക് നിന്റെ അച്ഛൻ മരിച്ചു. ധൂർത്തനായിരുന്നെങ്കിലും അച്ഛൻ മരിച്ചതിൽ നിനക്ക് ഖേദമുണ്ടായിരിക്കും. ചെറുപ്പത്തിൽത്തന്നെ അമ്മ നഷ്ടപ്പെട്ട നീ അച്ഛന്റെ വേർപാടിൽ മനംനൊന്ത് കരഞ്ഞിട്ടുണ്ടാകും. അമ്മ നഷ്ടപ്പെട്ട കഥ നീ പറഞ്ഞുകേട്ടപ്പോൾ എന്റെ കണ്ണിൽനിന്നുതിന്ന കണ്ണീർ നീ തുടച്ച രംഗം ഞാനോർക്കുന്നു. നിന്റെ ജീവിതത്തിൽ ദുഃഖത്തിന്റെ ശവംനാറിപ്പൂക്കൾ മാത്രമേ വിരിഞ്ഞിട്ടുള്ളു. സന്തോഷത്തിന്റെ മുല്ലപ്പൂക്കൾ വിരിഞ്ഞത് നാം ഒരുമിച്ച് സ്കൂളിൽ പഠിച്ചിരുന്ന കാലത്ത് മാത്രമാണ്. പിന്നെ നിന്റെ യൗവ്വനത്തിന്റെ തേങ്ങൽ, അമർത്തിപ്പിടിച്ച വികാരങ്ങൾ മനസ്സിലാക്കാൻ ചേട്ടന്മാർ മാത്രമേ ഉണ്ടായിരുന്നുള്ളു. അവർക്കെത്രമാത്രം മനസ്സിലാകുമെന്ന് നമുക്കറിഞ്ഞുകൂടേ. നീ മൂന്നു ചേട്ടന്മാരുടെ തടവിലായി.

ഞാൻ കോളേജ് വിടാറായ സമയത്ത് നിന്റെ മൂത്ത ചേട്ടൻ മരിച്ച വിവരമറിഞ്ഞു. നിന്റെ ജീവിതസാഗരത്തിൽ ദുഃഖത്തിന്റെ അലകൾ മാത്രമേയുള്ളു. പൊട്ടിച്ചിരിക്കുന്ന ഓളങ്ങൾ പഞ്ചാരമണലിലേക്ക് കയറിവന്നിരുന്നില്ല. നിന്നെകാണാൻ ആശ്വസിപ്പിക്കാൻ നിന്റെ വീട്ടിൽ വരണമെന്ന് വിചാരിച്ചു. പക്ഷെ നാരായണൻകുട്ടിയെപ്പോലുള്ളവർ ശവത്തിനുചുറ്റും കഴുകന്മാരെപ്പോലെ പറക്കുമ്പോൾ, ധനാഢ്യനായ അവൻ സ്വന്തമായി കാറുള്ള അവൻ നിന്നെ പരിണയിക്കാനല്ല നിന്നിലെ ചാരിത്ര്യത്തെ കൊത്തിയെടുക്കാൻ വട്ടമിടുകയായിരുന്നെന്ന് നിനക്കുതന്നെയെങ്കിലും മനസ്സിലായിക്കാണും.

ഓരോ മഴക്കാറുവെക്കുമ്പോഴും ഞാൻ നിന്നെ ഓർക്കും. കാറുമൂടിക്കെട്ടിയ ആകാശം, ചുട്ടുവിളങ്ങുന്ന അന്തരീക്ഷം കാറ്റടിക്കാതെ, ഇടിവെട്ടാതെ, മിന്നലില്ലാതെ, വെള്ളം തുള്ളികളായി ഭൂമിയിലേക്ക് വീഴാതെ, ഭൂമിയിലെ കുഴികളിലേക്ക് കിനിഞ്ഞിറങ്ങാതെ പാറിപ്പറന്ന് മലകൾക്കപ്പുറം കടന്നു.

ഞാൻ ഉദ്യോഗാർത്ഥം ഡൽഹിക്കുപോയത് നീയറിഞ്ഞിരിക്കില്ല. എയർ ഇന്ത്യയിൽ ജോലി കിട്ടിയതും നീയറിഞ്ഞിരിക്കില്ല. എങ്ങിനെ അറിയാനാണ്? പകൽ രാത്രിയാവുന്നതും രാത്രി പകലാവുന്നതുപോലും നീ അറിഞ്ഞിരുന്നില്ലെന്നു തോന്നുന്നു. അടുക്കളയുടെ നാലുചുമരിന്നിടയിൽ നിന്റെ ലോകം ഒതുങ്ങിനിന്നു. നിന്റെ കൂട്ടുകാർ കരിപിടിച്ച് കലപിലകൂട്ടുന്ന പാത്രങ്ങളായിരുന്നു. നിന്റെ കണ്ണിൽനിന്നുറവുന്ന ചുടുകണ്ണീർ കണ്ട് അവയുടെ ഹൃദയംപോലും അലിഞ്ഞു. നിനക്കുവേണ്ടി സെൻട്രൽജയിൽവരെ പോവാൻ തെയ്യാറായ ചേട്ടൻ നിനക്കുവേണ്ടി കുടി നിർത്താൻ, തെമ്മാടിത്തം നിർത്താൻ തെയ്യാറില്ല. കള്ളുകുടിയന്റെ, തെമ്മാടിയുടെ പെങ്ങളെ ആരെങ്കിലും വിവാഹം കഴിക്കാനാഗ്രഹിക്കുമോ? പ്രത്യേകിച്ച് അച്ഛനും അമ്മയും ഇല്ലാത്ത പെണ്ണിനെ. ഞാൻ പലപ്പോഴും പ്രകൃതിയോട് ചോദിക്കാറുണ്ട്. ചുവന്ന്, തുടുത്ത്, നനുത്ത്, നൈർമ്മല്യമേറിയ, ഹരംപിടിപ്പിക്കുന്ന മണമുള്ള ആ പനിനീർപ്പൂവിനെ എന്തി നീ മുൾച്ചെടിയിൽ വിരിയിച്ചു? ഉത്തരം കിട്ടാത്ത ചോദ്യം.

വസന്തേ! ഇന്നു നിന്റെ മുന്നിൽനിൽക്കുന്ന ചേട്ടൻ ഒരു കാമുകനാണ്. എയറിന്ത്യയുടെ ഓഫീസിലുള്ള ഒരു പെണ്ണിന്റെ കാമുകൻ. അവൾ എന്നെ കാത്ത് ഓഫീസിൽ നശിച്ച

നിമിഷങ്ങൾ തള്ളിനീക്കുന്നുണ്ടാവും. അല്ലെങ്കിൽ നിന്നെ എനിക്കു രക്ഷിക്കാമായിരുന്നു. നിന്റെ നോട്ടത്തിൽ നിന്റെ മൂകത എന്നോടു് സംസാരിക്കുന്നു. ''എനിക്കു് മോക്ഷം തരൂ''! പൂത്തു് ദലങ്ങൾ കൊഴിയാറായി നില്ക്കുന്ന കൊന്നപ്പൂക്കുലപോലെ. അമ്പലനടയിൽ ഈറനുടുത്തുനില്ക്കുന്ന പെണ്ണെ നഷ്ടപ്പെട്ട ദിനങ്ങളെക്കുറിച്ചോർത്തു് കരുവാളിച്ച ഹൃദയവും പേറി സ്ഥാനഭ്രംശം പററിയ അപ്സരസ്സുപോൽ നീ നില്ക്കുന്നതുകാണുമ്പോൾ എന്നിലെ വികാരത്തെ വേദന കീഴടക്കുന്നു. മനസ്സിൽ വേദനയുടെ മരവിപ്പ്.

സ്ഫടികഖണ്ഡംപോലെ രണ്ടു് ഈററു് കണ്ണീർ ദേവനായപ്പിച്ചു് ഇടറുന്ന കാലുകളോടെ ഇഷ്ടപ്പെട്ടതിൽനിന്നും നീ അകന്നു് അകന്നു് പോകുമ്പോൾ എനിക്കു് എന്നെത്തന്നെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. ''വസന്തേ....!'' ഞാനറിയാതെ വിളിച്ചു. ചുണ്ടുകൾ വിറച്ചിരുന്നു, ഹൃദയം ത്രസിച്ചിരുന്നു. നിന്റെ കാൽ ചലിച്ചില്ല. നിമിഷങ്ങൾക്കു് കനം തോന്നി. പൂമ്പൊടിയില്ലാതെവന്ന വണ്ടു് തേൻ കുടിച്ചു. നിന്നിലെ അണ പൊട്ടിയൊഴുകി. നീയെല്ലാം സമപ്പിക്കാൻ തെയ്യാറായവളെപ്പോലെ വിളിച്ചു. ''ചേട്ടാ....!'' ഹൃദയത്തിൽ, മനസ്സിൽ അഗ്നിസ്ഫുലിംഗങ്ങൾ ''ഞാൻ നിന്നെ വിവാഹം കഴിക്കാം'' വാക്കുകൾ എവിടുന്നോ ഉരുത്തിരിഞ്ഞുവന്നു. നിന്റെ കരയാൻമാത്രം അറിയാവുന്ന കണ്ണിലെ കണ്ണുനീർ തുടച്ചു. ''നീ പോ, ഞാൻ നിന്റെ വീട്ടിൽ വരാം'' നീ ആശ്വാസത്തോടെ ഒരു ചുമടിറക്കിവെച്ച ചുമട്ടുകാരന്റെ ആയാസത്തോടെ പ്രഭാതത്തിലെ ഈറൽകാററേററു നടന്നു. നിന്റെ നടത്തത്തിന്നു് ഒരു പുതിയ താളം, ഒരു പുതിയ ലയം ഉണ്ടായിരുന്നു.

പറഞ്ഞതെന്താണെന്നു് ഓർത്തുവന്നപ്പോൾ ഹൃദയത്തിൽ വേലിയേററമുണ്ടായി. കാററിന്റെ താരാട്ടിൽ ചാഞ്ചാടുന്ന, കുഞ്ഞോളങ്ങൾ തഴുകി ശാന്തമായി ഒഴുകുന്ന നദിയിൽനിന്നു്, വേലിയേററമുള്ള, കോളുള്ള, ചുഴിയുള്ള സമുദ്രത്തിലേക്കു് ഒഴുകാൻ തയ്യാറായി. ഗ്രാമത്തിൽ നിന്നു പട്ടണത്തിലേക്കു്. വസന്തേ നിനക്കു് ശാപമോക്ഷം ലഭിച്ചിട്ടില്ല. നീയും വണ്ടിക്കാളയും ഒരുപോലെയാണ്. കാള ഭാരം പേറുന്നു. നീ ദുഃഖം പേറുന്നു.

# വിശ്വാസം

**അഷ്റഫ്, പൂന്തൂർ, II B. Com.**

"ഇനിയുമിതനുവദിച്ചുകൂട, കുറെ ദിവസമായി സഹിക്കുന്നു."

കുഞ്ഞോനാച്ചൻ പിറുപിറുത്തു.

"ഇന്നാട്ടിൽതന്നെ എതിർത്തു്പറഞ്ഞ ഒരാളെപ്പററി താനിന്നേവരെ കേട്ടിട്ടില്ല, പിന്നെയല്ലേ അവൻ."

—കുഞ്ഞോനാച്ചനു് കലികയറുകയായിരുന്നു. അയാൾ കൈകൾ കൂട്ടിത്തിരുമ്മി. നെററി ചുളിച്ചു. വരാന്തയിലങ്ങോട്ടുമിങ്ങോട്ടും ഉലാത്താൻ തുടങ്ങി.

അന്നാമ്മച്ചേടത്തി വേദനിച്ചു. എത്രയോ, എത്രയോ മുൻപു് തുടങ്ങിയതാണീ വേദന.

കുഞ്ഞോനാച്ചനും അന്നാമ്മച്ചേടത്തിയും വലിയ വിശ്വാസികളാണു്. ദൈവവിശ്വാസമാണു് അവരുടെ ജീവിതവിജയത്തിൻെറ രഹസ്യമെന്നു് നാട്ടുകാർ പറയുന്നു.

നാട്ടുകാരെന്തുപറഞ്ഞാലും ശരി, കുഞ്ഞോനാച്ചൻ നാട്ടിലെ ഒരു പ്രധാനിയാണെന്ന കാര്യം തർക്കമററതാണു്. അതുപോലെതന്നെ അന്നാമ്മച്ചേടത്തി നാട്ടുകാരുടെ എല്ലാവരുടെയും 'ചേടത്തിയും.'

അന്നാമ്മച്ചേടത്തിക്കു ഒരു പ്രത്യേകതയുണ്ടു്, നാട്ടിലുള്ള ഈ ദാരിദ്ര്യമെല്ലാമങ്ങു് കാണുമ്പോൾ വേഗം മനസ്സലിയും. "വീട്ടിലുണ്ടില്ലെങ്കിലും വേണ്ടില്ല, അയലത്തുള്ളവർ പട്ടിണി കിടക്കരുതു്" എന്നതാണവരുടെ തത്വം.

അന്നാമ്മച്ചേടത്തിയുടെ ഈശ്വരഭക്തികൊണ്ടാണു് കുഞ്ഞോനാച്ചനു് ഇത്ര പേരും പ്രതാപവുമൊക്കെക്കിട്ടിയതെന്നു് ഒരുകൂട്ടർ പറയുന്നുണ്ടു്.

കുഞ്ഞോനാച്ചനു് അതിലെതിർപ്പില്ലെന്നുള്ളതാണു് മറെറാരു തമാശ. ഇതു് കേൾക്കുമ്പോൾ അദ്ദേഹമൊന്നൂറിച്ചിരിക്കും, എല്ലാം സമ്മതിക്കുന്നു എന്ന മട്ടിൽ.

നാട്ടിലുള്ള 'വേണ്ടാതീനങ്ങൾ'ക്കൊക്കെ കുഞ്ഞോനാച്ചൻ എതിരാണു്. നാട്ടുകാർക്കു വേണ്ടി എന്തുചെയ്യാനും ഒരുക്കമാണെങ്കിൽകൂടി ഇന്നത്തെ 'ചെറുപ്പക്കാരുടെ ഒരുതരം പേക്കൂത്തുകൾ' അദ്ദേഹം ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല.

ചെറുപ്പക്കാരായ ഒരുപററം ആളുകൾ മാത്രമായിരുന്നു നാട്ടിലദ്ദേഹത്തെ എതിർത്തിരുന്നതു്. പക്ഷെ ഒന്നു തീർച്ചയാണു്. അദ്ദേഹത്തിൻെറ മുഖത്തുനോക്കി നാലക്ഷരം പറയാൻ ധൈര്യമുള്ള ഒരുവനും അവിടെ ഉണ്ടായിരുന്നില്ല.

അദ്ദേഹത്തിനിനിയും ഒരു തീരുമാനത്തിലെത്താൻ കഴിഞ്ഞില്ല. എന്താണു് ചെയ്യേണ്ടതെന്നു് ഒരു പിടിയും കിട്ടിയില്ല. അദ്ദേഹം ദ്വേഷ്യം അമർത്തിക്കൊണ്ടു് ബാബുവിൻെറ പ്രവർത്തനങ്ങളെപ്പററി വീണ്ടും ചിന്തിച്ചു.

അന്നാട്ടിലദ്ദേഹത്തെ ഏററവും കൂടുതലായി എതിർത്തിരുന്ന ആൾ ബാബുവായിരുന്നു! കുഞ്ഞോനാച്ചൻെറയും അന്നാമ്മച്ചേടത്തിയുടേയും ഏകപുത്രൻ!!

"വയസ്സു് പത്തിരുപത്തഞ്ചായില്ലേ. എനിയെങ്കിലും നാലുകാശുണ്ടാക്കാൻ നോക്കു്"

എന്നു് കുഞ്ഞോനച്ചൻ പറയുമ്പോൾ ''അച്ഛൻ സമ്പാദിച്ചതുതന്നെ മതി എനിക്കു് ജീവിതാവസാനംവരെ കഴിയാൻ'' എന്നായിരുന്നു ബാബുവിൻെറ മറുപടി.

ബാബു ഒരു പ്രത്യേക ടൈപ്പാണു്.

കോളേജിലയക്കണമെന്നു് അച്ഛനമ്മമാൎക്കു് ആഗ്രഹമില്ലാഞ്ഞിട്ടല്ല, പഠിക്കാൻ പററിയവനല്ല താൻ എന്നു് അവനുതന്നെ തോന്നിയതുകൊണ്ടാണു് ബാബു കോളേജിൽ ചേരാതിരുന്നതു്.

നാട്ടിലെ 'കലാസാംസ്കാരിക' മണ്ഡലങ്ങളാണു് ബാബുവിൻെറ ലോകം. ഇവിടെയാണു് അവനുമായുള്ള പ്രധാന ഏററുമുട്ടലുകളും.

''കലയുംകൊണ്ടുനടന്നിട്ടുള്ളവരാരും നന്നായിത്തീൎന്നിട്ടില്ലെടാ'' — മുറുമുറുപ്പു് കേൾക്കുമ്പോൾ ബാബുവിനു് ചിരിയാണു് വരിക.

''ചേട്ടനാവായനശാലേടെ മോളീകാണും'' — ബാബുവിൻെറ സഹോദരി ചിന്നമ്മയുടെ അഭിപ്രായം എപ്പോഴും ശരിയാണു്.

ബാബുവിനെ ഇരുട്ടുന്നതിനുമുമ്പായി കാണണമെന്നുണ്ടെങ്കിൽ ''യുവജനവായനശാലയിൽ'' അന്വേഷിച്ചാൽ മതി. പക്ഷെ ഈ അടുത്തകാലത്തായി കുഞ്ഞോനച്ചൻ അവനെ അന്വേഷിക്കുക എന്ന ജോലിതന്നെ അവസാനിപ്പിച്ചിരിക്കയാണു്.

അമ്മക്കായിരുന്നു ബാബുവിൻെറ കാൎയ്യത്തിൽ കൂടുതൽ വേദന.

''ഇവനിങ്ങനെ വളൎന്നാൽ നാലാളിവനെക്കൊണ്ടെന്തുപറയും''— ആ അമ്മ വേദനിച്ചു.

അമ്മയുടെയോ അച്ഛൻെറയോ വേദന ബാബുവിനു് പ്രശ്നമല്ലായിരുന്നു.

ബാബുവിൻെറ ''യുക്തിവാദ''മായിരുന്നു അമ്മയേയും അച്ഛനേയും വേദനിപ്പിച്ചിരുന്ന ഏററവും വലിയ സംഗതി.

അന്നാട്ടിലെ ഏററവും വലിയ ദൈവവിശ്വാസികളായ കുഞ്ഞോനച്ചൻേറയും അന്നാമ്മച്ചേടത്തിയുടെയും മകൻ 'ഇങ്ങനെ'യായതിൽ മുതിൎന്ന വൎഗ്ഗം ആശ്ചൎയ്യപ്പെട്ടു.

''എല്ലാം തികഞ്ഞവരുണ്ടാവില്ലല്ലോ, അവരുടെ തലേവിധി'' — അവർ ആശ്വസിച്ചു.

മകനെന്തായാലുംവേണ്ടില്ല, ഒരു അവിശ്വാസിയായതിലാണു് അന്നാമ്മച്ചേടത്തിയുടെ വലിയ ദുഃഖം.

പക്ഷേ, ബാബു അമ്മയുടെയോ അച്ഛൻെറയോ വാദങ്ങൾ ചെവിക്കൊണ്ടില്ല. അവരുടെ വേദനകൾ അവൻ മനസ്സിലാക്കിയില്ല.

അവൻ യുക്തിപരമായി ചിന്തിച്ചു. യുക്തിവാദത്തെക്കുറിച്ചു പ്രസംഗിച്ചു. യുക്തിപൂൎവ്വം പ്രവൎത്തിച്ചു.

''ഈ യുഗത്തിൽ യുക്തിക്കല്ലാതെ മററൊന്നിനും സ്ഥാനമില്ലെന്നവൻ'' അച്ഛൻെറ മുഖത്തുനോക്കിപ്പറഞ്ഞു.

കുഞ്ഞോനച്ചൻ പല്ലുകടിച്ചു. അന്നാമ്മച്ചേടത്തി കണ്ണീർ തുടച്ചു. ചിന്നമ്മമാത്രം ഊറിച്ചിരിച്ചു.

അന്നാമ്മച്ചേടത്തി തനിക്കു് വിശ്വാസമുള്ള എല്ലാ പള്ളികളിലേക്കും 'നേൎച്ച'കൾ നേൎന്നു. അടുത്തുള്ള പള്ളിയിലെ അച്ചൻെറ അടുത്തു പോയി പറഞ്ഞുനോക്കി— ബാബുവിനു് നേർവഴി ഉപദേശിക്കാൻ.

പക്ഷെ, താൻ പറഞ്ഞാൽ ബാബു അനുസരിക്കണമെന്നില്ല എന്നു് മനസ്സിലാക്കിയ അച്ചൻ ബാബുവിനെ വിളിച്ചുപദേശിച്ചില്ല. അന്നാമ്മച്ചേടത്തിയെ ആശ്വസിപ്പിച്ചയച്ചു.

''പ്രായം തികയുമ്പോൾ ബുദ്ധി തെളിഞ്ഞുവരാൻ പോയി പ്രാൎത്ഥിക്കു''— അച്ചൻെറ വാക്കുകളിൽ അന്നാമ്മച്ചേടത്തി ആശ്വാസം കണ്ടെത്തി.

ദിവസം കടന്നുപോകുന്നതിനനുസരിച്ചു് ബാബു കൂടുതൽ കൂടുതൽ യുക്തിവാദിയാവുകയായിരുന്നു. അവിശ്വാസിയാവുകയായിരുന്നു.

കുഞ്ഞോനച്ചൻ അവൻ തൻെറ മകനല്ലെന്നു് ഉറക്കെപ്പറഞ്ഞു. ആ അമ്മ വേദനിച്ചു.

മകൻ നേർവഴിക്കു് വന്നാൽ ''മണക്കാട്ടു്'' പള്ളിയിൽ ഒരു വെള്ളിക്കുരിശു് നല്കാമെന്നവർ പ്രതിജ്ഞചെയ്തു. പെരുന്നാളിനു് ബാബുവിനെ മണക്കാട്ടു് പള്ളിയിൽ കൊണ്ടുപോകണമെന്നവർ ഉറപ്പിച്ചു.

പക്ഷെ ബാബുവിൻെറ വിശ്വാസങ്ങളെത്തകർക്കാൻ ആർക്കും സാദ്ധ്യമല്ലായിരുന്നു.

അവൻെറ യുക്തിപരമായ വിശ്വാസം വളർന്നുവന്നു. യുക്തിപരമായി അവൻ കൂടുതൽ പഠിച്ചു. നാട്ടിലുള്ള കലാസംസ്കാരിക വിദ്യാഭ്യാസകാര്യങ്ങളിൽ അവൻ കൂടുതലായി ശ്രദ്ധിച്ചു.

ബാബുവിൻെറ കാര്യത്തിൽ അച്ഛനമ്മമാർ ശ്രദ്ധിക്കാതായിത്തുടങ്ങി.

''അവൻ അവൻെറ പാടുനോക്കട്ടെ'' എന്നു് അന്നാമ്മച്ചേടത്തിപോലും വിചാരിച്ചുതുടങ്ങി. പെട്ടെന്നൊരുദിവസം—രാത്രി

ബാബുവിൻെറ അടഞ്ഞുകിടക്കുന്ന മുറി. മുറിയിൽനിന്നും ഒരു ശബ്ദം.

ശബ്ദം കേട്ടപ്പോൾ കുഞ്ഞോനച്ചൻ ശ്രദ്ധിച്ചു. അന്നാമ്മച്ചേടത്തി ശ്രദ്ധിച്ചു. ചിന്നമ്മയും മററുള്ളവരും ശ്രദ്ധിച്ചു.

ബാബുവിൻെറ ശബ്ദം.

''എൻെറ പിതാവേ, എൻെറ തെററുകൾ നീ പൊറുക്കേണമേ, നിൻെറ കരുണ എന്നുമെന്നിലുണ്ടായിരിക്കേണമേ.''

കുഞ്ഞോനച്ചൻ അന്നാമ്മച്ചേടത്തിയുടെ മുഖത്തേക്കു് നോക്കി. ഇരുവരും മിണ്ടുന്നില്ല. തികഞ്ഞ നിശ്ശബ്ദത. എല്ലാവരും ചെവികൂർപ്പിച്ചുപിടിച്ചു് ശ്രദ്ധിക്കുകയാണു്.

''എൻെറ പിതാവെ, നീ എന്നിൽ കരുണ ചെയ്യേണമേ, എൻെറ തെററുകൾ നീ പൊറുക്കേണമേ.''

—വീണ്ടും ബാബുവിൻെറ ശബ്ദം.

കുഞ്ഞോനച്ചൻ സന്തോഷിച്ചു. അന്നാമ്മച്ചേടത്തി ആഹ്ലാദംകൊണ്ടു് വീർപ്പുമുട്ടി. ചിന്നമ്മമാത്രം പുഞ്ചിരിച്ചു.

തങ്ങളുടെ മകൻ നന്നായെന്നു് ആ അച്ഛനമ്മമാർ വിശ്വസിച്ചു. അവൻ ദൈവവിശ്വാസിയായെന്നു് അവർ മനസ്സിലാക്കി. തൻെറ നേർച്ചയുടെ ഫലമാണിതെന്നു് അന്നാമ്മച്ചേടത്തിക്കു് തോന്നി.

ചിന്നമ്മയാണു് ആ വിവരം അവരോടു് പറഞ്ഞതു്. ''ചേട്ടൻ നാടകം പഠിക്കുകയാണു്, വായനശാലയുടെ വാർഷികത്തിനുള്ള നാടകത്തിൽ ചേട്ടനഭിനയിക്കുന്നുണ്ടു്.''

—ചിന്നമ്മ അമർത്തിച്ചിരിച്ചു.